## പൗരോഹിത്യ ശുശ്രൂഷയിൽ

## 25 വർഷങ്ങൾ പിന്നിടുന്ന

## ബഹു. വൈദികർക്ക്

## ആശംസകൾ! പ്രാർത്ഥനാമംഗളങ്ങൾ!



**റവ.ഫാ. തോമസ് പരുന്തനോലിൽ**

പൗരോഹിത്യ സ്വീകരണം 26 – 12 – 1990



**റവ.ഫാ. കുര്യൻ മണിക്കുറ്റിയിൽ**

പൗരോഹിത്യ സ്വീകരണം 27 – 12 – 1990



**റവ.ഫാ. ടോമി കൊച്ചുപാറയ്ക്കൽ**

പൗരോഹിത്യ സ്വീകരണം 29 – 12 – 1990



**റവ.ഫാ. സോമി വടയാപറമ്പിൽ**

പൗരോഹിത്യ സ്വീകരണം 02 – 01 – 1991

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 06 ഫെബ്രുവരി–2015 ലക്കം 2**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


സർക്കുലർ .................................................... 05
സർക്കുലർ .................................................... 09
സർക്കുലർ .................................................... 13
ലോകരോഗീദിന സന്ദേശം .................................... 19
കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും
നൂറ്റി ഒന്നാം ലോകദിനം .................................... 24
റോമിലെ അസാധാരണ സിനഡ് ........................... 29
രൂപതാകച്ചേരി വാർത്തകൾ ................................. 45
സമർപ്പിതവർഷം ............................................... 49
ലഹരിവിമുക്ത വർഷാചരണം ............................ 51
മതബോധനരംഗം ............................................. 54
ചെറുപുഷ്പമിഷൻലീഗ് ....................................... 58
*Department of Youth Ministry* ............................ 62
കെ.സി.വൈ.എം. ............................................... 65
കുടുംബപ്രേഷിതത്വം ......................................... 73
സീയോൻ വാർത്തകൾ ....................................... 76
വിൻസെന്റ് ഡി പോൾ സൊസൈറ്റി ..................... 79
സാമൂഹ്യ സേവനരംഗം (WSSS) ............................ 83
കേരള ലേബർ മൂവ്മെന്റ് .................................... 89
*Mary Matha Arts & Science College* .................... 90
*CEADOM* വിദ്യാഭ്യാസ മേഖല .............................. 92
അറിയിപ്പുകൾ .................................................. 95
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ............................... 96
ബിഷപ്സ് പ്രോഗ്രാം ............................................ 97

# സർക്കുലർ

Prot.No. 0089/2015

സീറോ മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ് ജോർജ്ജ്
ആലഞ്ചേരി മെത്രാപ്പോലീത്ത തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്തമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പി
തർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ !

മനുഷ്യകുലത്തിന്റെ സുസ്ഥിതിക്കും ഭാവിക്കുമായി ദൈവം സ്ഥാപിച്ച നിർണ്ണായകവും അമൂല്യവുമായ കുടുംബത്തെക്കുറിച്ച് വിചിന്തനം നടത്താൻ 2014 ഒക്ടോബർ 5 മുതൽ 19 വരെ റോമിൽ വച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പായുടെ അദ്ധ്യക്ഷതയിൽ ഒരു അസാധാരണ സിനഡ് നടന്നത് മാധ്യമങ്ങളിലൂടെ നിങ്ങൾ അറിഞ്ഞ കാര്യമാണല്ലോ. ഇന്നത്തെ കുടുംബത്തെ അതിന്റെ സർവ്വ സങ്കീർണ്ണതകളോടും പ്രകാശങ്ങളോടും നിഴലുകളോടും കൂടി നോക്കിക്കാണുക, കുടുംബത്തെക്കുറിച്ച് നാളിതുവരെ സഭയ്ക്കുലഭിച്ച വെളിപാടുകളെയും പ്രബോധനങ്ങളെയും മനസ്സിലാക്കുക, കുടുംബത്തോടുള്ള സഭയുടെയും സമൂഹത്തിന്റെയും സമർപ്പണത്തെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ എപ്രകാരമാണ് നവീകരിക്കാൻ സാധിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് അസാധാരണ സിനഡ് സമ്മേളിച്ചത്.

സ്ത്രീയും പുരുഷനും തമ്മിലുള്ള വിവാഹത്തിലെ പവിത്രമായ കൗദാശികബന്ധത്തിന്റെ മഹത്വത്തിനു കോട്ടം വരുത്തുന്ന സാമൂഹികവും സാംസ്കാരികവുമായ പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്നതായി സിനഡ് വിലയിരുത്തി. വിവാഹ മോചനം, വിവാഹപൂർവ്വ ലൈംഗികത,

മിശ്രവിവാഹം, വിവാഹേതര കൂടിത്താമസം തുടങ്ങിയവ കുടുംബബന്ധത്തിന്റെ പവിത്രതയ്ക്കു സാരമായ ഭംഗം വരുത്തുന്നുണ്ട്. കുട്ടികളെ വളർത്താനുള്ള പ്രയാസത്തിന്റെയും പുതിയ ജീവനെ സ്വാഗതം ചെയ്യാനുള്ള വൈമുഖ്യത്തിന്റെയും വാർദ്ധക്യത്തിലെത്തിയവരെ ഭാരമായി കരുതുന്ന ശൈലിയുടെയും ഒരു പ്രതിലോമ സംസ്കാരം നമ്മുടെ കുടുംബങ്ങളിൽ രൂപപ്പെട്ടുവരുന്നത് ദൂരവ്യാപകമായ ദോഷഫലങ്ങൾ ഉളവാക്കുമെന്നും സിനഡ് നിരീക്ഷിക്കുകയുണ്ടായി. വിവാഹബന്ധത്തിനു വെളിയിൽ ജനിക്കുന്ന കുഞ്ഞുങ്ങളും വിവാഹമോചനം നേടിയ ദമ്പതികളുടെ കുഞ്ഞുങ്ങളും സാമൂഹികവും ആത്മീയവുമായി അനുഭവിക്കുന്ന അരക്ഷിതാവസ്ഥ ഭീതിദമാണ്. സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളും കുടുംബഭദ്രതയിൽ ആശങ്ക ഉളവാക്കുന്നതാണ്.

സങ്കീർണ്ണമായ ഈ പ്രതിസന്ധികൾക്കെല്ലാമുള്ള ഉത്തരം മനുഷ്യാവതാരം ചെയ്ത ഈശോയിലേക്കു തിരിയുക എന്നതു മാത്രമാണെന്ന് പരി. പിതാവ് സിനഡിലെ തന്റെ ആമുഖപ്രഭാഷണത്തിൽ ചൂണ്ടിക്കാട്ടി. ദൈവം യോജിപ്പിച്ച ബന്ധമാകയാൽ വിവാഹബന്ധം അഭേദ്യവും അലംഘനീയവുമാണ് (മത്താ. 19:8) എന്ന ഈശോയുടെ കാഴ്ചപ്പാടാണ് തിരുസ്സഭയുടെ വിവാഹദർശനത്തിന്റെ കാതൽ. ഈ കാഴ്ചപ്പാടനുസരിച്ച് ദമ്പതികൾ അന്യോന്യം ഭാരമായിട്ടല്ല ദൈവദാനമായിട്ടാണ് മനസ്സിലാക്കേണ്ടത്. കുടുംബത്തെക്കുറിച്ചുള്ള ദൈവിക പദ്ധതി ആദ്യമായി വെളിപ്പെട്ടത് ആദിമാതാപിതാക്കളുടെ പറുദീസായിലെ കുടുംബത്തിലാണ്. ഫലപുഷ്ടിയുള്ളവരായി വർദ്ധിക്കുവാനുള്ള കൃപയും ദൈവം അവർക്കു നല്കി (ഉത്പത്തി 1:28). ദമ്പതികൾ ഒറ്റ ശരീരമായിത്തീരാനുള്ള ഈ ദൈവികാഹ്വാനത്തിന് ഭംഗം വന്നത് പാപം മൂലമാണ്. എവിടെയാണോ സ്വാർത്ഥപരമായ പാപം വർദ്ധിക്കുന്നത് അവിടെയാണ് വിവാഹവും കുടുംബജീവിതവും അപകടത്തിലാകുന്നത് എന്ന സനാതനമായ സന്ദേശമാണ് വിശുദ്ധഗ്രന്ഥം നല്കുന്നത്.

ഭദ്രമായ കുടുംബങ്ങളാണ് സഭയുടെ യഥാർത്ഥ അടിത്തറ എന്നതിനാൽ രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെ ഗാർഹിക സഭ എന്നാണ് വിളിക്കുന്നത് (LG, 11). 2014-ലെ സിനഡിന്റെ മാർഗ്ഗരേഖ പ്രസ്താവിക്കുന്നതുപോലെ, സഭയൊന്നാകെ വിവാഹിതരായ

ദമ്പതികളിലേക്ക് പ്രത്യാശയോടെ ഉറ്റുനോക്കുകയാണ്. ദമ്പതികളാകട്ടെ ഈശോയിലേക്കും ഉറ്റുനോക്കുന്നു. മനുഷ്യവംശത്തിന്റെ കൂട്ടായ്മയ്ക്കും നിലനില്പിനും കുടുംബം അടിസ്ഥാനപരമായ അനിവാര്യതയാണ് (LM, 22).

മാതാവും ഗുരുനാഥയുമായ സഭ മാമ്മോദീസ സ്വീകരിച്ചവരുടെ വിവാഹത്തെമാത്രമാണ് അലംഘനീയമായ കൗദാശികബന്ധമായി പരിഗണിക്കുന്നത്. ഇതിനെ ലംഘിക്കുന്ന സകല മാനുഷിക ഇടപെടലുകളും തെററാണെന്ന് സഭയ്ക്ക് ഉത്തമബോധ്യമുണ്ട്. എന്നാൽ വിവാഹമോചനം, മിശ്രവിവാഹം, കൂടിത്താമസം തുടങ്ങിയ വിവിധ പ്രതിസന്ധികളാൽ വിശ്വാസയാത്രയിൽ ക്ലേശിക്കുന്ന തന്റെ മക്കളുടെ ദൗർബല്യത്തെക്കുറിച്ച് സഭാമാതാവിന് വേദനയുമുണ്ട്.

2014-ലെ സിനഡിലെ ചർച്ചകളെ അടിസ്ഥാനപ്പെടുത്തി രൂപപ്പെടുത്തിയ മാർഗ്ഗരേഖയാണ് 2015 ഒക്ടോബർ 4 മുതൽ 25 വരെയുള്ള മെത്രാൻസിനഡിന്റെ ഒരുക്കരേഖയായി പരി. പിതാവ് നിർദ്ദേശിച്ചിരിക്കുന്നത്. ***കുടുംബത്തിന്റെ വിളിയും ദൗത്യവും സഭയിലും ആനുകാലിക ലോകത്തിലും*** എന്നതാണ് 2015 ലെ സാധാരണ സിനഡിന്റെ പ്രമേയം. ഈ സിനഡിൽ സാർവ്വത്രികസഭയിലെ മുഴുവൻ അംഗങ്ങളുടെയും ആശയങ്ങളും അഭിപ്രായങ്ങളും പ്രതിഫലിക്കണം എന്നതാണ് പരി. പിതാവിന്റെ ആഗ്രഹം. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുവാനായി സിനഡിന് ഒരുക്കമായുള്ള മാർഗ്ഗരേഖ സഭയുടെ എല്ലാ തലങ്ങളിലും ചർച്ച ചെയ്യേണ്ടതുണ്ട്. ഇടവക, ഫൊറോന, രൂപതാ തലങ്ങളിൽ സമഗ്രമായ ചർച്ചകൾ നടത്തി രൂപതാതല റിപ്പോർട്ട് ക്രോഡീകരിച്ച് മാർച്ച് 20 ന് മുൻപായി സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിലെ കാര്യാലയത്തിലേക്ക് അയച്ചുതരണം. കൂടാതെ മാർച്ച് 24-ാം തീയതി മൗണ്ട് സെന്റ് തോമസിൽ വച്ച് കുടുംബത്തെക്കുറിച്ച് സഭാതല പഠനസമ്മേളനവും നടത്തുന്നുണ്ട്.

സന്യാസസമൂഹങ്ങളും ഈ വിഷയം ചർച്ച ചെയ്ത് സമൂഹതലത്തിലുള്ള റിപ്പോർട്ട് പ്രസ്തുത തീയതിക്കു മുൻപായി സഭാകാര്യാലയത്തിൽ ഏല്പിക്കണം. കാരണം, സീറോ മലബാർ സഭയിലെ മുഴുവൻ രൂപതകളുടെയും സന്യാസഭവനങ്ങളുടെയും റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ഏപ്രിൽ ആദ്യവാരത്തിൽ റോമൻ കൂരിയായിൽ സമർപ്പിക്കേണ്ടതാണ്.

നമ്മുടെ രക്ഷക്കായി നസ്രത്തിലെ തിരുക്കുടുംബത്തിൽ അവതരിക്കുകയും ദൈവപിതാവിന്റെ വലിയ കുടുംബത്തിലെ മക്കളാക്കി നമ്മെ ഉയർത്തുകയും ചെയ്ത ഈശോ നമ്മുടെ കുടുംബങ്ങളെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് എല്ലാ കുടുംബങ്ങളെയും ആശീർവദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**കർദ്ദിനാൾ ജോർജ് ആലഞ്ചേരി,**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2015-ാം ആണ്ട് ജനുവരി മാസം 18 -ാം തിയതി നൽകപ്പെട്ടത്.

---

**NB:- ഈ സർക്കുലർ സൗകര്യപ്രദമായ ഒരു ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

## പ്രത്യേകശ്രദ്ധയ്ക്ക്

മേജർ ആർച്ച് ബിഷപ്പിന്റെ സർക്കുലറിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ സിനഡിനൊരുക്കമായുള്ള മാർഗ്ഗരേഖയെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുവാനായി നൽകിയിരിക്കുന്ന ചോദ്യാവലിക്ക് പേജ് 29-44 കാണുക. ഈ ചോദ്യാവലി പാരിഷ് കൗൺസിലിലും സന്യസ്ത സമൂഹങ്ങളിലും സംഘടനകളിലും ചർച്ച ചെയ്ത് റിപ്പോർട്ട് മാർച്ച് 10 ന് മുമ്പായി പാസ്റ്ററൽ സെന്ററിലുള്ള ഫാമിലി അപ്പോസ്റ്റലേറ്റ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**

പ്രോട്ടോസിഞ്ചെല്ലൂസ്

# തിരുബാലസഖ്യദിനം

## 2015 ഫെബ്രുവരി 8

### കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ ഏറ്റവും പ്രിയപ്പെട്ട മാതാപിതാക്കൻമാരേ, സഹോദരീ സഹോദരൻമാരേ, കുഞ്ഞുമക്കളേ,

1. ഫെബ്രുവരിയിലെ രണ്ടാമത്തെ ഞായറാഴ്ചയാണ് എല്ലാ വർഷവും തിരുബാലസഖ്യദിനമായി ആഗോളകത്തോലിക്കാസഭ ആചരിക്കുന്നത്. ബാല്യം മുതലേ ഈശോ മാതാപിതാക്കൻമാർക്ക് വിധേയനായി ജീവിച്ചുവെന്ന കാര്യം ഈ സുദിനത്തിൽ നമ്മുടെയെല്ലാം പരിചിന്തനത്തിനു വിധേയമാകണം.

2. നസ്രത്തിൽ യൗസേപ്പുപിതാവും പരിശുദ്ധകന്യകാമറിയവും ഉണ്ണിയേശുവിൽ തിരുബാലനെ കണ്ടെത്തുന്നത് അവരുടെ ദൈവപദ്ധതിയുമായുള്ള പങ്കുചേരലിലാണ്. ഇന്നത്തെ മാതാപിതാക്കൻമാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. ശുഭമായ ഭാവിക്കുവേണ്ടിയുള്ള ദൈവികപദ്ധതിക്ക് കൂട്ടുനിൽക്കുവാൻ മാതാപിതാക്കൻമാർ എപ്പോഴും ശ്രദ്ധിക്കേണ്ടതുണ്ട്.

3. കുട്ടികൾ പാറമേൽ പണിത ഭവനങ്ങൾ പോലെയാകണം. മാതാപിതാക്കൻമാരുടെ വിശ്വാസതീക്ഷ്ണതയും ആഴപ്പെട്ട ബോധ്യങ്ങളുടെ ദൃഢമായ സ്നേഹവുമുള്ള പാറമേൽ വേണം ബാല്യങ്ങളും കൗമാരങ്ങളും രൂപപ്പെടുവാൻ. രക്ഷകനായ യേശുവിൽ ദൃഢമായി വിശ്വസിക്കുകയും കത്തോലിക്കാ സഭാചൈതന്യത്തിൽ ആയിരിക്കുകയും സാമൂഹിക പ്രതിജ്ഞാബദ്ധതയോടെ ജീവിക്കുകയും ചെയ്യുക എന്നത് ഈ ആഴപ്പെട്ട ജീവിതത്തിന് ആവശ്യമാണ്. ദൈനംദിന കുടുംബ

പ്രാർത്ഥനയും കൗദാശിക ജീവിതവും കുട്ടികളുടെ മതബോധനവും ഒക്കെ പ്രത്യേകം ശ്രദ്ധിക്കേണ്ട മേഖലകളാണ്.

4. ഇനി ഒരു സമർപ്പണ ചിന്തയാണ്. വളർത്തുന്നവൻ ദൈവമാണ് എന്ന സത്യം തിരിച്ചറിയുമ്പോൾ പരിശുദ്ധ അമ്മ ചെയ്തതുപോലെ ഓരോ കുഞ്ഞിനെയും ദൈവാലയത്തിൽ കൊണ്ടു ചെന്ന് ദൈവത്തിന് കാഴ്ചവയ്ക്കും. അതായത്, ദൈവപദ്ധതിക്ക് പൂർണ്ണമായും കുട്ടികളെ വിട്ടുകൊടുക്കും. അവരുടെ ജീവിതപാതകളെ മെനയുന്ന കർത്താവിന് അവരെ വിട്ടുകൊടുക്കുമ്പോൾ വിടുതലിന്റെ സ്വാതന്ത്ര്യവും നല്ല ദൈവത്തിലുള്ള കൂടുതലായ ആശ്രയ ബോധവും അവർക്ക് സ്വന്തമാകും. പൗരോഹിത്യ സന്ന്യാസ ജീവിതാന്തസിലേക്കു നീങ്ങാനാഗ്രഹിക്കുന്ന കുട്ടികളുടെ മാതാപിതാക്കൻമാരും ബന്ധുക്കളും സുഹൃത്തുക്കളും അവരെ അതിന് അനുയോജ്യമായ രീതിയിൽ കൈപിടിക്കേണ്ടതാണ്. അതിനു തയ്യാറാവാതെ അവരുടെ സ്വപ്നങ്ങളെ വിലയിടിച്ചുകാണിക്കുകയും അവരെ അതിൽനിന്ന് പിന്തിരിപ്പിക്കുകയും ചെയ്യുന്നവർ ദൈവപദ്ധതിയോട് പടപൊരുതുകയാണ് ചെയ്യുന്നത്. കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത് എന്നത് ഒരു ദൈവകല്പനയായി നാം തിരിച്ചറിയണം.

5. ഓരോകുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തിരഞ്ഞെടുക്കുവാൻ മാതാപിതാക്കൻമാരും അവരോട് ചേർന്ന് അദ്ധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. ഒരു വൈകാരിക വിസ്ഫോടനത്തിനു ശേഷമോ, മാതാപിതാക്കളുടെയും മുതിർന്നവരുടെയും പ്രീതിക്കുവേണ്ടിയോ ആവരുത് ഈ തിരഞ്ഞെടുപ്പുകൾ കുട്ടികൾ നടത്തുന്നത്. സമാധാനപൂർണ്ണവും സർഗ്ഗാത്മകവുമായ ഭാവിക്ക് ശരിയായ തിരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആദ്ധ്യാത്മിക ഗുരുക്കൻമാരും മുന്നോട്ടു വരണം. മക്കളെ നന്നായി വളർത്തുകയെന്നത് കുഞ്ഞുങ്ങൾ ദൈവം തന്ന ദാനമാണ് എന്ന തിരിച്ചറിവിൽ നിന്നു വരുന്ന ഉത്തരവാദിത്വമാണ്. ഇത് കൂടുതൽ തെളിയേണ്ട സാമൂഹിക സാഹചര്യങ്ങളുമാണ് ഇന്നുള്ളത്.

6. കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. ശാരീരികവും ആദ്ധ്യാത്മികവുമായ അപകട മേഖലകൾ കൂടിവരുന്നത് നാം തിരിച്ചറിയണം. പല നഗരങ്ങ

ളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്ന വരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടു ന്നുണ്ട്. മുതിർന്നവർ ലൈംഗികമായി കുട്ടികളെ ദുരുപയോഗം ചെയ്യാ തിരിക്കാനും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്ക് കുട്ടികൾ കടന്നു ചെല്ലാതിരിക്കാനും മാതാപിതാക്കൻമാർ നിതാന്തജാഗ്രത പുലർത്തേ ണ്ടതുണ്ട്.

7. വാട്സ് ആപ്പിലൂടെയും ഫെയ്സ്ബുക്കിലൂടെയും സെൽഫി ഫോട്ടോകൾ എടുത്ത് കുട്ടികൾ തങ്ങളെത്തന്നെ പ്രദർശിപ്പിക്കുന്ന പ്രവണത കൂടിവരുന്നു. തങ്ങളെത്തന്നെ എല്ലാവർക്കും വെളിപ്പെടു ത്തുക വഴി അത്യാഗ്രഹികളായ കഴുകദൃഷ്ടികൾക്ക് അവർ ഇരയാ വുകയാണ്. ഈ മേഖലയിൽ മാതാപിതാക്കളുടെ പ്രത്യേക ശ്രദ്ധ അനിവാര്യമാണ്. സോഷ്യൽ മീഡിയയിലൂടെയും ടെലിഫോൺ ഉപയോ ഗത്തിലൂടെയും കുട്ടികൾ വഴിതെറ്റാതിരിക്കുവാനും പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കുട്ടികളുടെ അസാധാരണമായ പെരുമാറ്റങ്ങളും നിശ്ശബ്ദതകളും ഒക്കെ തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിതമായി നയിക്കു വാൻ എല്ലാ മാതാപിതാക്കൻമാരും ശ്രദ്ധിക്കണം.

8. സാമുദായിക സ്പർദ്ധയും, വർഗ്ഗീയവാദവും, തീവ്രവാദവും, ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ചും പ്രലോഭിപ്പിച്ചും മതംമാറ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതീയുവാക്കളെയും കടത്തിക്കൊണ്ടുപോകുകയും ചെയ്യുന്ന സാഹചര്യങ്ങളും വർദ്ധിച്ചുവ രുന്നു. കത്തോലിക്ക വിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടി ക്കുവാനും ക്രിസതീയ ആദർശങ്ങളിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതാണ്.

9. സഭയോടൊത്തു ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കുട്ടികളെ പഠിപ്പിക്കുകയും വേണം. പൈശാചികവും തെറ്റിക്കുന്നതു മായ മേഖലകളിൽ നിന്നും കുട്ടികളെ ഒഴിവാക്കി നിർത്തുവാൻ സഭ യോടും സഭാതനയരോടും ചേർന്നുനിൽക്കുക, പ്രവർത്തിക്കുക അത്യാ വശ്യമാണ്. കുടുംബയൂണിറ്റുകളുടേയും സഭാസംഘടനകളുടെയും പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാനും സഭാധികാരികളോട് സ്നേഹവും പരിഗണനയും ഉള്ളവരായി വളരാനും കുട്ടികളെ പ്രോത്സാഹിപ്പിക്കണം. സഭാചൈതന്യത്തിൽ കുട്ടികളെ വളർത്തുന്ന

എല്ലാമാതാപിതാക്കന്മാരേയും കേരള കത്തോലിക്കാ മെത്രാൻ സമതി യുടെ പേരിൽ ഞങ്ങളുടെ സ്നേഹവും നന്ദിയും അറിയിക്കുന്നു.

10. തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ നമ്മുടെ കുഞ്ഞു ങ്ങളെ തിരുബാല്യത്തിലേക്ക് ഉയർത്തുവാൻ സഭയുടെ എല്ലാഘടക ങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ ഇടയാകണം. അതിനാൽ പ്രിയ സഹോദരങ്ങളേ, നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്രനന്മയ്ക്കായി ശക്ത മായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിൻ മുകളിലെ പ്രകാശഗോപുരങ്ങ ളായി നമ്മുടെ കുട്ടികൾ വളരട്ടെ.

സ്നേഹപൂർവ്വം,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ
**ബിഷപ്പ് യൂഹാനോൻ മാർ ക്രിസോസ്റ്റോം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ
**ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2015 ഫെബ്രുവരി മാസം 8-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 01/2015***
***Prot. No. 16798/2015***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ഒരു കത്തോലിയ്ക്കാ വിശ്വാസിയെ സംബന്ധിച്ചിടത്തോളം നാല് തരത്തിലുള്ള ജീവിതാന്തസ്സുകൾ തെരഞ്ഞെടുക്കാവുന്നതാണ്. കുടുംബജീവിതം, ഏകസ്ഥജീവിതം, സമർപ്പിതജീവിതം, വൈദിക ജീവിതം എന്നിവയാണത്. അധികം പേരും തെരഞ്ഞെടുക്കുന്നത് കുടുംബ ജീവിതം തന്നെയാണ്. വളരെ ചുരുക്കം ചിലർ ഏകസ്ഥജീവിതവും തെരഞ്ഞെടുത്തെന്ന് വരാം. കുറേപ്പേർ സമർപ്പിതജീവിതവും മറ്റ് ചിലർ വൈദികജീവിതവും തെരഞ്ഞെടുക്കുന്നു. സമർപ്പിതജീവിതത്തിൽ തന്നെ വൈദികരാകുന്നവരും ആകാത്തവരുമുണ്ട്. വൈദികരല്ലാത്ത പുരുഷന്മാരായ സമർപ്പിതജീവിതം തെരഞ്ഞെടുക്കുന്നവർ (ബ്രദേഴ്സ് എന്ന് വിളിക്കപ്പെടുന്നവർ) ആ ജീവിതത്തിലേയ്ക്ക് കടന്ന് വരുന്നത് വൈദികരാകാൻ പറ്റാത്തതുകൊണ്ടല്ല, പ്രത്യുത, അവരത് ഇഷ്ടപ്പെട്ടിട്ടാണ്. ഈ ജീവിതാന്തസ്സുകൾ തെരഞ്ഞെടുക്കാൻ ഓരോരുത്തർക്കും സ്വാതന്ത്ര്യമുണ്ടെങ്കിലും ദൈവത്തിന്റെ ദാനമാണ് അവയെന്ന വസ്തുതയും നാം അനുസ്മരിക്കേണ്ടതുണ്ട്. അതിനായി ഓരോ വ്യക്തിക്കും പരിശുദ്ധാത്മാവിനോട് തുറവിയുണ്ടാകുകയും വേണം.

സമൂഹത്തിന്റെ തുടർച്ചയ്ക്ക് കുടുംബജീവിതം ആവശ്യമായിരിക്കുന്നതുപോലെ വിശ്വാസജീവിതത്തിന്റെ തുടർച്ചയ്ക്ക് പൗരോഹിത്യം അത്യന്താപേക്ഷിതമാണ്. ഈ ലോകത്തിലാണ് നമ്മൾ ജീവിക്കുന്നതെങ്കിലും ഈ ലോകത്തിന്റേതാകാതെ ജീവിക്കാം എന്ന് നമ്മെ പഠിപ്പിച്ച് തരുന്നതും സ്വർഗ്ഗത്തിന്റെ അനുഭവം ഈ ലോക ജീവിതത്തിൽ തന്നെ നമുക്കുണ്ടാകാം എന്ന് കാണിച്ച് തരുന്നതുമായ ജീവിതമാണ് സമർപ്പിതജീവിതം. സ്വർഗ്ഗം എന്നത് യാഥാർത്ഥ്യമാണ് എന്ന് അവരുടെ ജീവിതം സാക്ഷ്യം നൽകുന്നു. കത്തോലിയ്ക്കാ വിശ്വാസജീവിതത്തിൽ മേൽപ്പറഞ്ഞ നാല് ജീവിതാന്തസ്സുകൾക്കും സ്ഥാനമുണ്ട്.

സാധാരണയായി യുവത്വത്തിന്റെ പ്രാരംഭത്തിൽ തന്നെ ജീവിതാന്തസ്സ് ഏതെന്ന് ഒരാൾ നിശ്ചയിക്കേണ്ടതുണ്ട്. കാരണം അതിനനുസരിച്ച് വേണം പിന്നീടുള്ള വിദ്യാഭ്യാസവും പരിശീലനവുമെല്ലാം നേടാൻ. മാനസികമായി ആ രീതിയിൽ വ്യക്തികളെ ഒരുക്കേണ്ടതുണ്ട്. സ്കൂൾ വർഷം തീരാൻ പോകുകയാണ്. പത്താം ക്ലാസിലും പന്ത്രണ്ടാം ക്ലാസിലും പഠിക്കുന്ന കുട്ടികൾ തങ്ങൾ തെരഞ്ഞെടുക്കാൻ പോകുന്ന ജീവിതാന്തസ്സിനെപ്പറ്റി ഗൗരവപൂർവ്വം ചിന്തിക്കേണ്ട സമയമാണിത്. ഈ പ്രക്രിയയിൽ മാതാപിതാക്കളും അധ്യാപകരും ബന്ധുമിത്രങ്ങളും അവരെ സഹായിക്കുകയും വേണം. ജീവിതത്തിൽ പാളിച്ചകൾ ഒഴിവാക്കാൻ ശരിയായ തെരഞ്ഞെടുപ്പ് ആവശ്യമാണ്.

ഈ വർഷം സമർപ്പിതരുടെ വർഷമായി പരിശുദ്ധ പിതാവ് പ്രഖ്യാപിച്ചിരിക്കുകയാണ്. സമർപ്പിത ജീവിതത്തിന്റെ മങ്ങിയ ശോഭ വീണ്ടെടുക്കാനുള്ള അവസരമാണിത്. കൂടുതൽ കുട്ടികൾ സമർപ്പിത ജീവിതം തെരഞ്ഞെടുത്തുകൊണ്ടാണ് അത് സാധിക്കേണ്ടത്. അതിനായി മാതാപിതാക്കൾ അവരെ പ്രോത്സാഹിപ്പിക്കുകയും വേണം. പ്രത്യേകിച്ച് പെൺകുട്ടികളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ മാതാപിതാക്കളുടെ ഭാഗത്ത് നിന്ന് ഉണ്ടാകണം. അതുപോലെ തന്നെ ബ്രദർഹുഡ് എന്ന് പറയുന്ന സമർപ്പിതജീവിതത്തിലേയ്ക്കും യുവാക്കൾ കടന്ന് വരണം. സമർപ്പിതജീവിതമെന്നാൽ വൈദികജീവിതമല്ല എന്ന വസ്തുത കുട്ടികളെ പറഞ്ഞ് മനസ്സിലാക്കേണ്ടതുണ്ട്.

സമർപ്പിതജീവിതത്തിനെന്നപോലെ തന്നെ ഇടവകവൈദികരാകാനും മിടുക്കരായ ധാരാളം പേർ കടന്നു വരണം. ഇന്ന് പാശ്ചാത്യ ലോകത്ത് കാണുന്ന വൈദികരുടെ അഭാവം എന്ന പ്രതിഭാസം നമ്മുടെ നാട്ടിലും അധികം താമസിയാതെ വന്നു കൂടായ്കയില്ല. അഞ്ചും ആറും ഇടവകകൾക്ക് ഒരു വൈദികൻ എന്നതാണ് മിക്ക പാശ്ചാത്യ രാജ്യങ്ങളിലേയും സ്ഥിതി. മാസത്തിൽ ഒരു കുർബാന പോലും ഇല്ലാത്ത ഇടവകകളും അവിടെ ഉണ്ട്. ആ സാഹചര്യത്തിൽ അത്യാവശ്യകാര്യങ്ങൾ പോലും നിർവ്വഹിച്ച് കൊടുക്കാൻ വൈദികർക്ക് കഴിഞ്ഞെന്ന് വരുകയില്ല. അത് പ്രത്യേകിച്ച് ഇളംതലമുറയുടെ വിശ്വാസജീവിതത്തെ വളരെ പ്രതികൂലമായി ബാധിക്കും എന്നത് നിസ്സംശയമാണല്ലോ. നല്ല ഇടവക വൈദികരുടെ അഭാവം നമ്മുടെ ഇടവകകളെ നിർജ്ജീവമാക്കും എന്നത് ഞാൻ പറയാതെ തന്നെ നിങ്ങൾക്കറിയാം.

ഇടവകവൈദികരാകാൻ താത്പര്യമുള്ളവർക്കുള്ള പ്രാഥമിക പരിശീലന കേന്ദ്രമാണ് രൂപതാ മൈനർസെമിനാരി. നമ്മുടെ മൈനർ സെമിനാരി മൗണ്ട് മേരി കോളേജ് എന്നാണ് അറിയപ്പെടുന്നത്. ഒരു വർഷത്തെ പ്രാഥമിക പരിശീലനവും രണ്ട് വർഷം പ്ലസ് വൺ, പ്ലസ് ടു കോഴ്സുകളും കുട്ടികൾക്ക് അവിടെ കൊടുക്കുന്നു. അതിനുശേഷം ഡിഗ്രി പഠനമാണ്. ഇതിനായി ഒരു പൊതുസ്ഥലമില്ല. രൂപതയുടെ വിവിധ സ്ഥാപനങ്ങൾ, ഇടവകകൾ, സ്വന്തംവീട് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുകൊണ്ടാണ് അവർ ഡിഗ്രിപഠനം പൂർത്തിയാക്കുന്നത്. ഏതാനും പേർക്ക് സ്വന്തമായി താമസിച്ച് പഠിക്കാനുള്ള പൊതുസൗകര്യവും രൂപതയിൽ നിന്ന് ചെയ്തുകൊടുക്കുന്നുണ്ട്. ഈ സമയത്തെ ചെലവുകൾക്കുള്ള വക കുട്ടികളുടെ വീട്ടുകാർ തന്നെയാണ് കണ്ടെത്തേണ്ടത്.

മൈനർ സെമിനാരി പരിശീലനത്തിനും ഡിഗ്രി പഠനത്തിനും ശേഷം മൂന്നു വർഷം മേജർ സെമിനാരിയിൽ തത്വശാസ്ത്രപഠനം, പിന്നെ രണ്ട് വർഷം പുറത്ത് പോയി പഠിച്ച് ബിരുദാനന്തരബിരുദം, അതിനുശേഷം നാല് വർഷം ദൈവശാസ്ത്രപഠനം എന്നിങ്ങനെയാണ് നമ്മുടെ രൂപതയിൽ വൈദികപരിശീലന പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

ഇതിൽ പുറത്തു പോയി ബിരുദാനന്തരപഠനം നടത്തുക എന്നത് നമ്മുടെ രൂപതയിൽ മാത്രമുള്ളതാണ്. നമ്മുടെ രൂപതയിൽ ഇപ്രകാരം വൈദികവിദ്യാർത്ഥികൾ രണ്ട് വർഷം പുറത്ത് പോയി സ്വതന്ത്രമായി ജീവിച്ച് ബിരുദാനന്തരബിരുദപഠനം നടത്തണം എന്ന് നിഷ്കർഷിക്കുന്നത് അവർക്ക് പിന്നീട് ഇടവകജീവിതത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളേയും പ്രതിസന്ധികളേയും പക്വതയോടെ നേരിടാനുള്ള കഴിവ് കിട്ടാനും ജീവിതത്തെപ്പറ്റി യാഥാർത്ഥബോധം ഉണ്ടാകാനും വേണ്ടിയാണ്. ഒന്നോ രണ്ടോ കുട്ടികൾ മാത്രമുള്ള ഇന്നത്തെ അണുകുടുംബങ്ങളിൽ മുമ്പ് വലിയ കുടുംബങ്ങളിൽ കുട്ടികൾക്ക് കിട്ടിയിരുന്നതുപോലെയുള്ള ജീവിതപരിശീലനവും മൂല്യബോധവും കിട്ടുന്നില്ല എന്നത് ഒരു വസ്തുതയാണ്. കുടുംബങ്ങളിൽ നിന്ന് കിട്ടാതെ അത് സെമിനാരിയിൽ പറഞ്ഞുകൊടുത്തതുകൊണ്ട് മാത്രം അവർ സ്വീകരിക്കുകയുമില്ല. ജീവിതയാഥാർത്ഥ്യങ്ങളെ നേരിൽ കണ്ട് അവ അനുഭവിക്കുമ്പോൾ മാത്രമാണ് അതവർ ഉൾക്കൊള്ളുന്നത്. അതിനവരെ പ്രാപ്തരാക്കാനുള്ള ഒരു അവസരമായിട്ടാണ് പുറത്തുള്ള താമസത്തെയും പഠനത്തെയും വിഭാവനം ചെയ്തിരിക്കുന്നത്.

ബിരുദാനന്തരബിരുദപഠനത്തിനായി പോകുന്നവർ കഴിയുന്നതും വീട്ടിൽ നിൽക്കരുത് എന്നാണ് പറഞ്ഞിട്ടുള്ളത്. അങ്ങനെ വന്നാൽ ഉദ്ദേശിക്കുന്ന ഫലം അതിൽ നിന്ന് കിട്ടുകയില്ല. അവർ സ്വന്തമായി ഒരു താമസസ്ഥലം കണ്ടെത്തി എവിടെയെങ്കിലും ഒരു ഭാഗികജോലിയും സ്വീകരിച്ച് അതിൽനിന്നുള്ള വരുമാനം കൊണ്ട് ജീവിച്ച് പഠനം പൂർത്തിയാക്കണം എന്നാണ് കൊടുത്തിട്ടുള്ള നിർദ്ദേശം. കാരണം കേവലം ഒരു ഡിഗ്രി എടുക്കുക എന്നതല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. സമയം, പണം തുടങ്ങിയവ ശരിയായി ഉപയോഗിക്കാനും മറ്റ് മനുഷ്യരുമായി മാന്യമായി ഇടപഴകാൻ പഠിക്കാനുമൊക്കെയുള്ള ഒരവസരമായിട്ടാണ് ഈ സമയത്തെ കാണുന്നത്. അതുകൊണ്ട് തന്നെ കുട്ടികൾ കോളേജുകളിൽ പോയി പഠിക്കണമെന്നും ഇല്ല. മാത്രമല്ല, റെഗുലർ കോളേജുകളിൽ പോകുന്നവർക്ക് ജോലി ചെയ്യാൻ സമയവും കിട്ടുകയില്ല.

രൂപതാ മൈനർ സെമിനാരിയിലേയ്ക്ക് അപേക്ഷിക്കാനുള്ള സമയമാണിപ്പോൾ. പത്താം ക്ലാസിൽ പഠിക്കുന്നവരും അതിലുപരി വിദ്യാഭ്യാസയോഗ്യതയുള്ളവരും സത്സ്വഭാവികളും മിടുക്കരുമായ ആൺകുട്ടികളെ സെമിനാരിയിലേയ്ക്ക് പറഞ്ഞു വിടുന്ന കാര്യത്തിൽ മാതാപിതാക്കൾ ശ്രദ്ധിക്കണം. നമ്മുടെ രൂപതാ മൈനർ സെമിനാരിയിലേയ്ക്ക് അപേക്ഷ അയയ്ക്കാൻ വർഷാവസാന പരീക്ഷകൾ കഴിയുന്നത് വരെ കാത്തിരിക്കേണ്ടതില്ല. അപേക്ഷകൾ ബഹുമാനപ്പെട്ട റെക്ടറച്ചന്റെ പേരിൽ അയയ്ക്കുക. അദ്ദേഹത്തിന്റെ വിലാസം: Rev.Fr. Thomas Kachirayil, Mount Mary College, PB No. 1, Mananthavady 670 645. നിങ്ങൾക്ക് അച്ചനെ ഫോണിലും ബന്ധപ്പെടാവുന്നതാണ്. നമ്പർ : 9446892434. അപേക്ഷകൾ വെള്ളക്കടലാസ്സിൽ എഴുതി നിങ്ങളുടെ ഇടവക വികാരിയച്ചന്റെ സാക്ഷ്യത്തോടുകൂടി അയയ്ക്കണം. അതിവിടെ കിട്ടിക്കഴിയുമ്പോൾ വിശദമായ മറ്റൊരു അപേക്ഷാഫോറം അയച്ചുതരും. അത് പിന്നീട് അയച്ചുകൊടുത്താൽ മതി. സ്കൂൾ അടച്ചുകഴിയുമ്പോൾ ദൈവവിളി ക്യാമ്പും മറ്റും ഉണ്ടാകും. അതിലും അപേക്ഷകർ പങ്കെടുക്കണം.

നമ്മുടെ രൂപതയ്ക്കായി ഈ വർഷം 23 മൈനർ സെമിനാരിക്കാരും 36 മേജർ സെമിനാരിക്കാരും ആണ് ഉള്ളത്. അതുപോലെ 9 പേർ തങ്ങളുടെ ഡിഗ്രിപഠനവും 21 പേർ ബിരുദാനന്തരബിരുദപഠനവും നടത്തുന്നുണ്ട്. ഏഴ് പേരാണ് നമ്മുടെ രൂപതയ്ക്ക് വേണ്ടി വൈദികപട്ടം സ്വീകരിച്ചത്.

മുൻകാലങ്ങളിൽ സെമിനാരിയിലെ ചെലവുകൾ വഹിച്ചിരുന്നത് ചില വിദേശ ഏജൻസികളുടെ സഹായത്താലായിരുന്നു. ആ ഏജൻസികൾ പണം കണ്ടെത്തിയിരുന്നത് യൂറോപ്പിലെയും അമേരിയ്ക്കയിലേയും ഇടവകജനങ്ങളിൽ നിന്നായിരുന്നു. എന്നാൽ പല കാരണങ്ങളാൽ അവിടുത്തെ ഇടവകകളിൽ നിന്ന് തുച്ഛമായ തുകകൾ മാത്രമാണ് ഇപ്പോൾ പിരിഞ്ഞ് കിട്ടുന്നത്. അതിനാൽ അവർ തരുന്ന തുക കൊണ്ട് മാത്രം നമ്മുടെ കുട്ടികളുടെ ചെലവുകൾ നടക്കുകയില്ല. പ്രാദേശികമായി നാം പണം കണ്ടെത്തിയേ മതിയാകൂ. ഇപ്പോൾ നമ്മുടെ ഇടവകക്കാരിൽ ധാരാളം പേർ സാമ്പത്തികമായി മറ്റുള്ളവരെ സഹായിക്കാൻ കഴിവുള്ളവരാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങനെയുള്ളവർ നമ്മുടെ സെമിനാരി വിദ്യാർത്ഥികളുടെ പരിശീലനത്തിൽ പങ്കു ചേരണം.


മൈനർ സെമിനാരിയിൽ ഒരു കുട്ടിക്ക് ഏകദേശം 30000 രൂപയും മേജർ സെമിനാരിയിൽ ഏകദേശം 35000 രൂപായും ചെലവാകുന്നു. ഏതാനും വ്യക്തികൾ ഇപ്പോൾ തന്നെ കുട്ടികളുടെ ചെലവിലേയ്ക്ക് സംഭാവനകൾ തരുന്നുണ്ട്. അതുപോലെ ഏതാനും ചില സന്യാസിനീ സമൂഹങ്ങളും അങ്ങനെ ചെയ്യുന്നുണ്ട്. അവരെയെല്ലാം ഏറെ നന്ദിയോടെ ഓർക്കുന്നു. എന്നാൽ അവർ തരുന്നതുകൊണ്ട് ഭാഗികമായി മാത്രമേ ചെലവുകൾ നടത്താൻ കഴിയുന്നുള്ളൂ എന്നതുകൊണ്ട് നാം ഇനിയും ഇക്കാര്യത്തിൽ കൂടുതൽ ഉദാരമതികളാകേണ്ടിയിരിക്കുന്നു.

വൈദികവിദ്യാർത്ഥികളുടെ പരിശീലനച്ചെലവ് നമ്മുടെ ഇടവകകൾ പങ്കു വയ്ക്കുക എന്ന ആശയത്തിലാണ് നാം എത്തിച്ചേർന്നിരിക്കുന്നത്. ചില ഇടവകകൾ ഇപ്പോൾ തന്നെ ഒരു കുട്ടിക്ക് ആവശ്യമായ തുക സമാഹരിച്ച് ഓരോ വർഷവും തരുന്നുണ്ട്. അങ്ങനെ പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ തുക കിട്ടത്തക്കവിധം എല്ലാ ഇടവകകളും സഹകരിക്കണം എന്നാണ് തീരുമാനം.

ഏതാനും വർഷമായി വൈദികവിദ്യാർത്ഥികളുടെ പരിശീലനച്ചെലവിനായി നാം ഒരു പൊതുസംഭാവന സമാഹരണം നടത്തുന്നുണ്ടല്ലോ. ഈ വർഷം അത് ഫെബ്രുവരി മാസം 22-ന് ആണ് നടത്തേണ്ടത്. ഇക്കാര്യം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ മുൻകൂട്ടി പള്ളിയിൽ പറയുകയും അന്നേദിവസം കിട്ടുന്ന തുക എത്രയും വേഗം രൂപതാകേന്ദ്രത്തിൽ എത്തിക്കാൻ ശ്രമിക്കുകയും ചെയ്യണം എന്നഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സംഭാവനകൾക്ക് മുൻകൂട്ടി നന്ദി പറയുന്നു. നിങ്ങൾ

കൊടുക്കുന്ന ഓരോ പൈസയും നിങ്ങൾക്ക് ദൈവാനുഗ്രഹത്തിന്റെ ചാലുകളാകും എന്നത് നിസ്സംശയമാണ്. നിങ്ങൾക്കും നിങ്ങളുടെ കുടുംബങ്ങൾക്കും വലിയ അനുഗ്രഹങ്ങൾ അതുവഴി ലഭ്യമാകും. നിങ്ങളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റാൻ ആവശ്യത്തിന് വൈദികർ ഉണ്ടാകുകയും ചെയ്യും. ഉദാരമായി ഏവരും സംഭാവന ചെയ്യുക. കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2015 ജനുവരി മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2015 ഫെബ്രുവരി മാസം 15-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# ലോകരോഗീദിന സന്ദേശം 11 ഫെബ്രുവരി 2015
# ഇരുപത്തിമൂന്നാം ലോക രോഗീദിനത്തോടനുബന്ധിച്ച്

**ഫ്രാൻസിസ് മാർപാപ്പാ നല്കുന്ന സന്ദേശം**

**ഹൃദയജ്ഞാനം**

**"ഞാൻ കുരുടനു കണ്ണുകളും മുടന്തനു കാലുകളുമായിരുന്നു"**
**(ജോബ് 29:15)**

പ്രിയ സഹോദരീ സഹോദരന്മാരേ,

വിശുദ്ധ ജോൺ പോൾ 2-ാമൻ ആരംഭിച്ച ലോകരോഗീ ദിനാചരണത്തിന്റെ 23-ാം ആചരണമാണ് ഈ വർഷം നടക്കുന്നത്. ഈ സന്ദർഭത്തിൽ, രോഗത്താൽ ഭാരപ്പെട്ടവരും സഹിക്കുന്ന ക്രിസ്തുവിന്റെ ശരീരവുമായി വിവിധ രീതികളിൽ ഐക്യപ്പെട്ടവരുമായ നിങ്ങളിലേക്കും ആരോഗ്യ ശുശ്രൂഷാമണ്ഡലത്തിലെ വിദഗ്ധരിലേക്കും സന്നദ്ധസേവനം ചെയ്യുന്നവരിലേക്കും എന്റെ ശ്രദ്ധ തിരിക്കുന്നു.

ഈ വർഷത്തെ പ്രമേയം ജോബിന്റെ ഗ്രന്ഥത്തിലെ ഒരു വാചകത്തെപ്പറ്റി ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. "ഞാൻ കുരുടന് കണ്ണുകളും മുടന്തനു കാലുകളുമായിരുന്നു" (ജോബ് 29:15) എന്നതാണ് ആ വാചകം. ഹൃദയജ്ഞാനം (*Sapientia Cordis*) എന്നതിന്റെ അടിസ്ഥാന ത്തിൽ ഈ വാചകത്തെപ്പറ്റി പര്യാലോചിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

1. ഈ "ജ്ഞാനം" സിദ്ധാന്തപരവും അമൂർത്തവുമായ അറിവല്ല. യുക്തിവിചാരത്തിന്റെ ഫലമല്ല. വിശുദ്ധ യാക്കോബ് തന്റെ ലേഖനത്തിൽ വിവരിക്കുന്നതുപോലെ, "വിശുദ്ധവും സമാധാന പൂർണവും വിനീതവും വിധേയത്വമുള്ളതും കാരുണ്യവും സത്ഫലങ്ങളും നിറഞ്ഞതുമാണ്"(യാക്കോ 3:17). സഹോദരീ സഹോദരന്മാരുടെ വേദനകൾ അറിയുകയും അവരിൽ ദൈവത്തിന്റെ പ്രതിഛായ കാണുകയും ചെയ്യുന്നവരുടെ മനസ്സുകളിൽ പരിശുദ്ധാത്മാവ് നിക്ഷേപിച്ചിരിക്കുന്ന കാര്യങ്ങൾ കാണുന്ന ഒരു രീതിയാണത്. അതുകൊണ്ട് നമുക്കു സങ്കീർത്തകന്റെ പ്രാർത്ഥന ഏറ്റുചൊല്ലാം: "ഞങ്ങളുടെ ആയുസ്സിന്റെ ദിനങ്ങൾ എണ്ണാൻ ഞങ്ങളെ പഠിപ്പിക്കണമേ. ഞങ്ങളുടെ ഹൃദയം ജ്ഞാനപൂർണമാകട്ടെ" (സങ്കീ 90:12). ദൈവദാനമാകുന്ന ഹൃദയജ്ഞാനം ലോകരോഗീദിനത്തിന്റെ ഫലങ്ങളുടെ സംഗ്രഹമാണ്.

2. ഹൃദയജ്ഞാനമെന്നത് നമ്മുടെ സഹോദരീസഹോദരന്മാർക്ക് സേവനം ചെയ്യുകയെന്നതാണ്. "ഞാൻ കുരുടന്മാർക്കു കണ്ണുകളും മുടന്തനു കാലുകളുമായിരുന്നു" എന്ന ജോബിന്റെ വാക്കുകൾ നീതിമാനായ ആ മനുഷ്യൻ ആവശ്യത്തിൽപ്പെട്ടവർക്കു ചെയ്ത സേവനത്തെ സൂചിപ്പിക്കുന്നു. നഗരത്തിലെ ശ്രേഷ്ഠന്മാരുടെയിടയിൽ അധികാരവും സ്ഥാനവും പ്രാധാന്യവുമുള്ള വ്യക്തിയായിരുന്നു ജോബ്. സഹായം അന്വേഷിച്ചവർക്കു നല്കിയ സഹായത്തിലും അനാഥർക്കും വിധവകൾക്കും ചെയ്ത സേവനത്തിലും അദ്ദേഹത്തിന്റെ ധാർമ്മിക മഹിമ പ്രകടമായി (ജോബ് 29:12–13).

ഇന്നും എത്രയോ ക്രൈസ്തവർ കുരുടന്മാർക്കു കണ്ണുകളും മുടന്തനു കാലുകളും ആണ് തങ്ങൾ എന്ന് കാണിക്കുന്നുണ്ട്. വാക്കുകൾ കൊണ്ടല്ല യഥാർത്ഥവിശ്വാസത്തിൽ വേരുറച്ച ജീവിതംകൊണ്ട് അവർ അങ്ങനെ ചെയ്യുന്നു. അവർ രോഗികളോട് ഉറ്റബന്ധം പുലർത്തുന്നു. സ്ഥിരം ശുശ്രൂഷ ചെയ്യുന്നു. അലക്കാനും വസ്ത്രം അണിയാനും ഭക്ഷണം കഴിക്കാനുള്ള സ്ഥിരമായ ആവശ്യങ്ങളിൽ സഹായിക്കുന്നു. ഈ സേവനം സുദീർഘമാകുമ്പോൾ അത് ക്ഷീണമുണ്ടാക്കുന്നതും ഭാരപ്പെട്ടതുമാകാം. ആരെയെങ്കിലും കുറച്ചുദിവസത്തേക്ക് സഹായിക്കുകയെന്നത് സാധാരണഗതിയിൽ എളുപ്പമാണ്. എന്നാൽ ഒരാളെ മാസങ്ങളോളം അല്ലെങ്കിൽ വർഷങ്ങളോളം ശുശ്രൂഷിക്കുകയെന്നത് പ്രയാസമുള്ള കാര്യമാണ്. ചിലപ്പോൾ ശുശ്രൂഷിക്കപ്പെടുന്ന വ്യക്തി നന്ദി പ്രകാശിപ്പിക്കാൻ കഴിവില്ലാത്ത വ്യക്തിയായിരിക്കും. എന്നാലും ഇത് വിശുദ്ധീകരണത്തിന്റെ എത്രയോ മഹത്തായ ഒരു പാതയാണ്! പ്രയാസം നിറഞ്ഞ ആ നിമിഷങ്ങളിൽ കർത്താവുമായുള്ള ദൃഢബന്ധത്തിൽ നമുക്ക് ആശ്രയിക്കാം. നമ്മൾ സഭയുടെ ദൗത്യത്തെ പിന്തുണയ്ക്കുന്ന സവിശേഷ ഉപാധികളായി മാറും.

3. ഹൃദയജ്ഞാനമെന്നതിന്റെ അർത്ഥം നമ്മുടെ സഹോദരീസഹോദരന്മാരുടെ കൂട്ടത്തിലായിരിക്കുകയെന്നാണ്. രോഗികളൊടൊപ്പം ചെലവഴിക്കുന്ന സമയം വിശുദ്ധസമയമാണ്. തന്റെ പുത്രന്റെ പ്രതിഛായയോട് നമ്മെ അനുരൂപരാക്കുന്ന ദൈവത്തെ സ്തുതിക്കാനുള്ള ഒരു വഴിയാണത്. ആ ദൈവപുത്രൻ വന്നത് "ശുശ്രൂഷിക്കപ്പെടാനല്ലാതെ ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി ജീവൻ കൊടുക്കാനും വേണ്ടിയാണ്" (മത്താ 20:28). യേശു തന്നെ ഇങ്ങനെ പറഞ്ഞു: "ഞാൻ നിങ്ങളുടെയിടയിൽ പരിചരിക്കുന്നവനെപ്പോലെയാണ്" (ലൂക്കാ 22:27).

ഈ സഹോദരീ സഹോദരന്മാരോടൊപ്പം സമയം ചെലവഴിക്കണം. മിക്കപ്പോഴും പ്രശംസിക്കപ്പെടാത്ത ആ സന്മനസ്സിന്റെ മൂല്യം വിലമതിക്കപ്പെടണം. അതിനുവേണ്ട കൃപാവരത്തിനായി പരിശുദ്ധാത്മാവിനോട് സജീവവിശ്വാസത്തോടെ നമുക്കു പ്രാർത്ഥിക്കാം. ഗൗരവമുള്ള ജീവിതം ജീവിക്കത്തക്കതല്ലെന്നു ആളുകൾ ചിന്തിക്കാൻ ഇടയാക്കുന്നവിധം "ജീവിതത്തിന്റെ ഗുണമേന്മ"യുടെ പ്രാധാന്യത്തെ ഊന്നിപ്പറയുന്ന തരത്തിലുള്ള ശൈലികളിൽ നുണ ഒളിച്ചിരിപ്പുണ്ടെന്ന് നാം അറിയണം.

4. ഹൃദയജ്ഞാനം എന്നതിന്റെ അർത്ഥം നമ്മുടെ സഹോദരീ സഹോദരന്മാരിലേക്ക് നമ്മിൽ നിന്നു പുറത്തേക്കുപോകുകയെന്നാണ്. രോഗികളുടെ കിടക്കയ്ക്കരുകിൽ സമയം ചെലവഴിക്കുന്നതിന്റെ പ്രത്യേക പ്രാധാന്യം ചിലപ്പോഴെല്ലാം നമ്മുടെ ലോകം മറന്നു പോകുന്നു. കാരണം നമ്മൾ വളരെ തിരക്കുള്ളവരാണ്. പ്രവൃത്തിയുടെയും ഉത്പാദനത്തിന്റെയും ഭ്രാന്തുപിടിച്ച് നമ്മെത്തന്നെ സ്വതന്ത്രമായി വിട്ടുകൊടുക്കാൻ നാം മറന്നുപോകുന്നു. മറ്റുള്ളവരെ ശുശ്രൂഷിക്കാനും മറ്റുള്ളവരുടെ ഉത്തരവാദിത്വം ഏറ്റെടുക്കാനും മറന്നുപോകുന്നു. ഈ മനോഭാവത്തിനു പിന്നിൽ മന്ദോഷ്ണമായ വിശ്വാസമാണുള്ളത്. "അതു നീ എനിക്കുവേണ്ടി ചെയ്തതാണ്" (മത്താ 25:40) എന്ന കർത്താവിന്റെ വാക്കുകൾ ആ വിശ്വാസം മറന്നിരിക്കുന്നു.

ഇക്കാരണത്താൽ, "നമ്മുടെ സഹോദരീസഹോദരന്മാരിലേക്ക് ബഹിർഗമിക്കുകയെന്നതിന്റെ തികഞ്ഞ മുൻഗണനയെക്കുറിച്ച് വീണ്ടും ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മഹത്തായ രണ്ടു കല്പനകളിൽ ഒന്നാണത്. അത് എല്ലാ ധാർമ്മിക നിയമങ്ങളുടെയും അടിസ്ഥാനമാണ്. ദൈവത്തിന്റെ തികഞ്ഞ സൗജന്യദാനത്തോടു പ്രത്യുത്തരിച്ചുകൊണ്ടുള്ള ആധ്യാത്മിക വളർച്ചയെ തിരിച്ചറിയാനുള്ള ഏറ്റവും വ്യക്തമായ അടയാളവുമാണത്" (സുവിശേഷത്തിന്റെ സന്തോഷം 179). "മനസ്സിലാക്കുകയും സഹായിക്കുകയും വളർത്തുകയും ചെയ്യുന്ന കാര്യക്ഷമമായ പരസ്നേഹത്തിന്റെയും സഹതാപത്തിന്റെയും" (അവിടെത്തന്നെ) ഉറവിടമാണ്. സഭയുടെ പ്രേഷിതത്വപരമായ സ്വഭാവം.

5. ഹൃദയജ്ഞാനം എന്നതിന്റെ അർത്ഥം നമ്മുടെ സഹോദരീ സഹോദരന്മാരെ വിധിക്കാതെ അവരോട് ഐക്യദാർഢ്യം കാണിക്കുകയെന്നതാണ്. പരോപകാരപ്രവൃത്തികൾക്ക് വളരെയേറെ സമയം വേണം. രോഗികളെ ശുശ്രൂഷിക്കാനും അവരെ സന്ദർശിക്കാനും സമയം വേണം. ജോബിന്റെ സുഹൃത്തുക്കളെപ്പോലെ അവരുടെ

അടുത്തിരിക്കാൻ സമയം വേണം: "അവന്റെ പീഡകൾ അതികഠിന മെന്നുകണ്ട് ഒരക്ഷരം സംസാരിക്കാനാവാതെ ഏഴുരാവും പകലും അവർ അവനോടൊപ്പം നിലത്തിരുന്നു" (ജോബ് 2:13). എന്നാലും ജോബിന്റെ കൂട്ടുകാർ അദ്ദേഹത്തിനെതിരേ വിധിപ്രസ്താവന നടത്തി. ജോബിന് അദ്ദേഹത്തിന്റെ പാപംമൂലമുണ്ടായ ദൈവശിക്ഷ ദൗർഭാഗ്യമെന്നു അവർ കരുതി. വിധി പറയാതെ പങ്കുചേരലാണ് യഥാർത്ഥ പരസ്നേഹം. അത് മറ്റുള്ളവരുടെ മാനസാന്തരം ആവശ്യപ്പെടുന്നില്ല. കുനിയുകയും പ്രശംസ അന്വേഷിക്കുകയും ചെയ്യുന്ന ഏതു നന്മയെപ്പറ്റിയും തൃപ്തിയടയുകയും ചെയ്യുന്ന തെറ്റായ വിനീതഭാവത്തിൽ നിന്ന് അതു സ്വതന്ത്രമായിരിക്കും.

ജോബിന്റെ പീഡാസഹനം അതിന്റെ ശരിയായ ഉത്തരം കണ്ടെത്തുന്നത് യേശുവിന്റെ കുരിശിൽ മാത്രമാണ്. ദൈവത്തിനു നമ്മോടുള്ള ദൃഢബന്ധത്തിന്റെ തികച്ചും സൗജന്യപരവും കരുണനിറഞ്ഞതുമായ ബന്ധത്തിന്റെ പരമമായ പ്രവൃത്തിയാണ് യേശുവിന്റെ പീഡാസഹനം. മാനുഷികവേദനയോടുള്ള പ്രത്യേകിച്ച് നിഷ്കളങ്കരുടെ വേദനയോടുള്ള സ്നേഹപൂർണ്ണമായ പ്രത്യുത്തരമാണത്. ഉത്ഥിതനായ ക്രിസ്തുവിന്റെ ശരീരത്തിൽ എന്നേക്കും മുദ്രിതമായി നിലകൊണ്ട മഹത്ത്വപൂർണമായ അവിടുത്തെ മുറിവുകൾ വിശ്വാസത്തെ സംബന്ധിച്ച ഒരു ഉതപ്പാണ്, എന്നാൽ വിശ്വാസത്തിന്റെ തെളിവുമാണ് (ജോൺ 23-ാമൻ, ജോൺപോൾ 2-ാമൻ എന്നിവരുടെ കനോനൈസേഷന്റെ സമയത്തു നടത്തിയ പ്രഭാഷണം 27 ഏപ്രിൽ 2014, കാണുക)

രോഗം, ഏകാന്തത, അശക്തി എന്നിവ മൂലം മറ്റുള്ളവരിലേക്ക് എത്തിച്ചേരാൻ നമുക്കു പ്രയാസമുണ്ടാകാം. അപ്പോഴും സഹാനുഭാവം കൃപാവരം പങ്കുവയ്ക്കാനുള്ള സവിശേഷമാർഗമായിത്തീരും. ഹൃദയജ്ഞാനം നേടാനും അതിൽ വളരാനുമുള്ള ഒരു ഉറവിടമായിത്തീരുകയും ചെയ്യും. ജോബിന് തന്റെ സഹനത്തിന്റെ അവസാനത്തിൽ, "അങ്ങയെക്കുറിച്ച് ഞാൻ കേട്ടിട്ടേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ എന്റെ കണ്ണുകൾ അങ്ങയെ കാണുന്നു" (ജോബ് 42:5)എന്നു പറയാൻ കഴിഞ്ഞതെങ്ങനെയെന്ന് നാം മനസ്സിലാക്കും. സഹനത്തിന്റെയും വേദനയുടെയും രഹസ്യത്തിൽ മുങ്ങിക്കിടക്കുന്ന ജനങ്ങൾ, ഇവയെ വിശ്വാസത്തിൽ സ്വീകരിക്കുമ്പോൾ വിശ്വാസത്തിന്റെ സജീവസാക്ഷികളാകും. ആ വിശ്വാസം സഹനത്തിന്റെ പൂർണമായ അർത്ഥം ഗ്രഹിക്കാൻ കഴിയാത്തപ്പോഴും സഹനത്തെ ആശ്ലേഷിക്കാൻ കഴിവുള്ളവരാകും.

6. ഈ ലോകരോഗീദിനത്തെ ഞാൻ മറിയത്തിന്റെ മാതൃസഹജമായ സംരക്ഷണത്തിനു ഏല്പിക്കുന്നു. മനുഷ്യാവതാരം ചെയ്ത ജ്ഞാനത്തെ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ ഗർഭം ധരിച്ച് പ്രസവിച്ചവളാണു മറിയം.

ഓ മറിയമേ, ജ്ഞാനസിംഹാസനമേ, ഞങ്ങളുടെ അമ്മയെന്ന നിലയിൽ എല്ലാ രോഗികൾക്കും അവരെ സംരക്ഷിക്കുന്നവർക്കുംവേണ്ടി മാധ്യസ്ഥ്യം വഹിക്കണമേ. സഹിക്കുന്ന ഞങ്ങളുടെ അയൽക്കാർക്കു വേണ്ടി ഞങ്ങൾ ചെയ്യുന്ന സേവനത്തിലൂടെയും ഞങ്ങളുടെ തന്നെ സഹാനുഭാവത്തിലൂടെയും യഥാർത്ഥ ഹൃദയജ്ഞാനം ഞങ്ങൾ സ്വീകരിക്കാനും അതിനെ വളർത്താനും വേണ്ട അനുഗ്രഹം ഞങ്ങൾക്കു നല്കണമേ.

നിങ്ങൾക്ക് എല്ലാവർക്കും വേണ്ടിയുള്ള ഈ പ്രാർത്ഥനയോടെ എന്റെ അപ്പസ്തോലികാശീർവാദം നല്കുന്നു

വത്തിക്കാനിൽ നിന്ന്, 3 ഡിസംബർ 2014
വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ സ്മരണാദിനം
**ഫ്രാൻസിസ് മാർപാപ്പാ**

# കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും നൂറ്റി ഒന്നാം ലോകദിനം

### ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

*അതിരുകളില്ലാത്ത സഭ, എല്ലാവർക്കും അമ്മ*

പ്രിയ സഹോദരീ സഹോദരന്മാരേ,

"യേശു ശ്രേഷ്ഠനായ സുവിശേഷപ്രവർത്തകനാണ്, സുവിശേഷത്തിന്റെ മൂർത്തീഭാവമാണ്". (സുവിശേഷത്തിന്റെ സന്ദേശം 209). അവിടുത്തെ ആകുലത പ്രത്യേകിച്ച്, ഏറ്റവും കൂടുതൽ മുറിപ്പെടാവുന്നവരെയും പാർശ്വവത്കരിക്കപ്പെട്ടവരെയും സംബന്ധിച്ചുള്ള ആകുലത, നമ്മെ എല്ലാവരെയും ഒരു കാര്യത്തി ലേക്കു ക്ഷണിക്കുന്നു. ഏറ്റവും ദുർബലരായവരെ ശുശ്രൂഷിക്കാനും അവിടുത്തെ വേദനിക്കുന്ന മുഖത്തെ പ്രത്യേകിച്ച് ദാരിദ്യത്തിന്റെയും അടിമത്തത്തിന്റെയും ഇരകളിൽ തിരിച്ചറിയാനുമാണു ക്ഷണിക്കുന്നത്. കർത്താവു പറയുന്നു: "എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്കു ദാഹിച്ചു, നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശി യായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു. ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്റെയടുത്തുവന്നു" (മത്താ 25:35-36). ലോകത്തിൽ തീർത്ഥാടകയും എല്ലാവരുടെയും അമ്മയുമായിരിക്കുന്ന സഭയുടെ ദൗത്യം, അതുകൊണ്ട്, യേശുക്രിസ്തുവിനെ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുക - പ്രത്യേകിച്ച് ഏറ്റവും ദരിദ്രരിലും ഏറ്റവും പരിത്യക്തരിലും അവിടുത്തെ സ്നേഹിക്കുകയെന്നതാണ്. അവരിൽ തീർത്ഥകരും കുടിയേറ്റക്കാരും അഭയാർത്ഥികളും ഉൾപ്പെടുന്നു. അവർ പ്രയാസമുള്ള ജീവിതാവസ്ഥകളിൽ നിന്നും എല്ലാത്തരം അപകടങ്ങളിൽ നിന്നും രക്ഷപെടാൻ പരിശ്രമിക്കുന്നവരാണ്. ഇക്കാരണത്താൽ ഈ വർഷത്തെ കുടിയേറ്റക്കാരുടെയും അഭയാർത്ഥി കളുടെയും ലോകദിനത്തിലെ ചിന്താവിഷയം ഇതാണ്:

**അതിരുകളില്ലാത്ത സഭ, എല്ലാവരുടെയും അമ്മ**

"ദൈവം സ്നേഹമാകുന്നു" (1യോഹ.4:8,16) എന്നു പ്രഘോഷി ക്കാൻ വേണ്ടി സഭ തന്റെ കൈകൾ വിരിച്ച് ഒരു വ്യത്യാസവും നോക്കാതെ, അതിരുകളില്ലാതെ എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

യേശു തന്റെ മരണത്തിനും ഉത്ഥാനത്തിനും ശേഷം തന്റെ ശിഷ്യരെ ഒരു ദൗത്യം ഏല്പിച്ചു. തന്റെ സാക്ഷികളായിരിക്കാനും സന്തോഷത്തിന്റെയും കാരുണ്യത്തിന്റെയും സുവിശേഷം പ്രഘോഷിക്കാനുമുള്ള ദൗത്യമാണത്. പെന്തക്കുസ്താദിവസം ശിഷ്യന്മാർ ധീരതയോടും ആവേശത്തോടും കൂടി ഊട്ടുശാല വിട്ടിറങ്ങി. പരിശുദ്ധാത്മാവ് അവരുടെ സംശയങ്ങളെ കീഴടക്കി. അവരുടെ പ്രഭാഷണം സ്വന്തം ഭാഷകളിൽ മനസിലാക്കാൻ എല്ലാവരെയും ശക്തരാക്കി. ആരംഭം മുതൽ സഭ മുഴുവൻ ലോകത്തെ സംബന്ധിച്ചും തുറന്ന ഹൃദയമുള്ള അമ്മയായിരുന്നു. അവൾക്ക് അതിരുകളില്ലായിരുന്നു. ഈ ദൗത്യം രണ്ടായിരം വർഷം തുടർന്നു. എന്നാൽ ആദിമ നൂറ്റാണ്ടുകളിൽത്തന്നെ സഭയുടെ സാർവത്രിക മാതൃത്വത്തെക്കുറിച്ച് പ്രേഷിതപ്രഘോഷണം വ്യക്തിമാക്കിയിരുന്നു. അതു പിന്നീട് സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങളിൽ വികസിച്ചു. രണ്ടാം വത്തിക്കാൻ സൂനഹദോസ് അതു സ്വീകരിക്കുകയും ചെയ്തു. സഭയുടെ സ്വഭാവം വിവരിക്കാൻ സൂനഹദോസ് പിതാക്കന്മാർ "അമ്മയായ സഭ"യെപ്പറ്റി പറഞ്ഞു. സഭ പുത്രീപുത്രന്മാരെ ജനിപ്പിക്കുന്നു. അവരെ എടുക്കുകയും സ്നേഹത്തോടെ ഹൃദയപൂർവം ആശ്ലേഷിക്കുകയും ചെയ്യുന്നു. (ലൂമെൻ ജെൻസിയം 14)

അതിരുകളില്ലാത്ത സഭ, എല്ലാവരുടെയും അമ്മയായ സഭ, ലോകമെങ്ങും സ്വീകരണത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും ഒരു സംസ്കാരം വ്യാപിപ്പിച്ചു. അതിൽ ആരും ഉപയോഗശൂന്യരല്ല, സ്ഥാനമില്ലാത്തവരല്ല, എറിഞ്ഞുകളയേണ്ടവരല്ല. ക്രൈസ്തവസമൂഹം ഈ മാതൃത്വം കാര്യക്ഷമമായി ജീവിക്കുമ്പോൾ ക്ഷമയോടെ എല്ലാവരോടും കൂടെ നടക്കുകയും അവരെ നയിക്കുകയും അവർക്കു വഴി ചൂണ്ടിക്കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. പ്രാർത്ഥനയിലൂടെയും കാരുണ്യപ്രവർത്തനത്തിലൂടെയും അവരോട് അടുക്കുകയും ചെയ്യുന്നു.

ഇന്ന് ഇതിന് പ്രത്യേക പ്രാധാന്യമുണ്ട്. ഇന്ന് യഥാർത്ഥത്തിൽ കുടിയേറ്റത്തിന്റെ വ്യാപകമായ ചലനങ്ങൾ ഉണ്ടാകുന്നു. ആളുകളുടെ വലിയ കൂട്ടങ്ങൾ സ്വന്തം നാടുകൾ വിട്ടുപോകുന്നു. ഭയവും ആഗ്രഹങ്ങളും വഹിച്ചുകൊണ്ടാണ് അവർ പോകുന്നത്. കൂടുതൽ മാനുഷികമായ ജീവിതസാഹചര്യങ്ങൾ അന്വേഷിച്ച് പ്രത്യാശ നല്കുന്നതും അപകടമുള്ളതുമായ യാത്രയാണ് അവർ ചെയ്യുന്നത്. പലപ്പോഴും അത്തരം കൂടിയേറ്റങ്ങൾ സംശയവും ശത്രുതയും ഉളവാക്കുന്നു. സഭാസമൂഹങ്ങളിൽ പോലും അങ്ങനെ സംഭവിക്കുന്നു. കുടിയേറ്റക്കാരുടെ ജിവിതത്തെക്കുറിച്ചോ അവരുടെ പീഢാസഹന

ത്തിന്റെയും അനാഥത്വത്തിന്റെയും കഥകൾ അറിയുന്നതിനോ മുമ്പേ അതു സംഭവിക്കുന്നു. അത്തരം സംഭവങ്ങളിൽ സംശയവും മുൻവിധിയും ബൈബിളിലെ കല്പനയ്ക്കു വിരുദ്ധമായിരിക്കുന്നു. ആവശ്യത്തിൽപ്പെട്ട അപരിചിതനെ ആദരവോടും ഐക്യ ദാർഢ്യത്തോടുംകൂടി സ്വാഗതം ചെയ്യണമെന്നാണ് ബൈബിളിലെ കല്പന.

മറുവശത്ത്, മാനുഷിക ദുരിതത്തെ സ്പർശിക്കാനും യേശു നമുക്കു തന്നിട്ടുപോയ സ്നേഹത്തിന്റെ കല്പന പ്രയോഗത്തി ലാക്കാനും മനസ്സാക്ഷി നമ്മെ പ്രേരിപ്പിക്കുന്നു. യേശു അപരിചിത രോടും അക്രമത്തിന്റെയും ചൂഷണത്തിന്റെയും ഇരകളായിത്തീർന്ന നിർമ്മലരോടും താദാത്മ്യപ്പെട്ടുകൊണ്ട് നല്കിയ കല്പനയാണത്. എന്നാൽ നമ്മുടെ പ്രകൃതിയുടെ ദൗർബല്യം മൂലം, "കർത്താവിന്റെ മുറിവുകളെ കൈയെത്താത്ത അകലത്തിലാക്കുന്ന ക്രിസ്ത്യാനികളെ പ്പോലെയാകാനുള്ള പ്രലോഭനമുണ്ടാകുന്നു' (സുവിശേഷത്തിന്റെ സന്തോഷം 270).

മാനുഷിക ദുരിതത്തിൽ നിന്നുള്ള നമ്മുടെ അകൽച്ച കുറയ്ക്കാൻ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയിൽ നിന്നു ജനിക്കുന്ന ധീരത നമ്മെ ശക്തരാക്കുന്നു. കുടിയേറ്റക്കാരിലും അഭയാർത്ഥികളിലും ആ സ്ഥാനത്തു സ്ഥാപിക്കപ്പെട്ട വ്യക്തികളിലും പ്രവാസികളിലും തന്നെ തിരിച്ചറിയാൻ യേശുക്രിസ്തു എപ്പോഴും കാത്തിരിക്കുന്നു. അവരിലൂടെ നമ്മുടെ വിഭവങ്ങൾ പങ്കുവയ്ക്കാൻ അവിടുന്ന് വിളിക്കുന്നു. നാം സമ്പാദിച്ച സമ്പാദ്യങ്ങളിൽ ചിലപ്പോ ഴെല്ലാം കുറേ കൊടുക്കാനും വിളിക്കുന്നു. പോൾ 6-ാമൻ മാർപാപ്പാ ഇതിനെപ്പറ്റി പറഞ്ഞിട്ടുണ്ട്: "കൂടുതൽ ഭാഗ്യവാന്മാരായവർ തങ്ങളുടെ അവകാശങ്ങളിൽ ചിലത് ഉപേക്ഷിക്കണം. അവരുടെ വസ്തുക്കൾ കൂടുതൽ ഉദാരതയോടെ മറ്റുള്ളവരുടെ സേവനത്തിനായി നല്കാനാണത് (ഒക്ടോജേസിമ അഡ്വേനിയേൻസ്, 23).

ഇന്നത്തെ സമൂഹം അനേകം സംസ്കാരങ്ങൾ ചേർന്നുണ്ടാ യതാണ്. അത് ഐക്യദാർഢ്യത്തിനും കൂട്ടായ്മയ്ക്കും സുവിശേഷ വത്കരണത്തിനും പുതിയ ജോലികൾ ഏറ്റെടുക്കാൻ സഭയെ ധൈര്യപ്പെടുത്തുന്നു. വ്യക്തികളും സംസ്കാരങ്ങളും തമ്മിൽ സമാധാനപൂർണമായ സഹവർത്തിത്വം ഉറപ്പാക്കാൻ ആവശ്യമായ മൂല്യങ്ങളെ ആഴപ്പെടുത്താനും ശക്തിപ്പെടുത്താനും കുടിയേറ്റ പ്രസ്ഥാനങ്ങൾ യഥാർത്ഥത്തിൽ നമ്മോട് ആവശ്യപ്പെടുന്നുണ്ട്. വൈവിധ്യത്തെ ആദരിക്കുന്നതും വിവിധ പശ്ചാത്തലങ്ങളിലും സംസ്കാരങ്ങളിലുമുള്ളവ പങ്കുവയ്ക്കുന്നതുമായ ഒരു സഹിഷ്ണു

തയിൽ എത്തിച്ചേരുകയെന്നതുമാത്രം മതിയാകുകയില്ല. ഇവിടെയാണ് അതിരുകളെ കീഴടക്കുന്നതിന് സഭ സഹായം ചെയ്യുന്നത്. "എതിർപ്പിന്റെയും ഭയത്തിന്റെയും നിസ്സംഗതയുടെയും പാർശ്വവത്കരണത്തിന്റെ മനോഭാവങ്ങളിൽ നിന്ന് മാറുന്നതിനും കണ്ടുമുട്ടലിന്റെ സംസ്കാരത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള മനോഭാവങ്ങളിലേക്കു നീങ്ങുന്നതിനും സഹായം ചെയ്യുന്നത്. ആ സംസ്കാരമാണ് കൂടുതൽ നല്ലത്., കൂടുതൽ നീതിപൂർവകമായ സാഹോദര്യം നിറഞ്ഞ ലോകത്തെ നിർമ്മിക്കുന്ന സംസ്കാരം" (കുടിയേറ്റക്കാരുടെയും അഭായർത്ഥികളുടെയും ലോക ദിനസന്ദേശം 2014).

കുടിയേറ്റപ്രസ്ഥാനങ്ങൾ വ്യാപകമായ തോതിലാണു നടക്കുന്നത്. അതുകൊണ്ട് രാഷ്ട്രങ്ങളും അന്താരാഷ്ട്ര സംഘടനകളും തമ്മിലുള്ള ക്രമവും സജീവത്വവുമുള്ള സഹകരണംകൊണ്ടു മാത്രമേ ഇത്തരം പ്രസ്ഥാനങ്ങളെ കാര്യക്ഷമമായി നിയന്ത്രിക്കാനും കാര്യക്ഷമമാക്കാനും സാധിക്കുകയുള്ളൂ. എന്തെന്നാൽ കുടിയേറ്റം എല്ലാവരെയും ബാധിക്കുന്നുണ്ട്. ആ പ്രതിഭാസത്തിന്റെ വ്യാപ്തികൊണ്ടു മാത്രമല്ല ബാധിക്കുന്നത്. പിന്നെയോ "സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവും മതപരവുമായി അത് ഉയർത്തുന്ന പ്രശ്നങ്ങൾകൊണ്ടും രാഷ്ട്രങ്ങൾക്കും അന്താരാഷ്ട്രസമൂഹത്തിനുമെതിരേ അത് ഉയർത്തുന്ന നാടകീയ പരിവർത്തനങ്ങൾകൊണ്ടും" അത് സകലരെയും ബാധിക്കുന്നു *(സത്യത്തിൽ സ്നേഹം 62).*

കുടിയേറ്റമെന്ന പ്രതിഭാസത്തെ കൈകാര്യം ചെയ്യുന്നതിലുള്ള ഉചിതത്വത്തെയും രീതികളെയും ആവശ്യമായിരിക്കുന്ന നിയമങ്ങളെയും സംബന്ധിച്ച് അന്താരാഷ്ട്രതലത്തിൽ കൂടെക്കൂടെ വാദപ്രതിവാദങ്ങൾ നടക്കുന്നുണ്ട്. കുടിയേറ്റത്തിലൂടെ കൂടുതൽ നല്ല ജീവിതം അന്വേഷിക്കുന്നവരെ സഹായിക്കാൻ അന്തർദേശീയവും ദേശീയവും പ്രാദേശീയവുമായ തലങ്ങളിൽ കഠിനാധ്വാനം ചെയ്യുന്ന ഏജൻസി കളും സംഘടനകളുമുണ്ട്. ഉദാരതാപൂർണവും പ്രശംസനീയവുമായ അവരുടെ പരിശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും കൂടുതൽ സുനിശ്ചിതവും സർഗാത്മകവുമായ പ്രവർത്തനം ആവശ്യമായിരി ക്കുന്നു. ഓരോ മനുഷ്യവ്യക്തിയുടെയും മഹത്ത്വവും കേന്ദ്രീയതയും സംരക്ഷിക്കുന്ന സഹകരണത്തിന്റെ സാർവത്രിക നെറ്റുവർക്കിനെ ആശ്രയിച്ചുള്ളതായിരിക്കണം അത്. ലജ്ജാകരവും കുറ്റകരവുമായ മനുഷ്യക്കടത്ത്, മൗലികാവകാശലംഘനം, അക്രമത്തിന്റെയും പീഡന ത്തിന്റെയും അടിമത്തത്തിന്റെയും സർവരൂപങ്ങളും എന്നിവയ്ക്കെ തിരേയുള്ള പടപൊരുതൽ അത് കൂടുതൽ കാര്യക്ഷമതയുള്ളതാക്കും. സഹകരിച്ചുള്ള ഈ

പ്രവർത്തനം പാരസ്പര്യവും സംയുക്ത പ്രവർത്തനവും തുറവും ആത്മവിശ്വാസവുമുള്ളതായിരിക്കണം. "വളരെയേറെ വ്യാപകമായിരിക്കുകയും കുടിയിറക്കം, കുടിയേറ്റം എന്നിങ്ങനെ ഇരട്ടപ്രസ്ഥാനമായി ഓരോ ഭൂഖണ്ഡത്തെയും ബാധിക്കത്തക്കവിധം ഈ പ്രതിഭാസം ഇന്ന് വ്യാപിച്ചിരിക്കയാൽ ഒരു രാജ്യത്തിനും ഒറ്റയ്ക്ക് ഇതിന്റെ പ്രയാസങ്ങൾ നേരിടാൻ കഴിയുക യില്ലെന്ന അറിവോടെ അങ്ങനെ ചെയ്യണം (കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും ലോകദിനാചരണത്തിനുള്ള സന്ദേശം - 2014)

കുടിയേറ്റത്തിന്റെ ആഗോളവത്കരണത്തോട് പരസ്നേഹത്തിന്റെയും സഹകരണത്തിന്റെയും ആഗോളവത്കരണം കൊണ്ട് പ്രത്യുത്തരിക്കുക അത്യാവശ്യമാണ്. കുടിയേറ്റക്കാരുടെ അവസ്ഥ കൂടുതൽ മാനുഷികമാക്കാനാണത്. അതേസമയം ജനതകളെ മുഴുവനും മാതൃരാജ്യം വിട്ടുപോകാൻ നിർബന്ധിക്കുന്ന യുദ്ധമോ ദാരിദ്ര്യമോ മൂലം പലപ്പോഴും ഉണ്ടാകുന്ന അവസ്ഥകളെ ലഘൂകരിക്കുമെന്ന് ഉറപ്പുവരുത്തുന്ന കൂടുതൽ പരിശ്രമങ്ങളും ആവശ്യമാണ്.

കുടിയേറ്റക്കാരും അഭയാർത്ഥികളുമായുള്ള ഐക്യദാർഢ്യം ധീരതയോടും സർഗാത്മകതയോടും കൂടിയതായിരിക്കണം. ലോകവ്യാപകമായ തലത്തിൽ കൂടുതൽ നീതിപൂർവകവും സമത്വപൂർണവുമായ സാമ്പത്തിക ക്രമമുണ്ടാകാൻ അത് അത്യാവശ്യമാണ്. സമാധാനത്തോട് വർധമാനമായ സമർപ്പണവും ഉണ്ടാകണം. യഥർത്ഥമായ സകലവിധ പുരോഗതിക്കും അത് അത്യാവശ്യ വ്യവസ്ഥയാണ്.

പ്രിയ കുടിയേറ്റക്കാരേ, അഭയാർത്ഥികളേ, സഭയുടെ ഹൃദയത്തിൽ നിങ്ങൾക്കു സവിശേഷസ്ഥാനമുണ്ട്. ഹൃദയം വികസിപ്പിക്കാനും മുഴുവൻ മനുഷ്യകുടുംബത്തിലേക്കും മാതൃത്വം വെളിപ്പെടുത്താൻ നിങ്ങൾ സഭയെ സഹായിക്കുന്നു. നിങ്ങളുടെ വിശ്വാസവും പ്രത്യാശയും നഷ്ടപ്പെടുത്തരുത്! ഈജിപ്തിലേക്ക് ഓടിപ്പോകേണ്ടിവന്ന തിരുക്കുടുംബത്തെക്കുറിച്ച് നമുക്കു ഓർമ്മിക്കാം. ദൈവം തങ്ങളെ ഒരിക്കലും ഉപേക്ഷിക്കുകയില്ലെന്ന വിശ്വാസം കന്യാകാമറിയത്തിന്റെ മാതൃഹൃദയവും വിശുദ്ധ യൗസേപ്പിന്റെ കരുണനിറഞ്ഞ ഹൃദയവും സജീവമായി സൂക്ഷിച്ചു. അതുപോലെ നിങ്ങളിലും കർത്താവിലുള്ള ആ പ്രത്യാശ ഒരിക്കലും ഇല്ലാതാകരുത്. ഞാൻ നിങ്ങളെ അവരുടെ സംരക്ഷണയ്ക്ക് ഏല്പിക്കുന്നു. നിങ്ങൾക്ക് എല്ലാവർക്കും ഹൃദയപൂർവം എന്റെ അപ്പസ്തോലികാശീർവാദം നല്കുകയും ചെയ്യുന്നു.

വത്തിക്കാനിൽ നിന്ന്, 3 സെപ്തംബർ 2014

**ഫ്രാൻസിസ് മാർപാപ്പാ**

# റോമിലെ അസാധാരണ സിനഡ്

സിനഡിനൊരുക്കമായുള്ള മാർഗ്ഗരേഖയെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുവാനായി നൽകിയിരിക്കുന്ന ഈ ചോദ്യാവലി പാരിഷ് കൗൺസിലിലും സന്യസ്ത സമൂഹങ്ങളിലും സംഘടനകളിലും ചർച്ച ചെയ്ത് റിപ്പോർട്ട് മാർച്ച് 10 ന് മുമ്പായി പാസ്റ്ററൽ സെന്ററിലുള്ള ഫാമിലി അപ്പോസ്റ്റലേറ്റ് ഓഫീസിൽ എത്തിക്കേണ്ടതാണ്. സിനഡിന്റെ പഠന രേഖ (Lineamenta) രൂപതാവെബ്സൈറ്റിൽ *(www.diocesemdy.org)* പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബഹു. വൈദികർക്ക് ഇമെയിലിൽ അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

സിനഡിന്റെ റിപ്പോർട്ടിലെ കുടുംബങ്ങളുടെ വിവിധ സാഹചര്യങ്ങളുടെ വിവരണം സഭയിലും സമൂഹത്തിലും ഇന്നുള്ളവയോട് പൊരുത്തപ്പെടുന്നുണ്ടോ?

**ഭാഗം 1**

**ശ്രവിക്കൽ: കുടുംബത്തിന്റെ സാഹചര്യവും വെല്ലുവിളികളും**

ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ (നമ്പർ 1–4) അസാധാരണ സിനഡിന്റെ ലക്ഷ്യം ലോകത്തിന്റെ എല്ലാ കുടുംബങ്ങളെയും അഭിസംബോധന ചെയ്യുകയെന്നതായിരുന്നു. അവരുടെ സന്തോഷങ്ങളിലും കഷ്ടപ്പാടുകളിലും പ്രതീക്ഷകളിലും പങ്കുചേരാൻ ആഗ്രഹിച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്. അതേസമയം വിശ്വസ്തതയോടെ തങ്ങളുടെവിളി ജീവിക്കുന്ന അനേകം ക്രൈസ്തവകുടുംബങ്ങളെ സിനഡു പരിഗണിച്ചു. അവരോടു നന്ദിപറയുകയും കൂടുതൽ നിശ്ചയ ദാർഢ്യത്തോടെ സഭയുടെ പ്രവർത്തനത്തിൽ ഉൾപ്പെടാൻ പ്രോത്സാഹി പ്പിക്കുകയും ചെയ്തു. സഭ "തന്നിൽ നിന്നു പുറത്തേക്കു പോകാൻ" പരിശ്രമിക്കുകയാണ്. സുവിശേഷവത്കരണ ജോലിയിൽ കുടുംബത്തിനുള്ള സജീവധർമ്മം വീണ്ടും കണ്ടെത്താൻ ശ്രമിക്കുകയാണ്. അവർക്കുവേണ്ടിയും

പ്രയാസമനുഭവിക്കുന്ന കുടുംബങ്ങൾക്കു വേണ്ടിയും "കുടുംബം രൂപവത്കരിക്കാനുള്ള" ആഗ്രഹം വളർത്താൻ പരിശ്രമിക്കുന്നു. അത് ഒരു അവബോധത്തിൽ നിന്നുണ്ടാകുന്നതാണ്. അതായത്, സുവിശേഷത്തിലെ പ്രധാന സന്ദേശത്തിന്റെ പ്രഘോഷണം നിർബന്ധപൂർവം "കുടുംബത്തിൽ തുടങ്ങണം".

അസാധാരണ സിനഡ് നിർമ്മിച്ച നവീകരണപാത കൂടുതൽ വ്യാപകമായ സഭാത്മകസാഹചര്യത്തിൽ സ്ഥാപിക്കപ്പെട്ടതാണ്. അതാകട്ടെ ഫ്രാൻസിസ് മാർപാപ്പാ "സുവിശേഷത്തിന്റെ സന്തോഷം" എന്ന ആഹ്വാനത്തിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. അത് "ജീവിതത്തിന്റെ അതിരുകളിൽ" തുടങ്ങുന്നു. കണ്ടുമുട്ടലിന്റെ സംസ്കാരമുള്ള അജപാലന പ്രവർത്തനത്തിൽ ഏർപ്പെടുന്നു. കർത്താവിന്റെ സൗജന്യപ്രവർത്തനത്തെ തിരിച്ചറിയാൻ കഴിഞ്ഞുകൊണ്ട് പതിവുള്ള മോഡലുകൾക്കപ്പുറത്തും പ്രവർത്തിക്കും. ദൈവകാരുണ്യത്തെപ്പറ്റി പ്രഘോഷിക്കുന്നതിൽ ഏറെ ഉപകാരപ്രദമായ ഫീൽഡ് ഹോസ്പിറ്റൽ എന്ന ആശയം സ്വീകരിച്ചുകൊണ്ട് അങ്ങനെ ചെയ്യും. സിനഡിന്റെ റിപ്പോർട്ടിന്റെ ആദ്യഭാഗത്തുള്ള ഖണ്ഡികകൾ ഈ വെല്ലുവിളികൾക്കുള്ള ഉത്തരങ്ങളാണ്. കുടുംബങ്ങളുടെ യഥാർത്ഥ അവസ്ഥയെപ്പറ്റി ചിന്തിക്കാനുള്ള ഒരു രൂപരേഖ അതു നല്കുന്നു.

സിനഡിന്റെ റിപ്പോർട്ടിന്റെ ഖണ്ഡിക നമ്പറുകളുടെ പരാമർശമുള്ള ഇവിടെ നിർദ്ദേശിക്കുന്ന ചോദ്യങ്ങൾ ചർച്ചയ്ക്ക് സഹായിക്കാനുള്ളവയാണ്. അവർ നല്കുന്ന ഉത്തരങ്ങളിൽ സിദ്ധാന്തപ്രയോഗത്തിൽ മാത്രം അടിസ്ഥാനപ്പെടുത്തിയ അജപാലനശുശ്രൂഷയുടെ ക്രോഡീകരണം അസാധാരണ സിനഡ് സമ്മേളനത്തിന്റെ നിഗമനങ്ങളെ ആദരിക്കുകയില്ല. പകരം, മുമ്പു നിർദ്ദേശിച്ച പാതയിൽ നിന്ന് അവരുടെ ചിന്തകളെ അകറ്റിക്കളയും.

**സാമൂഹിക-സാംസ്കാരിക സാഹചര്യം (നമ്പർ 5-8)**

1. സാംസ്കാരിക മാറ്റങ്ങൾ കുടുംബങ്ങൾക്കു നേരേ ഉണർത്തുന്ന വെല്ലുവിളികളെ സംബന്ധിച്ച ഏതു സംരംഭങ്ങ ളാണുള്ളത്? ഏതിനെല്ലാമാണ് പദ്ധതിയിട്ടിട്ടുള്ളത്? (cf നമ്പർ 6-7) കുടുംബത്തിൽ ദൈവസാന്നിധ്യബോധം ഉണർത്താൻ ഏതു സംരംഭങ്ങളാണു പ്രവർത്തിക്കുന്നത്? ഗുണകരമായ വ്യക്ത്യന്തര ബന്ധങ്ങളെപ്പറ്റി പഠിപ്പിക്കാനും അവ സ്ഥാപിക്കാനുംവേണ്ടി, കുടുംബത്തിന് ഉപയോഗപ്രദമായ സാമൂഹികവും സാമ്പത്തികവുമായ പോളിസികൾ

വളർത്താൻവേണ്ടി, കുട്ടികൾക്കും വൃദ്ധർക്കും രോഗികളായ കുടുംബാംഗങ്ങൾക്കും വേണ്ടി നല്കുന്ന ശ്രദ്ധയോടു ബന്ധപ്പെട്ട പ്രയാസങ്ങൾ കുറയ്ക്കാൻ വേണ്ടി, പ്രേഷിതസഭയിലുള്ള കൂടുതൽ സവിശേഷതയുള്ള സാംസ്കാരികഘടകങ്ങളെ നേരിടുന്നതിനുവേണ്ടി, ഏതേതു സംരംഭങ്ങളാണ് ഉള്ളത്?

2. നരവംശശാസ്ത്രപരവും സാംസ്കാരികവുമായ മാറ്റങ്ങളുടെ ഇക്കാലത്ത് അപഗ്രഥനപരമായ എന്തുമാർഗങ്ങളാണ് ഉപയോഗിക്കുന്നത്? ഭാവാത്മകമോ നിഷേധാത്മകമോ ആയ പ്രധാനഫലങ്ങൾ ഏവ? (cf നമ്പർ 5)

3. ദൈവവചനം പ്രഘോഷിക്കുകയും ക്ലേശഭൂയിഷ്ഠമായ സാഹചര്യങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നതിനുപുറമേ "സഭയെന്ന നിലയിൽ" എങ്ങനെ സന്നിഹിതമാകാനും ക്ലേശ ഭൂയിഷ്ഠമായ സാഹചര്യങ്ങളിൽ കുടുംബങ്ങളുടെയടുത്തേക്ക് എങ്ങനെ ചെല്ലാനുമാണ് സഭ നിശ്ചയിച്ചിട്ടുള്ളത്? (cf.നമ്പർ 8). ആ സാഹചര്യങ്ങളെ തടയാൻ സഭ എങ്ങനെ പരിശ്രമിക്കുന്നു? വിശ്വാസികളും വിവാഹബന്ധത്തോട് വിശ്വസ്തരുമായവരുടെ കുടുംബങ്ങളെ സഹായിക്കാനും ശക്തിപ്പെടുത്താനും എന്തു ചെയ്യാൻ കഴിയും?

4. മതനിരപേക്ഷമായ (Secular) സമൂഹത്തിൽ വ്യാപിക്കുന്ന സാംസ്കാരിക ആപേക്ഷികതാവാദത്തോട് സഭ തന്റെ അജപാലന പ്രവർത്തനത്തിൽ എങ്ങനെ പ്രത്യുത്തരിക്കുന്നു? ആ വാദത്തിന്റെ ഫലമായി, സ്ത്രീയും പുരുഷനും വിവാഹത്തിൽ ഐക്യപ്പെട്ട് ജീവനോട് തുറവി പുലർത്തി രൂപപ്പെടുന്ന കുടുംബത്തിന്റെ മാതൃക ഉപേക്ഷിക്കുന്നവരോട് സഭ എങ്ങനെ പ്രത്യുത്തരിക്കുന്നു.

**ജീവിതത്തിൽ വൈകാരികതയുടെ പ്രാധാന്യം (നമ്പർ 9-10)**

5. ക്രൈസ്തവകുടുംബങ്ങൾ, വരുംതലമുറകൾക്കായി, വൈകാരിക ജീവിതത്തിന്റെ വികസനത്തിനും വളർച്ചയ്ക്കും വേണ്ടി എങ്ങനെ സാക്ഷ്യം വഹിക്കുന്നു? (cf നമ്പർ 9-10). ഇതിനെ സംബന്ധിച്ച് വൈദികപരിശീലനം എങ്ങനെ അഭിവൃദ്ധിപ്പെടുത്താനാവും? ഈ അജപാലനപ്രവർത്തനത്തിൽ അത്യാവശ്യമായിരിക്കുന്നത് ഏതുതരം വിദഗ്ധരെയാണ്?

**അജപാലനപരമായ വെല്ലുവിളികൾ (നമ്പർ 11)**

6. അതിരുകളിലുള്ള കുടുംബങ്ങൾക്ക് സാധാരണ അജപാലന ശുശ്രൂഷ എത്രമാത്രം നടത്തുന്നുണ്ട്? എന്തുമാർഗങ്ങൾ ഉപയോഗിച്ചു

നടത്തുന്നു? (cf നമ്പർ 11). ഓരോ വ്യക്തിയുടെയും ഹൃദയത്തിൽ പ്രത്യേകിച്ച് യുവതീയുവാക്കളുടെ ഹൃദയത്തിൽ സ്രഷ്ടാവു സ്ഥാപിച്ചിട്ടുള്ള "കുടുംബം രൂപവത്കരിക്കാനുള്ള ആഗ്രഹത്തെ" വളർത്താനും അംഗീകരിക്കാനും പ്രവർത്തനമായ എന്തു മാർഗനിർദ്ദേശങ്ങളാണുള്ളത്? ക്രൈസ്തവ ദർശനത്തെ ആദരിക്കാത്ത സാഹചര്യങ്ങളിൽ വസിക്കുന്ന കുടുംബങ്ങളിലുള്ളവരെ സംബന്ധിച്ചും എന്തു മാർഗനിർദ്ദേശങ്ങളാണുള്ളത്? അവർക്കായുള്ള ദൗത്യത്തിൽ സഭ ചെയ്യുന്ന പരിശ്രമങ്ങളോട് അവർ എങ്ങനെ പ്രതികരിക്കുന്നു? മാമ്മോദീസ മുങ്ങാത്തവരുടെയിടയിൽ യുവാക്കളിൽ കുടുംബം രൂപവത്കരിക്കാനുള്ള ആഗ്രഹത്തോടു ബന്ധപ്പെട്ട്, സ്വാഭാവിക വിവാഹം എത്രമാത്രം പ്രബലമാണ്?

## ഭാഗം II

## ക്രിസ്തുവിലേക്കു നോക്കിക്കൊണ്ട്: കുടുംബത്തിന്റെ സുവിശേഷം

ക്രിസ്തുവിന്റെ വെളിപാടിന്റെ കാലംമുതൽ നൂറ്റാണ്ടുകളിലൂടെ ലിഖിതരൂപത്തിലും അലിഖിതരൂപത്തിലും വിശ്വസ്തതയോടെ സംരക്ഷിക്കപ്പെട്ടതാണ് കുടുംബസുവിശേഷം. അത് ഇന്നത്തെ ലോകത്തിൽ നവീകൃതമായ സന്തോഷത്തോടും പ്രത്യാശയോടും കൂടി പ്രഘോഷിക്കപ്പെടണം. യേശുക്രിസ്തുവിലേക്കുള്ള നോട്ടം തുടർന്നുകൊണ്ടു വേണം അങ്ങനെ ചെയ്യാൻ. കുടുംബത്തിന്റെ വിളിയും ദൗത്യവും സൃഷ്ടിയുടെ ക്രമത്തോട് പൂർണമായി അനുരൂപപ്പെടുത്തിയിട്ടുണ്ട്. അത് വീണ്ടെടുപ്പിന്റെ ക്രമത്തിൽ വികസിക്കുന്നു. വത്തിക്കാൻ കൗൺസിലിന്റെ ആഗ്രഹംമൂലം അത് സംക്ഷേപിച്ചിട്ടുമുണ്ട്: സജീവദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെടുകയും വ്യക്തിമാഹാത്മ്യത്താൽ അലംകൃതരാവുകയും ചെയ്ത വധൂവരന്മാർ തുല്യമായ സ്നേഹവും മനസ്സിന്റെ ചേർച്ചയും പരസ്പര വിശുദ്ധീകരണവും വഴി ഒന്നായിത്തീരട്ടെ. അങ്ങനെ ജീവന്റെ ഉറവിടമായ ക്രിസ്തുവിനെ അനുകരിച്ച് തങ്ങളുടെ ദൈവവിളിയുടെ സന്തോഷങ്ങളിലും ത്യാഗങ്ങളിലും വിശ്വസ്ത സ്നേഹത്തിലൂടെ, കർത്താവു തന്റെ മരണവും ഉത്ഥാനവുംവഴി ലോകത്തിനു വെളിപ്പെടുത്തിയ ആ സ്നേഹരഹസ്യത്തിന് അവർ സാക്ഷികളാകും (ഗാവുദിയും ഏത്ത് സ്പെസ്, 52: കത്തോലിക്കാ സഭയുടെ

മതബോധനഗ്രന്ഥം 1533-1535). സിനഡിന്റെ റിപ്പോർട്ടിൽ നിന്നുണ്ടാകുന്ന ചോദ്യങ്ങൾ ഈ അനുകൂല വിഷയത്തിൽ നിന്നാണ് ക്രോഡീകരിച്ചത്. കുടുംബ സുവിശേഷത്തിന്റെ നവീകൃതമായൊരു പ്രഘോഷണത്തിൽ അജപാലകരിൽ നിന്നും ദൈവജനത്തിൽ നിന്നും വിശ്വസ്തവും സുധീരവുമായ പ്രത്യുത്തരത്തെ ഉണർത്തുന്നതിനു വേണ്ടിയാണത്.

**യേശുവിലേക്കുള്ള നോട്ടവും രക്ഷാചരിത്രത്തിലെ ദൈവിക ശിക്ഷണശാസ്ത്രവും (നമ്പർ 12-14)**

ഫ്രാൻസിസ് മാർപാപ്പായുടെ ക്ഷണം സ്വീകരിച്ചുകൊണ്ട് കുടുംബത്തിലേക്കു വെളിച്ചം വീശുക കൂടി ചെയ്യുന്ന ക്രിസ്തുവിന്റെ സ്ഥിരസത്യത്തിലേക്കും അക്ഷയനവീനതയിലേക്കും നോക്കുന്നു. "ക്രിസ്തു ശാശ്വതസുവിശേഷമാണ് (വെളി. 14:6), അവിടുന്ന് ഇന്നലെയും ഇന്നും എന്നേക്കും ഒരാൾ തന്നെയാണ് (ഹെബ്രാ 13:8). എന്നാലും അവിടുത്തെ സമ്പന്നതയും സൗന്ദര്യവും അക്ഷയമാണ്. അവിടുന്ന് എന്നും യുവത്വമുള്ളവനും നവീനതയുടെ സ്ഥിരമായ ഉറവിടവുമാണ്" (സുവിശേഷത്തിന്റെ സന്തോഷം).

7. ക്രിസ്തുവിലേക്കുള്ള ഉറ്റുനോട്ടം പുതിയ സാധ്യതകളെ തുറന്നുതരുന്നു. "യഥാർത്ഥത്തിൽ ക്രൈസ്തവാനുഭവത്തിന്റെ ഉറവിടത്തിലേക്കു നാം തിരിച്ചു ചെല്ലുമ്പോഴെല്ലാം പുതിയ പാതകളും സ്വപ്നാതീതമായ സാധ്യതകളും തുറന്നുവരുന്നു" (നമ്പർ 12). കുടുംബങ്ങൾക്കുവേണ്ടി അജപാലനപ്രവർത്തനത്തിൽ വിശുദ്ധ ലിഖിതത്തിൽ നിന്നുള്ള പ്രബോധനം ഉപയോഗിക്കുന്നത് എങ്ങനെയാണ്? "നമ്മുടെ നോട്ടത്തെ ക്രിസ്തുവിൽ ഉറപ്പിക്കൽ" കുടുംബങ്ങൾക്കുവേണ്ടിയുള്ള ധീരവും വിശ്വസ്തവുമായ അജപാലന ശുശ്രൂഷയെ എത്രമാത്രം പോഷിപ്പിക്കുന്നുണ്ട്?

8. വിവാഹത്തെയും കുടുംബത്തെയും സംബന്ധിച്ച ഏതു മൂല്യങ്ങളാണ് യുവജനങ്ങളിലും ദമ്പതികളിലും സാക്ഷാത്കരിക്കപ്പെട്ടതായി കാണാൻ കഴിയുന്നത്? ഉയർത്തിക്കാണിക്കാവുന്ന മൂല്യങ്ങൾ ഉണ്ടോ? (cf നമ്പർ 13). ഉപേക്ഷിക്കുകയും കീഴടക്കുകയും ചെയ്യേണ്ട പാപകരങ്ങളായ വശങ്ങൾ ഏവ?

9. ഭാവിയിൽ വിവാഹത്തിലേക്കു നയിക്കാവുന്ന ദമ്പതികളുടെ സഹവാസം പക്വതയിലെത്തുന്ന പ്രവർത്തനത്തിൽ എന്താണു

വേണ്ടതെന്നു കൂടുതലായി മനസ്സിലാക്കണം. അതിന് ദൈവിക ശിക്ഷണ ശാസ്ത്രമാണ് പരിഗണിക്കേണ്ടത്? (cf നമ്പർ 13)

10. വിവാഹത്തിലെ അവിഭാജ്യതയെന്ന ദാനം ജീവിക്കാനും അത് കൂടുതൽ കൂടുതൽ വളർത്താനും വേണ്ടി അതിന്റെ മഹത്ത്വവും സൗന്ദര്യവും പ്രകടിപ്പിക്കാൻ എന്താണു ചെയ്യുന്നത്? (cf നമ്പർ 14)

11. വൈവാഹിക ബന്ധങ്ങളിലുള്ള സ്വാഭാവിക ദൗർബല്യത്തെ കീഴടക്കാൻ ദൈവവുമായിട്ടുള്ള ബന്ധത്തിന് ദമ്പതികളെ സഹായിക്കാൻ കഴിയുമെന്നു ദമ്പതികൾ മനസ്സിലാക്കാൻ അവരെ എങ്ങനെ സഹായിക്കാൻ കഴിയും? (cf നമ്പർ 14) ഓരോ യഥാർത്ഥ വിവാഹത്തോടും കൂടെ ദൈവികാനുഗ്രഹമുണ്ടെന്ന വസ്തുതയ്ക്ക് ആളുകൾ എങ്ങനെ സാക്ഷ്യം നല്കുന്നു? കൂദാശയുടെ കൃപാവരം വിവാഹിതരായ ദമ്പതികളെ അവരുടെ സംയുക്ത ജീവിതത്തിലെല്ലാം താങ്ങിനിറുത്തുന്നുണ്ടെന്ന് ആളുകൾ എങ്ങനെ വെളിപ്പെടുത്തുന്നു?

**കുടുംബം ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ (നമ്പർ 15–16)**

സൃഷ്ടിയിൽ, സ്ത്രീപുരുഷന്മാർ തമ്മിലുള്ള സ്നേഹത്തിന്റെ വിളി കർത്താവായ ക്രിസ്തുവിന്റെ പെസഹാ രഹസ്യത്തിൽ നിന്ന് പൂർണസാക്ഷാത്കാരം സ്വീകരിക്കുന്നു. സംപൂർണമായ ആത്മദാനം വഴി സഭയെ തന്റെ മൗതികശരീരമാക്കിയ വ്യക്തിയാണു ക്രിസ്തു. ക്രൈസ്തവ വിവാഹം, ക്രിസ്തുവിന്റെ കൃപാവരത്തെ ആശ്രയിച്ചു കൊണ്ട് വിളിക്കപ്പെട്ടവർക്ക് അങ്ങനെ വിശുദ്ധിയാകുന്ന സ്നേഹപൂർണതയിലേക്കു നയിക്കുന്ന പാതയാകും.

12. ക്രൈസ്തവവിവാഹം ദൈവത്തിന്റെ ആദിമപദ്ധതിയനുസരിച്ചുള്ളതാണ്. അങ്ങനെ അത് സാക്ഷാത്കാരത്തിന്റേതാണ്. തടങ്കൽ വാസത്തിന്റേതല്ല. ഈ വസ്തുത ജനങ്ങൾക്ക് എങ്ങനെ മനസ്സിലാക്കി ക്കൊടുക്കും? (cf നമ്പർ 13)

13. ദൈവരാജ്യസേവനത്തിൽ സുവിശേഷവത്കരണ പ്രവർത്തനത്തിന്റെ പ്രവർത്തകയും വിഷയവുമായിട്ടുള്ള "ഗൃഹസഭ" (ലൂമെൻ ജെൻസിയും II) എന്ന നിലയിൽ സഭയെ എങ്ങനെ സങ്കല്പി ക്കാനാവും?

14. കുടുംബത്തിനുള്ള ഈ പ്രേഷിതദൗത്യത്തെക്കുറിച്ചുള്ള ഒരു ബോധം എങ്ങനെ പോഷിപ്പിക്കാൻ കഴിയും?

**കുടുംബം സഭയുടെ പ്രമാണരേഖകളിൽ (നമ്പർ 17–20)**

സഭയുടെ പ്രബോധനാധികാരത്തെ അതിന്റെ സർവസമ്പന്നത

കളോടുംകൂടി ദൈവജനം അറിയേണ്ടിയിരിക്കുന്നു. വൈവാഹിക ആധ്യാത്മികത അജപാലകരുടെ നിരന്തരമായ പ്രബോധനം വഴി പോഷിപ്പിക്കപ്പെട്ടിട്ടുണ്ട്. അജപാലകർ ദൈവവചനത്തോടും വിശ്വാസത്തിന്റെയും പരസ്നേഹത്തിന്റെയും കൂദാശകളോടുമുള്ള നിരന്തരശ്രദ്ധയിലൂടെ അജഗണത്തെ പരിപാലിക്കുകയും വളർത്തുകയും ചെയ്തിട്ടുണ്ട്.

15. കർത്താവ് സ്നേഹത്തോടെ ക്രൈസ്തവ കുടുംബത്തെ നോക്കുന്നു. അവിടുന്നിലൂടെ ജീവന്റെയും സ്നേഹത്തിന്റെയും യഥാർത്ഥ സമൂഹമായി കുടുംബം വളരുന്നു. കുടുംബപരമായ ആധ്യാത്മികത എങ്ങനെ വികസിപ്പിക്കാൻ കഴിയും? ക്രിസ്തുവിലുള്ള പുതിയ ജീവിതത്തിന്റെ സ്ഥാനങ്ങളായിത്തീരാൻ കുടുംബങ്ങൾക്ക് എങ്ങനെ കഴിയും? (cf നമ്പർ 21)

16. കുടുംബത്തിൽ സഭയുടെ പ്രബോധനമനുസരിച്ചു ജീവിക്കാൻ ആളുകളെ അറിയിക്കാനും സഹായിക്കാനും മതബോധനത്തിൽ എന്തു സംരംഭങ്ങളാണ് വികസിപ്പിക്കേണ്ടതും വളർത്തേണ്ടതും? സർവോപരി, ജീവിക്കുന്നതും ഏറ്റുപറയുന്നതും തമ്മിൽ സാധ്യതയുള്ള ഏതെങ്കിലും പൊരുത്തക്കേടുണ്ടെങ്കിൽ അതിനെ അതിജീവിക്കാനും മാനസാന്തര പ്രക്രിയയിലേക്കു നയിക്കാനും വേണ്ടി എന്താണു ചെയ്യേണ്ടത്?

### വിവാഹത്തിന്റെ അവിഭാജ്യതയും ജീവിതത്തെ ഒന്നിച്ച് പങ്കുവയ്ക്കുന്നതിലുള്ള സന്തോഷവും (നമ്പർ 21–22)

"യഥാർത്ഥമായ ദാമ്പത്യസ്നേഹം ദൈവസ്നേഹത്തിലേക്കു നീങ്ങുന്നു. ക്രിസ്തുവിന്റെ രക്ഷാകരശക്തിയും ആത്മവിശുദ്ധിക്ക് ഉതകുന്ന സഭാപ്രവർത്തനങ്ങളും ചെയ്യുന്നു. അങ്ങനെ പ്രസ്തുത സ്നേഹം ഭാര്യാഭർത്താക്കന്മാരെ സുശക്തമായ ഫലങ്ങളോടുംകൂടി ദൈവത്തിലേക്ക് അടുപ്പിക്കുകയും ശ്രേഷ്ഠമായ പിതൃധർമ്മവും മാതൃധർമ്മവും നിർവഹിക്കാൻ അവരെ സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. അതിനാൽ ക്രൈസ്തവദമ്പതികൾ തങ്ങളുടെ ജീവിതാവസ്ഥയുടെ കടമകൾക്കും വൈശിഷ്ട്യത്തിനും ചേർന്നവിധത്തിൽ ഒരു പ്രത്യേക കൂദാശയാൽ സംരക്ഷിതരാണ്. ഒരുവിധത്തിൽ അവർ പ്രതിഷ്ഠിതരുമാണ്. ഈ കൂദാശയുടെ ശക്തിവിശേഷത്താൽ ഭാര്യാഭർത്താക്കന്മാർ അവരുടെ ദാമ്പത്യപരവും കുടുംബപരവുമായ ചുമതലകൾ നിർവഹിച്ചുകൊണ്ട് ക്രിസ്തുവിന്റെ

ചൈതന്യത്താൽ നിറയുകയും അതുവഴി അവരുടെ ജീവിതം മുഴുവനും വിശ്വാസം, പ്രതീക്ഷ, സ്നേഹം എന്നിവയാൽ നിറയുകയും ചെയ്യുന്നു. തന്മൂലം കൂടുതൽ കൂടുതൽ പരിപൂർണതയും അന്യോന്യ വിശുദ്ധീകരണവും പ്രാപിക്കാനും അങ്ങനെ ദൈവമഹത്ത്വം വർധിപ്പിക്കാനും ഇടയാകുന്നു (ഗാവുദിയും ഏത്ത് സ്പെസ് 48).

17. സമ്പൂർണ വൈയക്തിക സാക്ഷാത്കാരത്തിലേക്കുള്ള വഴിയെന്ന നിലയിൽ അവിഭാജ്യവും ഫലപൂർണവുമായ വിവാഹത്തിന്റെ മൂല്യം മനസ്സിലാക്കാൻ ജനങ്ങളെ നയിക്കാൻ കഴിയുന്ന സംരംഭങ്ങൾ ഏവയാണ്? (cf നമ്പർ 21)

18. മനുഷ്യാസ്തിത്വത്തിന്റെ സന്തോഷങ്ങൾ അനുഭവിക്കാൻ അനേകം അതുല്യവശങ്ങൾ കുടുംബത്തിനുണ്ടെന്ന് കാണിക്കുന്നതിന് എന്തു ചെയ്യാൻ കഴിയും?

19. രണ്ടാം വത്തിക്കാൻ കൗൺസിൽ, ഒരു പുരാതന സഭാപാരമ്പര്യത്തിലേക്ക് തിരിഞ്ഞിട്ട് സ്വാഭാവിക വിവാഹത്തെ ആദരിച്ചു. സംസ്കാരത്തിലും സമൂഹത്തിലും അടിസ്ഥാനപരമായിട്ടുള്ള ഈ ജനകീയ ജ്ഞാനത്തിന്റെ മൂല്യത്തെ രൂപതവക അജപാലന പ്രവർത്തനം എത്രമാത്രം അംഗീകരിക്കുന്നുണ്ട്? (cf.നമ്പർ 22)

**കുടുംബത്തിന്റെ സത്യവും സൗന്ദര്യവും, മുറിപ്പെട്ട കുടുംബങ്ങളോടും തകരാവുന്ന കുടുംബങ്ങളോടും കാണിക്കുന്ന കാരുണ്യവും (നമ്പർ 23–28)**

സിനഡിലുണ്ടായിരുന്ന അജപാലകർ വിജയപ്രദമായ വിവാഹങ്ങളുടെയും സുശക്തമായ കുടുംബങ്ങളുടെയും സൗന്ദര്യം പരിഗണിച്ചു. ജീവിതപങ്കാളികൾ ഉപേക്ഷിച്ചിട്ടുപോലും വിവാഹബന്ധത്തോടുള്ള വിശ്വസ്തതയിൽ കഴിയുന്നവർ നല്കുന്ന ഉദാരതാപൂർണമായ സാക്ഷ്യത്തെ പ്രശംസിച്ചു. എന്നിട്ട് അവർ ആത്മാർത്ഥതയോടും ധീരതയോടും കൂടി, എന്നാൽ ഉത്കണ്ഠയോടും ശ്രദ്ധയോടും കൂടി – അങ്ങനെ സ്വയം ചോദിച്ചു: സിവിൽ വിവാഹം വഴി ഒന്നിച്ച കത്തോലിക്കരെയും വെറുതേ കൂടിത്താമസിക്കുന്നവരെയും, സാധുവായ വിവാഹത്തിനുശേഷം വിവാഹബന്ധം വേർപെടുത്തി സിവിൽ വിവാഹം നടത്തിയവരെയും സഭ എങ്ങനെ പരിഗണിക്കണം?

അനേകം വ്യത്യസ്തസാഹചര്യങ്ങളിലുള്ള സുവ്യക്തമായ പരിമിതികളും അപൂർണതകളും അറിയുന്ന സിനഡുപിതാക്കന്മാർ

ഫ്രാൻസിസ് മാർപാപ്പാ സൂചിപ്പിച്ച ഭാവാത്മകമായ വീക്ഷണം സ്വീകരിച്ചു. അതനുസരിച്ച് സുവിശേഷാദർശത്തിൽ നിന്നു മാറാതെ തന്നെ, അവർ കാരുണ്യത്തോടും ക്ഷമയോടും കൂടി വ്യക്തിപരമായ വളർച്ചയുടെ ക്രമാനുഗതമായ ഘട്ടങ്ങളെ - അവ തുടർച്ചയായി സംഭവിക്കുന്നതനുസരിച്ച് - സഹഗമിക്കണം (സുവിശേഷത്തിന്റെ സന്തോഷം 44)

20. ആരും ദൈവത്തിന്റെ കാരുണ്യത്തിന് അപ്പുറത്തല്ലെന്ന് മനസ്സിലാക്കാൻ ആളുകളെ എങ്ങനെ സഹായിക്കാൻ കഴിയും? കുടുംബങ്ങൾക്കുവേണ്ടിയുള്ള, പ്രത്യേകിച്ച് മുറിപ്പെട്ടതും തകരാവുന്നതുമായ കുടുംബങ്ങൾക്കുവേണ്ടിയുള്ള സഭയുടെ അജപാലന പ്രവർത്തനത്തിൽ ഈ സത്യം എങ്ങനെ പ്രകടിപ്പിക്കാനാവും? (cf നമ്പർ 28)

21. ക്രിസ്തുവിന്റെ സ്നേഹമാകുന്ന ദാനത്തെക്കുറിച്ചുള്ള തികഞ്ഞ ധാരണയിലേക്ക് ഇനിയും എത്തിച്ചേരാത്തവരെ സംബന്ധിച്ചിടത്തോളം, സുവിശേഷത്തിന്റെ ആവശ്യങ്ങളെപ്പറ്റി പ്രഘോഷിക്കുന്നതിൽ പരാജയപ്പെടാതെ തന്നെ, വിശ്വാസികൾക്ക് എങ്ങനെ സൗഹൃദമനോഭാവം പ്രകടിപ്പിക്കാനും വിശ്വസനീയമായ മാർഗനിർദ്ദേശം നല്കാനും സാധിക്കും? (cf. നമ്പർ 24)

22. സ്ത്രീ പുരുഷബന്ധത്തിന്റെ വിവിധരൂപങ്ങളിൽ (അവയിൽ മാനുഷിക മൂല്യങ്ങൾ ഉണ്ടായിരിക്കാം) കഴിയുന്ന വ്യക്തികൾ സഭയുടെ സന്മനസ്സിൽ വളരാൻ അഭിമാനബോധവും ആത്മധൈര്യവും പ്രോത്സാഹനവും അനുഭവിക്കാൻ എന്തു ചെയ്യാൻ കഴിയും? അങ്ങനെ ക്രൈസ്തവ വിവാഹത്തിന്റെ പൂർണതയിൽ എത്തിച്ചേരാൻ സഹായിക്കപ്പെടാനും എന്തു ചെയ്യാൻ കഴിയും? (cf. നമ്പർ 25)

## ഭാഗം III

## സാഹചര്യത്തെ നേരിടൽ: അജപാലനപരമായ വീക്ഷണങ്ങൾ

സിനഡിന്റെ റിപ്പോർട്ടിന്റെ മൂന്നാംഭാഗം പരിശോധിക്കുമ്പോൾ രണ്ടാംവത്തിക്കാൻ സൂനഹദോസിലും ഫ്രാൻസിസ് മാർപാപ്പായുടെ പ്രബോധനാധികാരത്തിലും അടിയുറപ്പിച്ചിട്ടുള്ള അസാധാരണ സിനഡിൽ ആരംഭിച്ച അജപാലന സമീപനത്താൽ നയിക്കപ്പെടുകയെന്നത് സുപ്രധാന കാര്യമാണ്. ഈ ഭാഗത്തിന്റെ സൂക്ഷ്മ പരിശോധന തുടരാൻ മെത്രാന്മാരുടെ കോൺഫ്രൻസുകൾക്ക്

ഉത്തരവാദിത്വമുണ്ട്. പ്രാദേശിക സഭയുടെ എല്ലാ തലങ്ങളിലും ഏറ്റവും നല്ല രീതിയിൽ പ്രയോഗിക്കാനും അവയുടെ സവിശേഷസാഹ ചര്യങ്ങളിൽ നിന്ന് വസ്തുനിഷ്ഠമായ ഉദാഹരണങ്ങൾ നല്കാനും അവർക്കുകടമയുണ്ട്. ഓരോ പരിശ്രമവും പുതുതായി തുടങ്ങാതെ അസാധാരണ സിനഡ് തുടങ്ങിവച്ച പാത തുടരണം.

**കുടുംബസുവിശേഷപ്രഘോഷണം ഇന്ന്: പുതിയ സാഹചര്യ ങ്ങളിൽ (നമ്പർ 29–38)**

കുടുംബങ്ങൾക്കുള്ള ആവശ്യങ്ങൾ മൂലവും അതേസമയം, ഇന്നത്തെ ലോകത്തിലുള്ള സങ്കീർണമായ അനേകം വെല്ലുവിളികൾ മൂലവും, കുടുംബസുവിശേഷം ധീരതയോടെ നിർബന്ധാത്മകമായ രീതിയിൽ പ്രഘോഷിക്കാനുള്ള സമർപ്പണം നവീകരിക്കണമെന്ന് സിനഡ് ഊന്നിപ്പറഞ്ഞു.

23. വൈദികരുടെയും മറ്റ് അജപാലകപ്രവർത്തകരുടെയും പരിശീലനത്തിൽ കുടുംബത്തിന് എങ്ങനെ ഊന്നൽ നല്കി യിരിക്കുന്നു? കുടുംബങ്ങൾ എങ്ങനെ ഉൾപ്പെടുന്നു?

24. സമൂഹത്തിലെ ശീഘ്രഗതിയിലുള്ള പരിവർത്തനം മൂലം അജപാലനപരമായ ആശയവിനിമയത്തിന്റെ ഭാഷയെ സ്ഥിരം ശ്രദ്ധിക്കണമെന്ന് ആളുകൾക്ക് അറിയാമോ? കുടുംബജീവിതം പരിശുദ്ധാത്മാവിനെ സ്വാഗതം ചെയ്യുന്ന ഒന്നായി സങ്കല്പിക്കുന്ന തിലും ജീവിക്കുന്നതിലും കൃപാവരത്തിന്റെ പ്രാഥമ്യത്തിന് കാര്യക്ഷമമായി സാക്ഷ്യം നല്കാൻ എങ്ങനെ കഴിയും?

25. ഓരോ കുടുംബവും ദൈവം ഇഷ്ടപ്പെടുന്നതുപോലെ യായിരിക്കണം. സമൂഹം കുടുംബത്തിന്റെ മഹത്ത്വവും ദൗത്യവും അംഗീകരിക്കണം. അതിനു തക്കതായ സാഹചര്യം കുടുംബസുവിശേഷപ്രഘോഷണത്തിൽ എങ്ങനെ സൃഷ്ടിക്കാൻ കഴിയും? ഈ ലക്ഷ്യം പ്രാപിക്കാൻ വേണ്ടി അജപാലനപരമായ എന്തു മാനസാന്തരമാണുണ്ടായത്? ആഴത്തിലുള്ള പരിശോധനയ്ക്കായി എന്തു നടപടികളാണ് കൂടുതലായി സ്വീകരിച്ചിട്ടുള്ളത്?

26. കുടുംബത്തിനുവേണ്ടി സാമൂഹികസ്ഥാപനങ്ങളും സിവിൽ സ്ഥാപനങ്ങളും തമ്മിൽ സഹകരിക്കുക സുപ്രധാനകാര്യമാണെന്ന് ജനങ്ങൾക്ക് അറിയാമോ? ഇത് യഥാർത്ഥത്തിൽ എങ്ങനെ നടത്തപ്പെടുന്നു? അതിനെ പ്രചോദിപ്പിക്കാൻ എന്തെല്ലാം

മാനദണ്ഡങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത്? ഈ വിഷയത്തിൽ കുടുംബസംഘടനകൾക്ക് എന്തു പങ്കുനിർവഹിക്കാൻ കഴിയും? കുടുംബത്തെ ഭീഷണിപ്പെടുത്തുന്ന സാംസ്കാരികവും സാമ്പത്തികവും രാഷ്ട്രീയവുമായ പ്രക്രിയകളെ ധീരതയോടെ തകർക്കുന്നതിലും ഈ സഹകരണം എങ്ങനെ നിലനിറുത്താൻ കഴിയും?

27. കുടുംബത്തിന്റെ നന്മയ്ക്കുവേണ്ടി കുടുംബം, സമൂഹം, പൗരജീവിതം എന്നിവ തമ്മിലുള്ള ബന്ധങ്ങളെ എങ്ങനെ പരിപാലിക്കാൻ കഴിയും? കുടുംബത്തിനുവേണ്ടി രാഷ്ട്രത്തിന്റെയും അന്താരാഷ്ട്ര സമൂഹത്തിന്റെയും പിന്തുണ എങ്ങനെ വളർത്താൻ കഴിയും?

## വിവാഹ വാഗ്ദാനം നടത്തിയവരെ വിവാഹത്തിന് ഒരുക്കൽ (നമ്പർ 39–40)

യുവജനങ്ങളുടെ വിവാഹത്തിനുള്ള കാര്യക്ഷമമായ ഒരുക്കൽ എളുപ്പമുള്ളതാക്കാൻ അടുത്തകാലത്ത് സ്വീകരിക്കപ്പെട്ട നടപടികളെ സിനഡ് അംഗീകരിച്ചു. എന്നാൽ തയ്യാറാക്കലിൽ മാത്രമല്ല കുടുംബ ജീവിതത്തിന്റെ പ്രാരംഭവർഷങ്ങളിലും മുഴുവൻ ക്രൈസ്തവ സമൂഹവും കൂടുതലായി ഇക്കാര്യത്തിൽ സ്വയം സമർപ്പിക്കുക ആവശ്യമാണെന്ന് സിനഡ് ഊന്നിപ്പറയുകയും ചെയ്തു.

28. യേശുക്രിസ്തുവിലുള്ള വിശ്വാസമനുസരിച്ച് കുടുംബത്തിന്റെ വിളിയും ദൗത്യവും ഉയർത്തിക്കാണിക്കാൻ എങ്ങനെയാണ് വിവാഹ ത്തിനുള്ള ഒരുക്കം നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്? അത് യഥാർത്ഥ സഭാത്മക അനുഭവമായി നിർദ്ദേശിച്ചിട്ടുണ്ടോ? അത് എങ്ങനെ നവീകരിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യാം?

29. ക്രൈസ്തവ പ്രാരംഭ മതബോധനം കുടുംബത്തിന്റെ വിളിയോടും ദൗത്യത്തോടുമുള്ള തുറവിനെ എപ്രകാരം അവതരിപ്പിക്കുന്നു? ഏതെല്ലാം പ്രയോഗങ്ങളാണ് ഏറ്റവും അടിയന്തിരമായിട്ടുള്ളത്. മാമ്മോദീസ, കുർബാന, വിവാഹം എന്നിവ തമ്മിലുള്ള ബന്ധം എങ്ങനെയാണ് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്? മിക്കപ്പോഴും വിവാഹത്തിനുള്ള ഒരുക്കത്തിന്റെ ഭാഗങ്ങളായി കരുതാറുള്ള കാറ്റക്യൂമനേറ്റിന്റെയും മിസ്റ്റഗോഗിയുടെയും സ്വഭാവത്തിന് എത്രമാത്രം ഊന്നലാണ് നല്കിയിട്ടുള്ളത്? ഈ സജ്ജീകരണത്തിൽ സമൂഹത്തിന് എങ്ങനെ ഉൾപ്പെടാൻ കഴിയും?

**വിവാഹജീവിതത്തിന്റെ പ്രാരംഭവർഷങ്ങളിൽ വിവാഹിത ദമ്പതികളുടെ കൂടെ സഞ്ചരിക്കൽ (നമ്പർ 40)**

30. വിവാഹത്തിനു തയ്യാറാക്കലും വിവാഹജീവിതത്തിന്റെ പ്രാരംഭവർഷങ്ങളിൽ ദമ്പതികളോടൊപ്പം സഞ്ചരിക്കലും കുടുംബങ്ങളിലും സംഘടനകളിലും കുടുംബപ്രസ്ഥാനങ്ങളിലും നല്കപ്പെടാവുന്ന സാക്ഷ്യവും പിന്തുണയുമാകുന്ന സുപ്രധാന സംഭാവനയെ പര്യാപ്തമാംവിധം വിലമതിക്കുന്നുണ്ടോ? ഇതിനെ സംബന്ധിച്ച് ഭാവാത്മകമായ ഏതെല്ലാം അനുഭവങ്ങളാണ് റിപ്പോർട്ടു ചെയ്യാവുന്നത്?

31. സിനഡിലെ ചർച്ചയിൽ നിരീക്ഷിക്കപ്പെട്ടതുപോലെ കുടുംബജീവിതത്തിന്റെ ആരംഭകാലത്ത് അജപാലകർ ദമ്പതികളുടെ കൂടെ നടക്കുകയെന്നത് ഇനിയും വികസിപ്പിക്കുക ആവശ്യമാണ്. ഏതെല്ലാം പ്രാരംഭ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്? ഇടവകകളിലും രൂപതകളിലും സംഘടനകളിലും പ്രസ്ഥാനങ്ങളിലും ഏതെല്ലാം ഘടകങ്ങളാണ് ഇനിയും അഭിവൃദ്ധിപ്പെടുത്തേണ്ടത്?

**സിവിൽ വിവാഹം നടത്തിയവരോ കൂടിത്താമസക്കാരോ ആയ ദമ്പതികൾക്കു നല്കേണ്ട അജപാലനശുശ്രൂഷ (നമ്പർ 41–43)**

സാംസ്കാരികവും സാമ്പത്തികവുമായ ഘടകങ്ങളുടെ ബാഹുല്യത്തിനുണ്ടാകുന്ന വ്യത്യസ്ത സാഹചര്യങ്ങളെയും പാരമ്പര്യത്തിൽ ഉറച്ച ആചരണങ്ങളെയും ജീവിതകാലം മുഴുവനുള്ള സമർപ്പണം നടത്താൻ യുവജനങ്ങൾക്കുണ്ടാകുന്ന പ്രയാസത്തെയും കുറിച്ച് സിനഡു ചർച്ച ചെയ്തു.

32. സഭയുടെ പ്രബോധനത്തിൽ വിവാഹത്തിന്റെ പ്രാഥമിക ഘടകങ്ങൾ ഐക്യം, അവിഭാജ്യത, ജീവനോടുള്ള തുറവി എന്നിവയാണ്. ഇതിന്റെ വെളിച്ചത്തിൽ, ഓരോ സാഹചര്യത്തെയും അജപാലനപരമായി ശരിയായി തിരിച്ചറിയുന്നതിന് ഏതെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിച്ചിട്ടുള്ളത്?

33. ഈ സാഹചര്യങ്ങളിൽ അജപാലനപരമായി ഇടപെടാൻ ക്രൈസ്തവസമൂഹത്തിനു കഴിയുമോ? സിവിൽ വിവാഹം ചെയ്തിട്ടുള്ളവരെ വിവാഹമെന്ന കൂദാശയിലേക്കുള്ള വളർച്ചയുടെയും മാനസാന്തരത്തിന്റെയും വഴിയിൽ നയിക്കുകയും പിൻതാങ്ങുകയും ചെയ്യുന്നതിന് അവരുടെ ജീവിതത്തിലെ ഭാവാത്മകവും

നിഷേധാത്മകവുമായ ഘടകങ്ങളെ തിരിച്ചറിയാൻ അത് എങ്ങനെ സഹായിക്കും? കൂടിത്താമസക്കാർ വിവാഹം ചെയ്യാൻ തീരുമാനിക്കുന്നതിന് എങ്ങനെ സഹായിക്കാനാവും?

34.ഘടകങ്ങളായിട്ടുള്ള വിവാഹത്തിന്റെ പരമ്പരാഗത രൂപങ്ങളുടെയോ കുടുംബങ്ങൾ തമ്മിലുള്ള വിവാഹങ്ങളുടെയോ തുടർച്ചയിൽ നിന്നുണ്ടാകുന്ന പ്രശ്നങ്ങൾക്ക്, പ്രത്യേകമാംവിധം എന്ത് ഉത്തരം പറയാനാവും?

**മുറിപ്പെട്ട കുടുംബങ്ങൾക്ക് (വേർപിരിഞ്ഞവർ, വിവാഹ മോചനം നടത്തിയിട്ട് വീണ്ടും വിവാഹം ചെയ്യാത്തവർ, വേർപിരിഞ്ഞിട്ട് വീണ്ടും വിവാഹം ചെയ്തവർ, സിംഗിൾ -പേരന്റ് കുടുംബങ്ങൾ) നല്കേണ്ട ശുശ്രൂഷ (നമ്പർ 44-54).**

സിനഡിലെ ചർച്ച, അജപാലനത്തിൽ അടിസ്ഥാനമുള്ള *സഹഗമനത്തിന്റെ* കലയുടെ ആവശ്യം ഉയർത്തിക്കാണിച്ചു. “അത് സ്ഥിരമായിട്ടുള്ളതും ഉറപ്പുനല്കുന്നതുമായിരിക്കണം. നമ്മുടെ അടുപ്പവും കരുണാപൂർണമായ നോട്ടവും പ്രതിബിംബിക്കുന്നതായിരിക്കണം. ആ അടുപ്പവും കരുണാർദ്രമായ നോട്ടവും സുഖപ്പെടുത്തുന്നതും വിമോചിപ്പിക്കുന്നതുമാണ്. ക്രൈസ്തവ ജീവിതത്തിൽ വളരാൻ പ്രോത്സാഹിപ്പിക്കുന്നതുമാണ് (സുവിശേഷത്തിന്റെ സന്തോഷം, 169).

35. മുറിപ്പെട്ട എല്ലാ കുടുംബങ്ങളും സ്വർഗീയപിതാവിന്റെ കാരുണ്യം അനുഭവിക്കുന്നതിന് അവരുടെ ശുശ്രൂഷ ഏറ്റെടുക്കാൻ ക്രൈസ്തവ സമൂഹത്തിനു സാധിക്കുമോ? മിക്കപ്പോഴും ഈ സാഹചര്യത്തിനു കാരണമായ സാമൂഹിക-സാമ്പത്തിക ഘടകങ്ങളെ മാറ്റിക്കളയാൻ ക്രൈസ്തവസമൂഹം എങ്ങനെ പരിശ്രമിക്കുന്നു? ആ പ്രവർത്തനം വർധിപ്പിക്കാനും അതിനെ താങ്ങിനിറുത്തുന്ന ദൗത്യബോധത്തെ വളർത്താനും എന്തു നടപടികൾ സ്വീകരിച്ചു? ഇനിയും എന്തു ചെയ്യാൻ കഴിയും?

36.പ്രാദേശികസഭയുടെ തലത്തിൽ പങ്കുവയ്ക്കപ്പെട്ട അജപാലന മാർഗ്ഗനിർദ്ദേശങ്ങളുടെ തിരിച്ചറിയൽ എങ്ങനെ വളർത്താനാവും? പത്രോസിന്റെ കൂടെയും പത്രോസിനോടു ചേർന്നും വിവിധ പ്രാദേശിക സഭകളുടെയിടയിൽ ഈ വിഷയത്തെ സംബന്ധിച്ച സംവാദം എങ്ങനെ വികസിപ്പിക്കാം?

37. വിവാഹത്തിന്റെ അസാധുത സംബന്ധമായ കേസുകളുടെ പ്രക്രിയ കൂടുതൽ അടുക്കാവുന്നതും എളുപ്പമുള്ളതും കഴിയുമെങ്കിൽ ചെലവില്ലാത്തതുമാക്കാൻ എങ്ങനെ കഴിയും?

38. വേർപിരിഞ്ഞിട്ട് പുനർവിവാഹം ചെയ്തവരെ സംബന്ധിച്ചിടത്തോളം കൂദാശകളുടെ ആവശ്യങ്ങളെ സംബന്ധിച്ച അജപാലന പതിവിനെ സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തണം. ഓർത്തഡോക്സു സഭയുടെ പതിവുവിലയിരുത്തുകയും വേണം. "വസ്തുനിഷ്ഠമായ പാപാവസ്ഥയും ഗൗരവം കുറയ്ക്കുന്ന സാഹചര്യങ്ങളും തമ്മിലുള്ള വ്യത്യാസം" പരിഗണിച്ചുകൊണ്ട് അങ്ങനെ ചെയ്യണം (നമ്പർ 52). ഇത്തരം കേസുകളെ സംബന്ധിച്ച വീക്ഷണങ്ങൾ ഏവ? എന്താണ് സാധ്യമായത്? അർഹമല്ലാത്തതോ ആവശ്യമില്ലാത്തതോ ആയ തടസ്സങ്ങളുടെ രൂപങ്ങളെ ഒഴിവാക്കാൻ ഏതെല്ലാം നിർദ്ദേശങ്ങളാണുള്ളത്?

39. മിശ്രവിവാഹങ്ങളിൽ നിന്നോ മതാന്തരവിവാഹങ്ങളിൽ നിന്നോ ഉണ്ടാകുന്ന വെല്ലുവിളികളോടുള്ള സാധുവായ പ്രത്യുത്തരം ഇന്നത്തെ നിയമത്തിലുണ്ടോ? മറ്റു ഘടകങ്ങൾ കൂടി പരിഗണിക്കണമോ?

**സ്വവർഗഭോഗപരമായ പ്രവണതകൾ ഉള്ളവരോട് അജപാലനപരമായ ശ്രദ്ധ (നമ്പർ 55–56)**

സ്വർവർഗഭോഗപരമായ പ്രവണതകളോടുകൂടിയ വ്യക്തികളെ സംബന്ധിച്ച അജപാലനശുശ്രൂഷ ഇന്ന് പുതിയ വെല്ലുവിളികൾ ഉണർത്തുന്നു. അവരുടെ അവകാശങ്ങൾ സമൂഹത്തിൽ അവതരിപ്പിക്കുന്ന രീതിമൂലമാണത്.

40.സ്വവർഗഭോഗപരമായ പ്രവണതകളോടുകൂടിയ വ്യക്തികളുള്ള കുടുംബങ്ങൾക്ക് അജപാലനശ്രദ്ധ നല്കാൻ ക്രൈസ്തവ സമൂഹത്തിന് എങ്ങനെ കഴിയും? സാംസ്കാരിക വൈകാരികതയുടെ വെളിച്ചത്തിൽ ഏതു പ്രത്യുത്തരങ്ങളാണ് ഏറ്റവും സമുചിതമായി കരുതേണ്ടത്? അനീതിപരമായ വിവേചനം ഒഴിവാക്കി ക്കൊണ്ട്, സുവിശേഷവെളിച്ചത്തിൽ അത്തരം വ്യക്തികൾക്ക് എങ്ങനെ അജപാലനശുശ്രൂഷ സ്വീകരിക്കാൻ കഴിയും? അവരോട് അവരുടെ സാഹചര്യത്തിൽ ദൈവത്തിന്റെ ഇഷ്ടം എങ്ങനെ അവതരിപ്പിക്കാം?

**ജീവൻ പകരലും താഴ്ന്ന ജനനനിരക്കാകുന്ന വെല്ലുവിളിയും (നമ്പർ 57–59)**

ജീവൻ പകരൽ കുടുംബത്തിന്റെ വിളിയുടെയും ദൗത്യത്തിന്റെയും ഒരു മൗലികഘടകമാണ്. "അതുവഴി അവർ സ്രഷ്ടാവായ ദൈവത്തിന്റെ സ്നേഹത്തോട് സഹകരിക്കുകയാണെന്ന് അവർ അറിയണം. മനുഷ്യജീവൻ പകരുകയും കുട്ടികളെ വളർത്തുകയും ചെയ്യുന്ന ദൗത്യത്തിൽ അവർ ആ സ്നേഹത്തിന്റെ വ്യാഖ്യാതാക്കളാണെന്നും അവർ അറിയണം. ഇത് അവരുടെ ശരിയായ ദൗത്യമായി കരുതപ്പെടണം" (ഗാവുദിയും ഏത്ത് സ്പെസ് 50).

41. ഒരു മാതാവോ പിതാവോ ആയിത്തീരുന്നതിന്റെ സൗന്ദര്യത്തെയും മഹത്ത്വത്തെയും അറിയിക്കാനും കാര്യക്ഷമമായി വളർത്താനും ശ്രദ്ധേയമായ എന്തു നടപടികളാണു സ്വീകരിച്ചിട്ടുള്ളത്. ഉദാഹരണമായി വാഴ്ത്തപ്പെട്ട പോൾ 6–ാമൻ മാർപാപ്പായുടെ മനുഷ്യജീവൻ (Humanae Vitae) എന്ന ചാക്രിക ലേഖനത്തിന്റെ വെളിച്ചത്തിൽ എന്തു ചെയ്തു? മാനുഷിക പ്രത്യുത്പാദനത്തിന്റെ പരിസ്ഥിതിയെ മാനിക്കുന്ന ശാസ്ത്രങ്ങളും ബയോകെമിക്കൽ സാങ്കേതിക വിദ്യകളുമായിട്ടുള്ള സംവാദം എങ്ങനെ വളർത്താൻ കഴിയും?

42. ഉദാരതാപൂർണമായ മാതൃത്വവും പിതൃത്വവും ഉണ്ടാകാൻ തക്ക വ്യവസ്ഥിതികളും ഉപാധികളുമുണ്ടായിരിക്കണം. ക്രൈസ്തവ സമൂഹം കാര്യക്ഷമമായ ഐക്യദാർഢ്യവും പിന്തുണയും പ്രാവർത്തികമാക്കുന്നുണ്ടോ? എങ്ങനെ? സാമൂഹിക രാഷ്ട്രീയ തലത്തിൽപോലും സാധുവായ പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കാൻ ആവശ്യമായ ധൈര്യം അതിനുണ്ടോ? ഫലപൂർണമായ ഉദാരതയുടെ സുശക്തമായ അടയാളമെന്ന നിലയിൽ ദത്തെടുക്കലും വളർത്തലും (foster parenting) എങ്ങനെ പ്രോത്സാഹിപ്പിക്കാൻ കഴിയും? കുട്ടികളോടുള്ള ശ്രദ്ധയും ആദരവും എങ്ങനെ പ്രോത്സാഹിപ്പിക്കാൻ കഴിയും? കുട്ടികളോടുള്ള ശ്രദ്ധയും ആദരവും എങ്ങനെ വളർത്താൻ കഴിയും?

43. ക്രൈസ്തവർ മാതൃത്വമോ പിതൃത്വമോ ജീവിക്കുന്നത് ഒരു വിളിയോടുള്ള പ്രത്യുത്തരമായിട്ടാണ്. മതബോധനത്തിൽ ഈ വിളിക്ക് വേണ്ടത്ര ഊന്നൽ നല്കുന്നുണ്ടോ? ജനസംഖ്യാപരമായ മാറ്റത്തിന്റെ

ഗൗരവപൂർണമായ അനന്തരഫലങ്ങളെക്കുറിച്ച് ജനങ്ങൾക്കു ബോധമുണ്ടോ?

44. സഭ ഗർഭഛിദ്രമെന്ന പ്രഹരത്തിനെതിരേ പടപൊരുതുന്നതും കാര്യക്ഷമമായ ജീവസംസ്കാരം വളർത്തുന്നതും എങ്ങനെയാണ്?

**കുട്ടികളെ വളർത്തലും കുടുംബത്തിന്റെ പങ്കും: സുവിശേഷ വത്കരണത്തിൽ (നമ്പർ 60–61)**

45. കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുകയെന്ന ദൗത്യം മാതാപിതാക്കൾക്ക് എളുപ്പമുള്ളകാര്യമല്ല. അവർക്ക് ക്രൈസ്തവ സമൂഹത്തിൽ നിന്ന് ഐക്യദാർഢ്യവും പിന്തുണയും ലഭിക്കുന്നുണ്ടോ? പരിശീലനത്തെ സംബന്ധിച്ച് എന്തു നിർദ്ദേശങ്ങളാണ് നല്കപ്പെടാവുന്നത്? കുട്ടികളെ വളർത്തുന്നതിൽ മാതാപിതാക്കളെ അംഗീകരിക്കാൻ സാമൂഹിക രാഷ്ട്രീയതലത്തിൽ പോലും എന്തു നടപടികൾ സ്വീകരിക്കാൻ കഴിയും?

46. വിശ്വാസം കൈമാറുകയെന്ന ധർമ്മം ക്രൈസ്തവ നായിരിക്കുകയെന്നതിന്റെ ഒരു മൗലികവശമാണെന്ന് മാതാപിതാക്കളെയും ക്രൈസ്തവകുടുംബത്തെയും എങ്ങനെ ബോധ്യപ്പെടുത്താനാവും?

# രൂപതാകച്ചേരി വാർത്തകൾ

**തിരുബാലസഖ്യം ഫെബ്രുവരി 8**

ഫെബ്രുവരി 8 ന് തിരുബാലസഖ്യദിനമായി ആചരിക്കുന്നു. അന്നേദിവസത്തെ സ്തോത്രകാഴ്ച തിരുബാലസഖ്യപ്രവർത്തനങ്ങൾക്കായി അയച്ചുകൊടുക്കുവാൻ എത്രയും വേഗം രൂപതാകേന്ദ്രത്തിലെത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സ്നേഹസ്മരണ**

ഫെബ്രുവരി 7 ന് ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെയും ഫെബ്രുവരി 15 ന് ബഹു. ജെയിംസ് കരോട്ടച്ചന്റെയും മരണവാർഷിക ദിനങ്ങളാണ്. ഇരുവരെയും നമ്മുടെ പ്രാർത്ഥനകളിൽ അനുസ്മരിക്കാം.

**മനുഷ്യക്കടത്തിനെതിരെ പ്രാർത്ഥനാദിനം**

2015 ഫെബ്രുവരി 8-ന് വി. ജോസഫീന ബക്കീത്തായുടെ തിരുനാൾദിനം, മനുഷ്യക്കടത്തിനെതിരെ (Human Trafficking) ചിന്തിക്കാനും പദ്ധതികൾ രൂപീകരിക്കാനും പ്രാർത്ഥിക്കാനുമുള്ള ദിനമായി ആചരിക്കണമെന്ന് വത്തിക്കാനിൽ നിന്നും അറിയിച്ചിട്ടുണ്ട്.

**പാസ്റ്ററൽ കൗൺസിൽ**

രൂപതാ കൗൺസിലിന്റെ ഒരു സമ്മേളനം ഫെബ്രുവരി 14 ന് ശനിയാഴ്ച രാവിലെ 10.30 മുതൽ 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ചേരുന്നതാണ്. അംഗങ്ങൾക്ക് കത്തുകൾ അയച്ചിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ ആർക്കെങ്കിലും കിട്ടാതെ വന്നാൽ ഇത് ഒരു അറിയിപ്പായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഭക്തസംഘടനകളുടെ ഭാരവാഹികളുടെ യോഗം**

നമ്മുടെ രൂപതയിലെ ഭക്തസംഘടനകളുടെ രൂപതാഭാരവാഹികളുടെ ഒരു യോഗം ഫെബ്രുവരി 28 ന് ശനിയാഴ്ച രാവിലെ 10.30 മുതൽ 1.00 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേരുന്നതാണ്. എല്ലാ ഭാരവാഹികളും ഡയറക്ടർമാരും യോഗത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സമർപ്പിത സംഗമം (2015 മാർച്ച് 14 ശനി)**

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ സമർപ്പിതരുടെയും ഒരു സംഗമം (Men and Women Religious) 2015 മാർച്ച് 14 ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നതാണ്. ഇന്ത്യയ്ക്ക് അകത്തോ പുറത്തോ സന്യാസസമൂഹങ്ങളിൽ മേജർ സുപ്പീരിയേഴ്സായി സേവനം ചെയ്യുന്ന മാനന്തവാടി രൂപതാഗംങ്ങളായവരേയും (Generals, Assistant Generals, Provincials, Assistant Provincials), സന്യാസ സമർപ്പണത്തിന്റെ സുവർണ്ണ ജൂബിലി ഈ വർഷം ആഘോഷിക്കുന്ന സമർപ്പിതരെയും, മാനന്തവാടി രൂപത സ്ഥാപിക്കപ്പെട്ട 1973 ൽ രൂപതയിൽ സേവനം ചെയ്തുകൊണ്ടിരുന്നവരും ഇപ്പോഴും രൂപതയിൽ സേവനം ചെയ്തുകൊണ്ടിരിക്കുന്നവരുമായ സമർപ്പിതരെയും ഈ സമ്മേളനത്തിൽ വെച്ച് ആദരിക്കുന്നു. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം, അഭിവന്ദ്യ മാർ ജോർജ്ജ് ഞരളക്കാട്ട്, അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി എന്നീ പിതാക്കന്മാരുടെ സാന്നിധ്യം ചടങ്ങിൽ ഉണ്ടായിരിക്കുന്നതാണ്. രാവിലെ 10.00 മണിക്ക് വി. കുർബാനയോടെ ആരംഭിക്കുന്ന പരിപാടികൾ ഉച്ചകഴിഞ്ഞ് 3.30 ന് സമാപിക്കുന്നു. എല്ലാ സമർപ്പിതരും ആ ദിവസത്തെ പരിപാടികൾ മുൻകൂട്ടി ക്രമീകരിച്ച് സംഗമത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ബഹു. വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

ബഹു. വികാരിയച്ചന്മാർ, തങ്ങൾ സേവനം ചെയ്യുന്ന ഇടവകളിൽ നിന്നും ഇന്ത്യയ്ക്ക് അകത്തോ പുറത്തോ സന്യാസസമൂഹങ്ങളിൽ മേജർ സുപ്പീരിയേഴ്സായി സേവനം ചെയ്യുന്നവർ (Generals, Assistant Generals, Provincials, Assistant Provincials) ഉണ്ടെങ്കിൽ അവരുടെ പേരും അഡ്രസ്സും ഫെബ്രുവരി 10–ന് മുമ്പായി രൂപതാ ചാൻസലർ ജോസഫ് പരുവുമ്മേൽ അച്ചനെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**നന്ദിയും സ്വാഗതവും**

നമ്മുടെ രൂപതയിൽ സ്തുത്യർഹമായവിധം സേവനം ചെയ്തശേഷം തങ്ങളുടെ രൂപതകളിലേയ്ക്കും സന്യാസസമൂഹങ്ങളിലേയ്ക്കും തിരികെ പോകുന്ന റവ. ഫാ. തോമസ് തെന്നാട്ടിൽ (മണ്ഡ്യ), റവ. ഫാ. ജോബിഷ് നരിപ്പാറ (മണ്ഡ്യ), റവ. ഫാ. പ്രിൻസ് ചിറയത്ത് (ലാസലെറ്റ്), റവ. ഫാ. ജോവിയൽ ജോസഫ് വടക്കേൽ (നോർബർട്ടൈൻ) എന്നിവർക്ക് രൂപത മുഴുവന്റെയും ഹൃദയപൂർവ്വകമായ നന്ദി അറിയിക്കുന്നു.

രൂപതയിൽ സേവനത്തിനായി കടന്നുവരുന്ന റവ. ഫാ. ജോജോ മണിമല (കപ്പൂച്ചിൻ), റവ. ഫാ. ഷിബു തുരുത്തിപ്പിള്ളി (മണ്ഡ്യ), റവ.ഫാ. ജോസഫ് അറുപതിൽ (നോർബർട്ടൈൻ), റവ. ഫാ. ജെയിസൺ കുളമ്പള്ളി (ട്രിനിറ്റേറിയൻ) എന്നിവർക്ക് ഹൃദ്യമായ സ്വാഗതവും അജപാലന ശുശ്രൂഷയും ആശംസിക്കുന്നു.

**ബഹു. വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

രൂപതാകച്ചേരിയിൽ വിവാഹസംബന്ധമായ അനുവാദത്തിനും മറ്റും സമർപ്പിക്കുന്ന അപേക്ഷ അപേക്ഷകരെക്കൊണ്ടുതന്നെ അവരുടെ കൈപ്പടയിൽ എഴുതിക്കുന്ന കാര്യം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഇടവകകളിൽനിന്നുള്ള 10% രൂപതാവിഹിതവും മ്യൂച്ച്വൽ എയ്ഡ് ഫണ്ട് വിതരണവും**

കഴിഞ്ഞ രണ്ടു വർഷങ്ങളിൽ 10% രൂപതാവിഹിതമായി ലഭിച്ച തുകയുടെയും ഇടവകകൾക്ക് സഹായധനമായി 30-01-2015 വരെ നൽകിയ തുകയുടെയും കണക്കുകളുടെയും ചുരുക്കം താഴെ ചേർക്കുന്നു.

| **2013 - 2014** | | | |
|---|---|---|---|
| **വരവ്** | | **ചെലവ്** | |
| മുൻ നീക്കിയിരിപ്പ് | 723264 | | |
| പലിശ | 44952 | 29 ഇടവകകൾക്ക് അനുവദിച്ചത് | 2876000 |
| ഇടവകകളിൽ നിന്നു ലഭിച്ചത് | 2487495 | ബാങ്ക് ചാർജ് | 180 |
| | | ബാക്കി | 379531 |
| ആകെ | 3615111 | ആകെ | 3615111 |

| **2014 - 2015 (30-01-2015)** | | | |
|---|---|---|---|
| **വരവ്** | | **ചെലവ്** | |
| മുൻ നീക്കിയിരിപ്പ് | 379531 | | |
| പലിശ | 44287 | വൈദീക ക്ഷേമനിധി | 500000 |
| ഇടവകകളിൽ നിന്നു ലഭിച്ചത് | 2891610 | 17 ഇടവകകൾക്ക് അനുവദിച്ചത് | 2396000 |
| | | ബാക്കി | 419428 |
| ആകെ | 3315428 | ആകെ | 3315428 |

## TRANSFER AND APPOINTMENTS

| Names of the Priest<br>Rev. Frs. | Assignments |
|---|---|
| Aikkarathazath Sebin | SWS Regional Director, Add. Charge |
| Kollarthottam Mathew | Vicar, Ambayathode (w.e.f.15-2-2015) |
| Kuthukallumkal Francis | Vicar, Narivalamunda (w.e.f.15-2-2015 |
| Kuttimackal James | Director, Manimooly Pastoral Centre<br>& Vicar, Marutha (w.e.f.8-2-2015) |
| Mepurath Chacko | Vicar, Manimooly (w.e.f.8-2-2015) |
| Palathadathil George | Ramanathapuram |
| Punnackapadavil Sebastian | Vicar, Rippon (w.e.f.15-2-2015 |
| Valachannath Cyriac | USA |
| Vazhakala Jose | Vicar, Marakavu (w.e.f.15-2-2015 |
| **Assistants (w.e.f.8.2.15)<br>Rev. Frs.** | |
| Alumkal Joseph | Assistant, Cherukattoor |
| Ambalathara Francis | Assistant, Nilambur |
| Elamkunnapuzha Joseph | Secretary to Syncellus & Assistant Director,<br>Manimooly Pastoral Centre<br>(w.e.f.15.2.2015) |
| Kaliyaniyil Kuriakose | Assistant, Mananthavady Cathedral |
| Kattamkottil Thomas | Assistant, Bathery |
| Kattath Thomas | Assistant, Thonichal |
| Madapallikunnel Antony | Assistant, Chungakunnu |
| Madathil Sebastian | Assistant, Payyampally |
| Mekkattu Philip | Assistant, Mullenkolly |
| Parackal Varghese | Assistant, Kayyunny & Vice-Principal,<br>Sacred Heart Matriculation School |
| Pulikuzhiyil Abraham | Assistant, Chundakkara |
| Venakuzhiyil Mathai | Assistant, Bathery |
| Arupathil Joseph O.Praem | Assistant, Kalpetta |
| Kulampally Jaison O.SS.T | Assistant, Kottiyoor |
| Thruthipally Shibu (Mandya) | Assistant, Manimooly |
| Manimala Jojo (OFM.Cap) | Assistant, Kunjhome (w.e.f. 14.12.14) |

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# സമർപ്പിതവർഷം

WAKE UP THE WORLD!
2015 Year of Consecrated Life

രൂപതാതല സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗ് 20-1-15 ന് ചൊവ്വാഴ്ച കമ്മറ്റി ചെയർമാൻ ബഹു. മാത്യു മാടപ്പള്ളിക്കുന്നേലച്ചന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. സമർപ്പിതവർഷാചരണത്തെക്കുറിച്ചും താഴെ പറയുന്ന വിഷയങ്ങളെ സംബന്ധിച്ചും ചർച്ച ചെയ്യുകയും തീരുമാനമെടുക്കുകയും ചെയ്തു.

1. സമർപ്പിത വർഷത്തിന്റെ രൂപതാതല ഉത്ഘാടനം 22-11-14 ന് ദ്വാരക സിയോൻ ഹാളിൽ വച്ച് ലളിതമായും, സമയബന്ധിതമായും സമുചിതമായും നടത്തപ്പെട്ടു എന്ന് വിലയിരുത്തി.

2. എല്ലാ ഇടവകകളിലും ഇടവകാതല ഉദ്ഘാടനങ്ങൾ ഭംഗിയായി നടന്നു എന്നും, സമർപ്പിത ഭവനങ്ങളിലും ഇടവകകളിലും ചൊല്ലേണ്ടുന്ന പ്രാർത്ഥനകൾ ചൊല്ലി വരുന്നു എന്നും വിലയിരുത്തി.

3. സമർപ്പിതവർഷത്തിൽ സമർപ്പിതർക്ക് വേണ്ടി രൂപതയിലെ എല്ലാ കുടുംബത്തിലും ചൊല്ലേണ്ട പ്രാർത്ഥന അച്ചടിച്ച് മാർച്ച് ഒന്നിന് മുമ്പായി എല്ലാ ഭവനങ്ങളിലും എത്താനുള്ള ക്രമീകരണം ചെയ്യാൻ തീരുമാനിച്ചു.

4. 2015 മാർച്ച് 14 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച്, രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ സമർപ്പിതരേയും ഉൾക്കൊണ്ടുകൊണ്ടുള്ള സമർപ്പിത സംഗമം നടത്താൻ തീരുമാനിച്ചു. വി. കുർബാന, ക്ലാസ്, പൊതുസമ്മേളനം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 3.30 വരെ ആയിരിക്കും ഈ സംഗമം. വി.കുർബാനയ്ക്ക് മുഖ്യ കാർമ്മികനായി തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവിനേയും, ക്ലാസ് നയിക്കാനായി ബഹു. ജോസഫ് പാംബ്ലാനിയച്ചനേയും, സമ്മേളനത്തിൽ അനുഗ്രഹ സാന്നിദ്ധ്യമായി മാനന്തവാടി രൂപതയുടെ പ്രഥമമെത്രാൻ മാർ ജേക്കബ് തൂങ്കുഴി പിതാവിനേയും ക്ഷണിക്കാൻ തീരുമാനിച്ചു. ഫ്രാൻസീസ് പാപ്പായുടെ Rejoice എന്ന അപ്പസ്തോലിക ആഹ്വാനത്തിന്റെ പശ്ചാത്തലത്തിൽ സഭയും സമർപ്പിതരും എന്ന വിഷയത്തെ സംബന്ധിച്ചാണ്

ബഹു. പാബ്ലാനിയച്ചൻ ക്ലാസ് നയിക്കുക. ഈ സംഗമത്തിലേയ്ക്ക് മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ സമർപ്പിതരേയും, തിരഞ്ഞെടുക്കപ്പെട്ട സമർപ്പിതാർത്ഥികളേയും, രൂപതയിലോ രൂപതയ്ക്ക് പുറമെയോ സമർപ്പിത സമൂഹങ്ങളിൽ മേജർ സുപ്പീരിയർമാരായി സേവനം ചെയ്യുന്ന മാനന്തവാടി രൂപതാംഗങ്ങൾ ആയവരേയും, രൂപതാ പാസ്റ്ററൽ കൗൺസിൽ സ്റ്റിയറിംഗ് കമ്മറ്റി അംഗങ്ങളേയും, പ്രസ്ബിറ്ററൽ കൗൺസിൽ അംഗങ്ങളേയും, ഫൊറോന വികാരിമാരേയും, രൂപതയിലെ സംഘടനകളിലേയും പ്രസ്ഥാനങ്ങളിലേയും രൂപതാതല ഭാരവാഹികളേയും ക്ഷണിക്കാൻ തീരുമാനിച്ചു.

ഈ സമ്മേളനത്തിൽ വച്ച് 1973 ൽ മാനന്തവാടി രൂപത ആരംഭിക്കുമ്പോൾ രൂപതയിൽ സേവനം ചെയ്തിരുന്നവരും ഇപ്പോൾ രൂപതയിൽ തന്നെ ഉള്ളവരുമായ എല്ലാ സമർപ്പിതരേയും, രൂപതാംഗങ്ങളായ എല്ലാ മേജർ സുപ്പീരിയർമാരേയും, സുവർണ്ണജൂബിലി ആഘോഷിച്ചവരും ആഘോഷിക്കുന്നവരുമായ എല്ലാ സമർപ്പിതരേയും, ഏതെങ്കിലും തലത്തിൽ പ്രത്യേകം ശ്രദ്ധേയരായ സമർപ്പിതരേയും ആദരിക്കാൻ തീരുമാനിച്ചു.

5. സമർപ്പിതവർഷത്തിന്റെ രൂപതാതല ചിലവുകളിലേക്ക് സമർപ്പിത സമൂഹങ്ങളിൽനിന്ന്, അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായ തുക സംഭാവന ചെയ്യാനും രൂപതയിലെ എല്ലാവരുടേയും പങ്കാളിത്തം ഉറപ്പുവരുത്തുന്നവിധം എല്ലാ ഇടവകകളിൽനിന്നും മുൻകൂട്ടി അറിയിച്ച് ഒരു പ്രത്യേക പിരിവ് എടുക്കാനുള്ള അനുമതിക്കായി പിതാവിനോട് അപേക്ഷിക്കാനും തീരുമാനിച്ചു.

6. രൂപതയിലുള്ള ജൂനിയേഴ്സായ സമർപ്പിതരുടെ ഒരു മീറ്റിംഗ്, സമർപ്പിതവർഷത്തിലെ രൂപതാദിനാചരണം, രൂപതയിൽ ആകമാനമുള്ള ഒരു സമർപ്പിതദിനാചരണം എന്നിവയെകുറിച്ചു ചർച്ചയുണ്ടായി.

7. രൂപതായോഗത്തിന് മുന്നോടിയായുള്ള തൽസ്ഥിതി പഠനവുമായി ബന്ധപ്പെട്ട് സമർപ്പിതരുടെ ഇടയിൽ നിന്നുള്ള അഭിപ്രായങ്ങൾ ശേഖരിക്കാനുള്ള ചോദ്യാവലിയുണ്ടാക്കാൻ രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയെയും ടീമിനേയും സഹായിക്കാനായി സി.ഫിലോ SCV, സി. ആൻസി പോൾ SH, സി. സ്റ്റെഫീന FCC, സി.ക്രിസ്റ്റീന SKD എന്നിവരെ നിയോഗിച്ചു.

8. 14-3-15 ലെ സമർപ്പിത സംഗമം നടത്താനുള്ള വിപുലമായ ഒരു കമ്മറ്റി മീറ്റിംഗ് 2-2-15 ന് വൈകുന്നേരം 5 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരാൻ തീരുമാനിച്ചു.

# ലഹരിവിമുക്ത വർഷാചരണം
## 2014-2015

**സമാപന കൺവെൻഷൻ**

മാനന്തവാടി രൂപതാ ലഹരിവിമുക്ത വർഷത്തിന്റെ സമാപന കൺവെൻഷൻ 2015 ഫെബ്രുവരി 27-ന് വെള്ളിയാഴ്ച രാവിലെ 10 മുതൽ 1.30 വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുകയാണ്. കഴിഞ്ഞ ഒരു വർഷക്കാലം ദൈവം നമ്മുടെ കുടുംബങ്ങൾക്കും വ്യക്തികൾക്കും ഇടവകകൾക്കും രൂപതയ്ക്കും നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദിയർപ്പിക്കുന്ന ഒരു മനോഹര സുദിനമായി ഈ ദിനത്തെ മാറ്റാം.

സമാപന സമ്മേളനത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് അദ്ധ്യക്ഷനായിരിക്കും. കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ റെമിജിയൂസ് ഇഞ്ചനാനിയിൽ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യും. കമ്മീഷൻ സെക്രട്ടറി റവ.ഫാ. ടി.ജെ. ആന്റണി, മറ്റ് സമുന്നത നേതാക്കളും കൺവെൻഷനിൽ അതിഥികളായി പങ്കെടുക്കും.

**സമാപന സമ്മേളനത്തിൽ പങ്കെടുക്കേണ്ടവർ**

- രൂപതയിലെ മുഴുവൻ വൈദികരും.
- രൂപത ലഹരിവിമുക്ത വർഷം സെൻട്രൽ കമ്മറ്റി അംഗങ്ങൾ.
- ഇടവക ലഹരിവിമുക്ത വർഷാചരണ കമ്മറ്റി ആനിമേറ്റർ, കൺവീനർ.
- ഇടവകയിൽ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നത് നിർത്തിയവർ, അവരുടെ ഭാര്യമാർ.
- A. A. കൂട്ടായ്മയിൽ പങ്കെടുക്കുന്നവർ, അവരുടെ ഭാര്യമാർ.

ഇടവകയിൽ നിന്ന് പങ്കെടുക്കുന്നവരുടെ എണ്ണം ഇതുവരെയും അറിയിച്ചിട്ടില്ലാ എങ്കിൽ ദയവായി ഉടൻ അറിയിക്കുക.

ഫോൺ: 9048429409 (സെക്രട്ടറി), 9747103645 (ഡയറക്ടർ)

**ലഹരിവിമുക്ത വർഷാചരണ സമാപനം - ഇടവകയിൽ**

ഏറ്റവും സജീവമായി ലഹരിവിമുക്ത വർഷാചരണം സംഘടിപ്പിച്ച് വിജയിപ്പിച്ചത് ഇടവകകളിലാണല്ലോ. വർഷാചരണത്തിന്റെ

സമാപനവും വിപുലമായി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. കുടുംബം, വാർഡ്, ഇടവക തലങ്ങളിലാണ് സമാപനം രൂപതാ കേന്ദ്രം ആസൂത്രണം ചെയ്തിരിക്കുന്നത്.

**കുടുംബം**

2015 ഫെബ്രുവരി 27 വെള്ളിയാഴ്ച ഇടവകകളിലെ മുഴുവൻ കുടുംബങ്ങളിലും കുരിശിന്റെ വഴി, ലഹരിവിമോചന പ്രാർത്ഥന എന്നിവ നടത്തുക. സമയം വൈകുന്നേരം 6 നും 8 നും ഇടയിൽ.

**വാർഡുകളിൽ**

2015 ഫെബ്രുവരി 28 ശനിയാഴ്ച ഇടവകകളിലെ മുഴുവൻ വാർഡുകളിലും വാർഡ് യോഗങ്ങളും പ്രാർത്ഥനയും നടത്തുന്നു. കുരിശിന്റെ വഴി, ലഹരി വിമോചന പ്രാർത്ഥന എന്നിവ നടത്തുക.

**ഇടവക**

2015 മാർച്ച് 1 ന് ഞായർ വി.ബലിക്ക് ശേഷം 1 മണിക്കൂർ ആരാധന. ലഹരിവിമോചന പ്രാർത്ഥന, കുരിശിന്റെ വഴി, സമ്മേളനം, ലഹരി വിമുക്തരെ ആദരിക്കൽ എന്നിവ നടത്താം.

**ഫൊറോന സമാപനം**

ലഹരി വിമുക്തവർഷാചരണത്തിന് സ്തുത്യർഹമായ സേവനമാണ് ഫൊറോന വികാരിയച്ചൻ, ഫൊറോന ഡയറക്ടർ, ആനിമേറ്റർ, കൺവീനർ എന്നിവർ നടത്തിയത്. ഇടവകകളെ സജീവമാക്കുവാൻ മുൻകൈയെടുത്തവരെ പ്രത്യേകം അഭിനന്ദിക്കുന്നു. ഫൊറോനതല സമാപനം ഉചിതമായി നടത്തുവാൻ ഫൊറോന കമ്മറ്റികൂടി ഉചിതമായ തീരുമാനങ്ങൾ എടുക്കുമല്ലോ.

**ലഹരി വിമുക്ത പ്രവർത്തനങ്ങൾ തുടരുന്നു**

ഔപചാരികമായി ലഹരിവിമുക്ത വർഷം മാർച്ച് 1 ന് അവസാനിക്കുകയാണെങ്കിലും നമ്മൾ ദൈവകൃപയാൽ ആരംഭിക്കുകയും ഏറ്റെടുക്കുകയും ചെയ്ത ലഹരി വിമോചന പ്രവർത്തനങ്ങൾ തുടരേണ്ടിയിരിക്കുന്നു. വർഷാചരണം അതിനുള്ള ശക്തിയും ബോധ്യവും നമുക്ക് നൽകി. നമ്മുടെ സഹായം ആവശ്യമുള്ള ധാരാളം വ്യക്തികൾ ഇനിയും സമൂഹത്തിലുണ്ട്. പുതിയ കർമ്മപരിപാടികളോടും ലഹരിയിൽ നിന്ന് പിന്തിരിഞ്ഞവർക്ക് പിന്തുണയും നൽകി നമുക്ക് പ്രവർത്തനം തുടരാം.

**കെസിബിസി ലഹരിവിരുദ്ധ സമിതി യൂണിറ്റുകൾ**

ലഹരിവിമുക്ത വർഷാചരണ കമ്മറ്റികൾ ഇനി ഇടവകകളിൽ ലഹരിവിരുദ്ധ സമിതിയുടെ യൂണിറ്റുകളായി രൂപാന്തരപ്പെടണം. അവരിലൂടെ പ്രവർത്തനം തുടരുകയും വേണം.

**മികച്ച ഫൊറോനകൾ - ഇടവകകൾ**

ലഹരിവിമുക്ത വർഷത്തിൽ എല്ലാ ഫൊറോനകളും ഇടവകകളും പുതുമയാർന്നതും ഫലദായകവുമായ ധാരാളം പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി. ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെച്ച 3 ഫൊറോന കമ്മറ്റികളെയും 3 ഇടവകകളെയും സമാപനസമ്മേളനത്തിൽ ആദരിക്കുന്നു. റിപ്പോർട്ടുകൾ ഫെബ്രുവരി 15 ന് മുമ്പായി രൂപതാ ഓഫീസിൽ ഏൽപ്പിക്കുക.

**കാസ (CASA)**

ലഹരിവിമുക്തവർഷത്തിൽ സ്കൂളുകളിൽ നടപ്പാക്കിയ വൈവിധ്യമാർന്ന പരിപാടികളുടെ റിപ്പോർട്ടുകൾ ഫോട്ടോ, അനുബന്ധ രേഖകൾ എന്നിവ എത്തിക്കുക.

**ഇടവക വാർത്തകൾ**

**ചുള്ളിയാന**

ലഹരിവിമുക്ത ബോധവത്ക്കരണ സദസ് ഡിസംബർ 20ന് ശനിയാഴ്ച മുണ്ടകുറ്റിയിൽ സംഘടിപ്പിച്ചു. ജാഗ്രതാ സമിതിയുടെ നേതൃത്വത്തിലാണ് പരിപാടികൾ നടന്നത്. പഞ്ചായത്ത് വൈസ്പ്രസിഡണ്ട് ശ്രീ. കെ. ഷൺമുഖൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. മുണ്ടക്കുറ്റി ഹത്തീബ് അബൂബക്കർ റഹ്മാനി അദ്ധ്യക്ഷത വഹിച്ചു. റവ.ഫാ. പി. രാജു അദ്ധ്യക്ഷത വഹിച്ചു. റവ.ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ ആമുഖപ്രഭാഷണം നടത്തി. ശ്രീമതി അന്നമ്മ കുര്യൻ, പി.എ. ജെയിംസ്. വി.ജി. ശശി, അബ്രഹാം പുത്തനങ്ങാടി, ജോസ് പരിയാരത്ത്, കുഞ്ഞാപ്പച്ചൻ തലാപ്പിള്ളിൽ എന്നിവർ നേതൃത്വം നൽകി.

വാർഡ് തലത്തിൽ മാതാപിതാക്കൾക്കും യുവജനങ്ങൾക്കും കുട്ടികൾക്കുമായി പ്രത്യേകം ക്വിസ് മത്സരം നടത്തുകയും വിജയികൾക്ക് ക്യാഷ് അവാർഡ് നൽകുകയും ചെയ്തു. സൺഡെസ്കൂൾ വാർഷികത്തോടനുബന്ധിച്ച് 'ലഹരിതുറങ്ക്' എന്ന തെരുവ് നാടകം അവതരിപ്പിച്ചു. ചേര്യംകൊല്ലിയിൽ നിന്ന് മുണ്ടകുറ്റിയിലേയ്ക്ക് ലഹരിവിമുക്ത റാലി നടത്തി.

**രൂപതാ ഡയറക്ടറുടെ ഇടവക സന്ദർശനം**

2015 ജനുവരി 4 - കേണിച്ചിറ

2015 ജനുവരി 25 - ബാവലി

**ജോൺസൺ തൊഴുത്തുങ്കൽ**

രൂപതാ സെക്രട്ടറി, ലഹരിവിമുക്തവർഷം

**മോൺസിഞ്ഞോർ ജോസഫ് കണിയാമറ്റം മെമ്മോറിയൽ സ്കോളർഷിപ്പ്**

2014 ജനുവരി 17 ന് കർത്താവിൽ നിദ്ര പ്രാപിച്ച മാനന്തവാടി രൂപതയുടെ മുൻ വികാരിജനറാളും രൂപതാ അഡ്മിനിസ്ട്രേറ്ററും ചുണ്ടക്കര സെന്റ് ജോസഫ്സ് ഇടവക വികാരിയുമായിരുന്ന മോൺ. ജോസഫ് കണിയാമറ്റത്തിലച്ചന്റെ ഓർമ്മക്കായി ചുണ്ടക്കര ഇടവകയുടെ നേതൃത്വത്തിൽ ഒരു സ്കോളർഷിപ്പ് ആരംഭിക്കുന്നു. വേദപാഠത്തിന്റെ വാർഷിക പരീക്ഷയ്ക്ക് പത്താം ക്ലാസ്സിൽ ഏറ്റവും ഉയർന്ന മാർക്ക് നേടുന്ന കുട്ടിയായിരിക്കും ഈ സ്കോളർഷിപ്പിന് അർഹത നേടുന്നത്. ചുണ്ടക്കര ഇടവക സമാഹരിച്ച അമ്പതിനായിരം രൂപയുടെ പലിശയിൽ നിന്നായിരിക്കും ഓരോ വർഷവും ഈ സ്കോളർഷിപ്പ് നൽകുക. ഇതിന് മുൻകൈ എടുത്ത ചുണ്ടക്കര ഇടവകയുടെ വികാരി ബഹു. ജോസ് തേക്കനാടി അച്ചനും ഇടവക സമൂഹത്തിനും രൂപതാ മതബോധന കേന്ദ്രത്തിന്റെ ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും.

**HDC പരീക്ഷകൾ**

കാലിക്കറ്റ് യൂണിവേഴ്സിറ്റി, ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തുന്ന HDC കോഴ്സിന്റെ എഴുത്തുപരീക്ഷ ഫെബ്രുവരി 7 ന് ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 1.00 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിലും മണിമൂളി പാസ്റ്ററൽ സെന്ററിലും വെച്ച് നടത്തപ്പെടുന്നതാണ്. വാചാ പരീക്ഷ ഫെബ്രുവരി 21, 22 തീയതികളിൽ ദ്വാരകയിലും ഫെബ്രുവരി 28 ന് മണിമൂളി പാസ്റ്ററൽ സെന്ററിലും വച്ച് നടത്തപ്പെടുന്നു.

**HCC ( Plus one, Plus Two) പരീക്ഷകൾ**

Plus One, Plus Two പരീക്ഷകൾ നിശ്ചയിക്കപ്പെട്ട സെന്ററുകളിൽ ഫെബ്രുവരി 8-ാം തീയതി രാവിലെ 10.00 മണി മുതൽ 1.00 മണി വരെ നടത്തപ്പെടുന്നതാണ്. മേഖലാ ഡയറക്ടറുടെ നേതൃത്വത്തിൽ

മേഖലാ സെക്രട്ടറിയും മേഖലാ ടീം അംഗങ്ങളും പരീക്ഷാ സെന്ററിൽ ഉള്ളവരും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുമല്ലോ. പരീക്ഷകൾ സുഗമമായി നടത്തുവാൻ ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഇന്റേണൽ അസ്സസ്മെന്റ്**

XI, XII ക്ലാസുകളിലെ ഇന്റേണൽ അസ്സസ്മെന്റ് മാർക്ക്, രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന നിശ്ചിത ഫോറത്തിൽ തയ്യാറാക്കി, പരീക്ഷ നടക്കുന്ന ദിവസം തന്നെ മേഖലാ സെക്രട്ടറിയെ ഏൽപ്പിക്കണം.

SAY **പരീക്ഷ**

XI, XII ക്ലാസുകളിൽ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് ഈ വർഷം SAY Exam എഴുതാനുള്ള അവസരമുണ്ടാകും. വാർഷിക പരീക്ഷ എഴുതുകയും പരാജയപ്പെടുകയും ചെയ്ത വിദ്യാർത്ഥികൾക്ക് മാത്രമായിരിക്കും SAY Exam എഴുതാനുള്ള അർഹത ഉണ്ടാവുക. ആദ്യപരീക്ഷ എഴുതാത്തവരെ SAY Exam എഴുതാൻ അനുവദിക്കുന്നതല്ല. മാർച്ച് 15-ാം തീയതി ആണ് SAY പരീക്ഷ നടത്തുക. നീലഗിരി, മണിമൂളി റീജണിൽ ഉള്ള വിദ്യാർത്ഥികൾക്ക് മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ചും മറ്റുള്ളവർക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചുമായിരിക്കും പരീക്ഷ നടത്തപ്പെടുക. മാർച്ച് 10 ന് മുമ്പായി പരീക്ഷ എഴുതേണ്ട വിദ്യാർത്ഥികളുടെ അപേക്ഷയും ഇടവകയിൽ നിന്നുള്ള ലിസ്റ്റും ഒരു കുട്ടിക്ക് 100 രൂപ ഫീസോടുംകൂടി രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ഹെഡ്മാസ്റ്റേഴ്സ് ഈ കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ. മാർച്ച് 10 ന് ശേഷം നൽകുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**ചോദ്യപേപ്പർ**

HCC പരീക്ഷയുടെ ചോദ്യപേപ്പർ, Answer Sheet എന്നിവ ഫെബ്രുവരി 6-ാം തീയതി ഫൊറോന സെക്രട്ടറിമാർ രൂപതാ ഓഫീസിൽ നിന്നും എടുക്കുവാൻ ശ്രദ്ധിക്കണം.

**HDC ക്ലാസ്സ്**

HDC ഒന്നാം വർഷക്കാരുടെ ക്ലാസ്സ് ജനുവരി 31 ന് ദ്വാരകയിലും ഫെബ്രുവരി 14 ന് ബത്തേരിയിലും ഫെബ്രുവരി 28 ന് മണിമൂളിയിലും മാർച്ച് 7 ന് ചുങ്കക്കുന്നും വെച്ച് നടത്തപ്പെടുന്നതാണ്. കലണ്ടറിൽ തന്നിരിക്കുന്ന തീയതികളിൽ വന്നിരിക്കുന്ന വ്യത്യാസങ്ങൾ ശ്രദ്ധിക്കുമല്ലോ.

**SMCC പ്രതിഭാ സംഗമം**

സീറോ മലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടത്തിയ XII-ാം ക്ലാസ്സ് കുട്ടികളുടെ പ്രതിഭാ സംഗമത്തിന് രൂപതയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ജസ്റ്റിൻ പറയിടത്തിൽ (യവനാർകുളം), അനിൽജിത്ത് നാടാംകണ്ടത്തിൽ (തവിഞ്ഞാൽ), അഞ്ജന ചിറ്റിലപ്പള്ളി (പഴൂർ), ഡെലോന്നി ചൂനാട്ട് (കബനിഗിരി) എന്നിവർ പങ്കെടുത്തു. മാനന്തവാടി രൂപതാ XII പ്രതിഭകളായി തെരഞ്ഞെടുക്കപ്പെട്ടവരാണ് ഈ നാലു പേരും. ജസ്റ്റിനും, അനിൽജിത്തിനും, അഞ്ജനയ്ക്കും ഡെലോന്നിയ്ക്കും പ്രത്യേക അഭിനന്ദനങ്ങൾ.

രൂപതാ പ്രതിഭകൾക്ക് വേണ്ട പരിശീലനം നൽകിയ ശ്രീ. ജോൺസൺ വടക്കേക്കര, സി. ആൻസി CMC എന്നിവരുടെ നേതൃത്വത്തിലുള്ള രൂപതാ ടീം അംഗങ്ങൾ പ്രതിഭകളുടെ മാതാപിതാക്കൾ, അധ്യാപകർ, മേഖലാ ടീം അംഗങ്ങൾ, വികാരിയച്ചന്മാർ, ഫൊറോനകളിൽ നിന്നും രൂപതാ തലത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട പ്രതിഭകൾ... ഏവരെയും പ്രത്യേകം അനുമോദിക്കുകയും നന്ദി പറയുകയും ചെയ്യുന്നു.

**DCC പരീക്ഷ**

DCC കോഴ്സ് ചെയ്യുന്ന മൂന്നാം സെമസ്റ്റർ വിദ്യാർത്ഥികളുടെ ക്ലാസ്സും Comprehensive പരീക്ഷയും മുൻകൂട്ടി നിശ്ചയിച്ചതുപോലെ ഫെബ്രുവരി 22-ാം തീയതി രാവിലെ 10.00 മണി മുതൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. വിദ്യാർത്ഥികൾ കൃത്യസമയത്തു തന്നെ എത്തിച്ചേരുവാൻ ശ്രദ്ധിക്കുക. കുട്ടികൾക്ക് വി. കുർബാന ദ്വാരക പാസ്റ്ററൽ സെന്ററിൽ ഉണ്ടായിരിക്കുന്നതാണ്.

**പ്രധാനാധ്യാപക സംഗമം**

2014-15 അധ്യയന വർഷത്തിലെ രണ്ടാമത്തെ HM, PP സമ്മേളനം 2015 ജനുവരി 10-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. രാവിലെ 10.00 മണിക്ക് ആരംഭിച്ച സമ്മേളനത്തിന് രൂപതാ മതബോധന ഡയറക്ടർ റോയി വട്ടക്കാട്ട് അച്ചൻ സ്വാഗതം ആശംസിച്ചു. ക്രിസ്തുവിന്റെ സുഗന്ധവാഹകരായ മതാധ്യാപകർ ദൈവത്തിന്റെ സാന്നിധ്യം സജീവമാക്കുന്നവരാണെന്ന് അച്ചൻ ഓർമ്മപ്പെടുത്തി.

ഇടവകയിൽ സൂക്ഷിക്കേണ്ട ഫയലുകളെക്കുറിച്ചും പ്രധാനാധ്യാപകർ പ്രത്യേകമായി ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും മതബോധന

രൂപതാ ടീം അംഗവും പയ്യമ്പള്ളി ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാളുമായ ശ്രീ. സജി നരിവേലിൽ സാർ ക്ലാസ്സ് നയിച്ചു. തുടർന്ന് 'മനോമയ' മനശാസ്ത്ര കോഴ്സിനെക്കുറിച്ച് കോഴ്സ് ഡയറക്ടർ റവ. ഫാ. വിൽസൺ മുട്ടത്തുകുന്നേൽ വിശദീകരണം നൽകി. തുടർന്ന് മേഖലാ ഡയറക്ടേഴ്സ് മീറ്റിംഗിന്റെ തീരുമാനങ്ങളും ഇടവകയിൽ നിന്നുള്ള നിർദ്ദേശങ്ങളും കോൺഫ്രൻസിൽ അറിയിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. വിവിധ വിഷയങ്ങളുടെ അവതരണത്തെ തുടർന്ന് രൂപതാ മതബോധന സെക്രട്ടറി ശ്രീ. ബേബി ജോസഫ് ചക്കാലയ്ക്കൽ ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.

**മേഖലാ സെക്രട്ടറിമാരുടെ സംഗമം**

മേഖലാ സെക്രട്ടറിമാരുടെ സംഗമം ജനുവരി 10 ന് രൂപതാ മതബോധന കേന്ദ്രത്തിൽ വച്ച് നടത്തി. HCC പരീക്ഷകൾ, അവയുടെ നടത്തിപ്പ് എന്നിവയായിരുന്നു ചർച്ചാ വിഷയങ്ങൾ.

**ഫാ. റോയി വട്ടക്കാട്ട്**
രൂപതാ മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ അച്ചൻമാരെ, സിസ്റ്റേഴ്സ്, സഹോദരങ്ങളെ,

മിഷൻലീഗ് അംഗങ്ങളായ നമ്മെ സംബന്ധിച്ചിടത്തോളം വളരെ അഭിമാനവും സന്തോഷവും നിറഞ്ഞ ഒരു വർഷമാണ് കടന്നുപോയത്. സംസ്ഥാന തലത്തിൽ മികച്ച രൂപതയായും സംസ്ഥാന മത്സരത്തിൽ ഒന്നാം സ്ഥാനക്കാരായും തുടർച്ചയായ പത്താം വർഷവും നമ്മൾ തിരഞ്ഞെടുക്കപ്പെട്ടു. ബത്തേരി മേഖല സംസ്ഥാനത്തെ മികച്ച മേഖലയായി തിരഞ്ഞെടുക്കപ്പെട്ടു. തെനേരി ശാഖ സംസ്ഥാനത്തെ മികച്ച നാലാമത്തെ ശാഖയായി തിരഞ്ഞെടുക്കപ്പെട്ടു. ശാഖ, മേഖല, രൂപത ഭാരവാഹികളെ സ്നേഹപൂർവ്വം അഭിനന്ദിക്കുന്നു. ബഹു. അച്ചന്മാരെയും, സിസ്റ്റേഴ്സിനെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

ഈ വർഷത്തെ രൂപതാവാർഷികം ഈ നേട്ടങ്ങളുടെയെല്ലാം ഒരു ആഘോഷമായിട്ടാണ് നാം ക്രമീകരിക്കുന്നത്. ഫെബ്രുവരി 22 ഞായർ വൈകുന്നേരം 5.30 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നമ്മുടെ ആഘോഷങ്ങൾ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് തിരി തെളിച്ച് ഉദ്ഘാടനം ചെയ്യും. മനോഹരമായ ഒരു കലാസന്ധ്യയാണ് വാർഷികാഘോഷങ്ങളോടനുബന്ധിച്ച് നാം അണിയിച്ചൊരുക്കുന്നത്. പ്രസിദ്ധ ഗായകരായ ശ്രീ. വിൽസൺ പിറവവും, മിഥുല മൈക്കിളും ചേർന്നൊരുക്കുന്ന Devotional Musical Programme ഉം ഇതിനോടൊപ്പം ക്രമീകരിക്കുന്നു. എല്ലാവരെയും ഒത്തിരി സ്നേഹത്തോടെ ക്ഷണിക്കുന്നു. വൈകുന്നേരമായതുകൊണ്ട് സാധാരണ വാർഷികത്തോടനുബന്ധിച്ച് ഇടവകകളിൽ നിന്ന് നൽകാറുള്ള രജിസ്ട്രേഷൻ ഫീസ് പൂർണ്ണമായും ഒഴിവാക്കുകയാണ്. ഭക്ഷണം ക്രമീകരിക്കേണ്ടതുള്ളതുകൊണ്ട് പങ്കെടുക്കുന്നവരുടെ എണ്ണം ഫെബ്രുവരി 15 ന് മുമ്പ് ഓഫീസിൽ അറിയിക്കണെ. മുൻകാല ഡയറക്ടേഴ്സ്, ഭാരവാഹികൾ, സിസ്റ്റേഴ്സ്, മിഷൻലീഗിനെ പലതരത്തിൽ സഹായിച്ച വ്യക്തികൾ തുടങ്ങി എല്ലാവരെയും ഈ ആഘോഷങ്ങളിൽ നമ്മൾ ഉൾപ്പെടുത്തുകയാണ്. ഒരു ഇടവകയിൽ നിന്ന് 15 പേരിൽ കുറയാതെ ആളുകൾ പങ്കെടുക്ക

ണമെന്ന് അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും വലിയ സഹകരണം സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ, **ഫാ. സോണി വടയാപറമ്പിൽ**

**മിഷൻവോയ്സ് ടെലിക്വിസ് ഫോൺ ഇൻ പ്രോഗ്രാം വിജയികൾ**

ജോഷി താണോലിൽ – ധർമ്മഗിരി, ദീപ കാഞ്ഞിരത്തിങ്കൽ – കല്ലോടി, പ്രിൻസ് ചെറുവള്ളിക്കുടിയിൽ – മുതിരേരി, നീതു കുന്നേൽ – ധർമ്മഗിരി – വിജയികൾക്ക് സമ്മാനം വാർഷികത്തിന് വിതരണം ചെയ്യുന്നതാണ്.

**രൂപത കൊളാഷ് മത്സരം ഫെബ്രുവരി 22 ന്**

ചെറുപുഷ്പ മിഷൻലീഗ് വാർഷികത്തോടനുബന്ധിച്ച് നടത്തുന്ന കൊളാഷ് മത്സരവും പ്രദർശനവും ഫെബ്രുവരി 22–ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. ഒരു ശാഖയ്ക്ക് ഒരു കൊളാഷ് മുൻകൂട്ടി തയ്യാറാക്കി കൊണ്ടുവന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കാം. വിജയികൾക്ക് ട്രോഫി വിതരണം ചെയ്യുന്നതാണ്.

**വിഷയം:** ലഹരിക്കെതിരെ

**നിബന്ധനകൾ**

1) കൊളാഷിന് നിശ്ചിത ആകൃതി ഉണ്ടായിരിക്കേണ്ടതാണ്.
2) വിഷയത്തെക്കുറിച്ച് കിട്ടാവുന്നത്ര ചിത്രങ്ങൾ, പത്രക്കുറിപ്പുകൾ, ഇതര മാധ്യമങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ ഒട്ടിച്ചുചേർക്കുക.
3) കൊളാഷിന് പേര് നൽകാവുന്നതാണ്.
4) ഒരു ശാഖയ്ക്ക് ഒരു കൊളാഷ് മാത്രമെ അനുവദിക്കുകയുള്ളൂ.
5) കൊളാഷ് നേരത്തെ തയ്യാറാക്കി ഫെബ്രുവരി 22–ന് വൈകുന്നേരം 5.30 ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്.
6) ഒരു വിഷയത്തിന്റെ കഥാപരമായ അവതരണം കൂടി പരിഗണിക്കേണ്ടതാണ്. വെറും പത്രവാർത്തകൾ ഒട്ടിച്ചു ചേർത്തതല്ല കൊളാഷ്.
7) രണ്ട് സാധാരണ ചാർട്ട് പേപ്പറിന്റെ വലിപ്പത്തിൽ കൂടുതൽ പാടില്ല.
8) വിഷയം മനോഹരമായി ചിത്രീകരിക്കണം.

**സമ്മാനവിതരണം**

രൂപതാവാർഷികത്തോടനുബന്ധിച്ച് സംസ്ഥാനതല മത്സര വിജയികൾക്കും, ബെസ്റ്റ് മേഖല, ശാഖ, കയ്യെഴുത്ത് മാസിക, മിഷൻമാസാചരണം, മിഷൻബോയ്സ് ടെലി ക്വിസ് ഫോൺ പ്രോഗ്രാം എന്നിവയുടെ സമ്മാനങ്ങളും വിതരണം ചെയ്യുന്നതാണ്.

**ജോ. ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

ഇനിയും കുടിശികകൾ അടച്ചുതീർക്കാത്ത ശാഖകൾ എത്രയും പെട്ടെന്ന് കുടിശികകൾ അടച്ച് തീർക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. (മിഷൻഞായർ, സംസ്ഥാന വിഹിതം, പലതുള്ളി, കാണിക്ക, കലണ്ടർ)

**മിഷൻഞായർ വിവിതം തന്ന ശാഖകൾ**

വിളമ്പുകണ്ടം-2000, അരിഞ്ചേർമല-300, തൃശ്ശിലേരി-500, തെനേരി -2000, കുന്നലാടി-500, മൊതക്കര-300, പ്രശാന്തഗിരി-250, അരുൾനിലയം -600, മണിമൂളി-3000, നിരവിൽപുഴ-200, പനവല്ലി-200, പനംചിറ-500, ചുള്ളിയോട്-1500, മാർട്ടിൻനഗർ-450, ഒലിവുമല-200, തോണിച്ചാൽ-500, മക്കിയാട്-350, റൂബിനഗർ-250, നരിവാലമുണ്ട-800, ചുള്ളിയാന-500, ബെക്കി-200, പോരൂർ-2000, കുറുമണി-400, കേളകം-1500, ചാരിറ്റി-200, തേൾപ്പാറ-500, കണിയാമ്പറ്റ-750, മംഗളം-400, അമ്പലവയൽ-500.

**പലതുള്ളി തന്ന ശാഖകൾ**

വിളമ്പുകണ്ടം-105, മൊതക്കര-100, അരുൾനിലയം-100, നിരവിൽപുഴ-50, പനംചിറ-175, മാർട്ടിൻനഗർ-400, വടപുറം-200, അരിഞ്ചേർമല-300, നരിവാലമുണ്ട-150, ചുള്ളിയാന-170, പന്തിപൊയിൽ-100, കേളകം-100, തേൾപ്പാറ-150, കണിയാമ്പറ്റ-150, കല്ലോടി-1000.

**മേഖലാ വാർത്തകൾ**

**മണിമൂളി**

അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി നടത്തി. മതാധ്യാപകർക്ക് ലഹരിവിമുക്ത വർഷത്തോടനുബന്ധിച്ച് ഉപന്യാസ മത്സരം നടത്തി.

**നീലഗിരി**

കരോൾഗാന മത്സരം, പുൽക്കൂട് മത്സരം എന്നിവ നടത്തി. അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി നടന്നു.

**ശാഖാവാർത്തകൾ**

*ആറാട്ടുതറ:-* ഉണ്ണീശോക്കവിതകൾ രചിച്ച് കയ്യെഴുത്ത് മാസിക തയ്യാറാക്കി, സമരിറ്റൻ ഭവനിൽ ക്രിസ്തുമസ് ആഘോഷം നടത്തി.

*ദീപ്തിഗിരി:-* മാതൃഭൂമിയുടെ കോളേജ് വിദ്യാർത്ഥികൾക്കായുള്ള 'അങ്കണം' എന്ന കവിത പുരസ്ക്കാരത്തിന് അനുപ്രിയ പ്രകാശ് കൊളവയലിൽ അർഹയായി. 10,000 രൂപയും പ്രശസ്തി പത്രവും ലഭിച്ചു. 21-12-14 വി.കുർബാനയക്ക് ശേഷം സിഎംഎൽ അംഗങ്ങളുടെ മധ്യേ വികാരിയച്ചൻ പൊന്നാട അണിയിച്ച് ആദരിച്ചു.

*കരിമ്പിൽ:-* ലഹരിക്കെതിരെ ക്രിസ്തുമസ് സന്ദേശറാലി നടത്തി. കരോൾഗാനം, ക്രിസ്തുമസ് കാർഡ് നിർമ്മാണ മത്സരങ്ങൾ നടത്തി.

*പൂളപ്പാടം:-* ചികിത്സാസഹായം 3000 രൂപ നൽകി.

*അമരക്കുനി:-* 2000 രൂപ ചികിത്സാ സഹായം നൽകി.

*യവനാർകുളം:-* ക്രിസ്തുമസ് ട്രീ നിർമ്മിക്കുകയും കരോൾഗാന മത്സരം നടത്തുകയും ചെയ്തു.

*ബത്തേരി:-* സിഎംഎൽ അംഗങ്ങൾ എടപ്പെട്ടിയിലുള്ള ജുവ

നൈൽഹോം സന്ദർശിച്ചു. X, +1, +2 കുട്ടികൾക്കായി കരിയർ ഗൈഡൻസ് ക്ലാസ് നടത്തി.

*പാതിരിപ്പാടം:-* ക്രിസ്തുമസ് കാർഡുനിർമ്മാണത്തിൽ ഏറ്റവും മികച്ച കാർഡിന് സമ്മാനം നൽകി. ആദരിച്ചു.

*ഭൂദാനം:-* രോഗീസന്ദർശനം നടത്തി, ക്രിസ്തുമസ് ട്രീ, പുൽക്കൂട് നിർമ്മാണം എന്നിവ നടത്തി.

*അരിഞ്ചേർമല:-* 'ഉണ്ണികേക്ക്' ഭാഗ്യക്കുറി നറുക്കിട്ടു. സമ്മാനം നൽകി. കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ആഘോഷിച്ചു.

*കേളകം:-* ആരാധന നടത്തി, കരോൾഗാന പരിശീലനം നടത്തി.

*ഇടിവണ്ണ:-* ദിവ്യകാരുണ്യ ആരാധന നടത്തി.

*പുഴമുടി:-* 1000 രൂപ ക്രിസ്തുമസ് സമ്മാനമായി ഒരു പാവപ്പെട്ട കുടുംബത്തിന് നൽകി. ഏകദിന ധ്യാനം നടത്തി.

*കൽപ്ര:-* വിവാഹസഹായം നൽകി.

*അമ്പായത്തോട്:-* ക്രിസ്റ്റീൻ ധ്യാനം നടത്തി. കൃഷിയെ പ്രോത്സാഹിപ്പിക്കാനായി വാഴവിത്ത് വിതരണം നടത്തി.

*കുറുമ്പാലക്കോട്ട:-* സീനിയർ അംഗങ്ങൾ ലഹരിവിമുക്ത ക്രിസ്തുമസിനായി ഉപവാസം അനുഷ്ഠിച്ചു.

*ഒലിവുമല:-* സുകൃതങ്ങൾ ചെയ്ത് സിഎംഎൽ അംഗങ്ങൾ പുൽക്കൂട് നിർമ്മിക്കുകയും ക്രിസ്തുമസ് രാത്രിയിൽ അവ പാരീഷ് ഹാളിൽ പ്രദർശിപ്പിക്കുകയും ചെയ്തു.

*ചാരിറ്റി:-* വൈത്തിരി ജയിൽ സന്ദർശിച്ച് കലാപരിപാടികൾ അവതരിപ്പിക്കുകയും കേക്ക് വിതരണം നടത്തുകയും ചെയ്തു.

*പോരൂർ:-* രോഗീ സന്ദർശനം നടത്തി.

*പഴൂർ:-* +2 പ്രതിഭാസംഗമത്തിൽ സംസ്ഥാനത്ത് സമ്മാനം കരസ്ഥമാക്കിയ അഞ്ജന ചിറ്റിനപ്പിള്ളിയെ അഭിനന്ദിച്ചു.

*ജൂഡ്സ്മൗണ്ട്:-* വചനവൃക്ഷം നിർമ്മിച്ചു. ക്രിസ്തുമസ് കരോളിൽ സിഎംഎൽ അംഗങ്ങൾ പങ്കെടുത്തു.

*പുൽപ്പള്ളി:-* മേഖല പരീക്ഷ ഒരുക്കധ്യാനം നടത്തി. ക്രിസ്തുമസ് ഫ്രണ്ടിന് ഗിഫ്റ്റ് മേടിക്കുന്ന തുക സ്വരൂപിച്ച് ഇടവകയിൽ നിന്നും പണിതുകൊടുക്കുന്ന തിരുഹൃദയ ഭവനത്തിന്റെ നിർമ്മാണത്തിന് കൊടുത്തു.

*കുറുമ്പാല:-* കുഞ്ഞോം ബാലഭവൻ സന്ദർശിച്ച് സഹായമായി 10,000 രൂപ നൽകി. രോഗീസന്ദർശനം നടത്തുകയും ചികിത്സാ സഹായമായി 5000 രൂപ കൊടുക്കുകയും ചെയ്തു.

**രഞ്ചിത്ത് മുതുപ്ലാക്കൽ**, രൂപതാ ജനറൽ സെക്രട്ടറി

## Department of Youth Ministry

പ്രിയ കുട്ടികളെ, യുവജനങ്ങളേ,

ഈ പ്രാവശ്യത്തെ വലിയ നോമ്പ് ആരംഭിക്കുന്നത് ഫെബ്രുവരി 16-ാം തീയതി വിഭൂതി തിങ്കളാഴ്ചയാണല്ലോ. ഉപവാസം, പ്രാർത്ഥന, ദാനധർമ്മം എന്നീ സത്ശീലങ്ങൾ നമ്മെ വിശുദ്ധീകരിക്കാനും പുണ്യത്തിൽ വളരാനും സഹായിക്കും എന്നതിൽ യാതൊരു സംശയവും വേണ്ട. തിന്മയുടെമേൽ ആധിപത്യം പുലർത്താൻ ഉപവാസം, പ്രാർത്ഥന, ദാനധർമ്മം എന്നിവയെക്കാൾ മറ്റൊരു സാധനയുമില്ലെന്ന് ഈശോ തന്നെ പഠിപ്പിച്ചിട്ടുണ്ട്. ദൈവമല്ലാത്ത എല്ലാറ്റിനെയും ഉപേക്ഷിക്കാനും ദൈവത്തിനായി നിരന്തരം പ്രാർത്ഥിച്ച് ദൈവത്തോടുകൂടെ വസിക്കാനും തീരുമാനമെടുക്കുമ്പോൾ നോമ്പുകാലം ഫലദായകമാകും. ഈ വർഷത്തെ നമ്മുടെ ത്യാഗപ്രവർത്തനങ്ങൾ ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ കൊലചെയ്യപ്പെടുന്ന ക്രൈസ്തവർക്കുവേണ്ടിയും വിശ്വാസത്തിന്റെ പേരിൽ വേട്ടയാടപ്പെടുന്ന മറ്റു സഹോദരങ്ങൾക്കുവേണ്ടിയും ക്രൈസ്തവർക്കുവേണ്ടിയും കാഴ്ചവെക്കാം. ലോകത്തിൽ അരങ്ങേറുന്ന മതപീഡനങ്ങൾ നമ്മെ ദുഃഖിപ്പിക്കുന്നുവെങ്കിലും ഭയപ്പെടേണ്ടതില്ല. പ്രതികാരം ഒരിക്കലും ഒരു ഉത്തരവുമല്ല. സഹനം മാത്രമാണ് ക്രൈസ്തവരുടെ ഏക മാർഗ്ഗം. 'എന്റെ രാജ്യം ഐഹികമല്ലെന്നും ആയിരുന്നുവെങ്കിൽ എനിക്കുവേണ്ടി സേവകർ പോരാടുമായിരുന്നു' എന്ന ക്രിസ്തുവചനങ്ങൾ നമ്മെ ധൈര്യപ്പെടുത്തുകയും നേരായ മാർഗ്ഗത്തിലൂടെ ചിന്തിക്കാനും ചരിക്കാനും എല്ലാവരെയും ശക്തിപ്പെടുത്തുകയും ചെയ്യട്ടെ. എല്ലാവർക്കും നല്ല നോമ്പുകാലം ആശംസിക്കുന്നു.

### Your Neighbour Association

മാനന്തവാടി രൂപത Department of Youth Ministry യുടെ നേതൃത്വത്തിൽ കുട്ടികൾക്കും യുവജനങ്ങൾക്കുമായി ഒരു Society "Your Neighbour Association" എന്ന പേരൽ രജിസ്റ്റർ ചെയ്തു. Your Neighbour Association എന്നു പറയുന്ന Society എല്ലാ വിഭാഗത്തിലുമുള്ള കുട്ടികൾക്കും യുവജനങ്ങൾക്കും പ്രയോജനം ലഭിക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഒരു രൂപതയുടെ നേതൃത്വത്തിൽ

കുട്ടികൾക്കും യുവജനങ്ങൾക്കുമായി രൂപപ്പെടുന്ന കേരളത്തിലെ ആദ്യത്തെ Registered Society ആണ് Your Neighbour Association.

**PSC and Job Orientation Programme**

സർക്കാർ ജോലിയുടെ ആവശ്യം നമ്മുടെ യുവജനങ്ങളിലേക്കെത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ ചുങ്കക്കുന്ന് ഫൊറോന വൈദിക കൂട്ടായ്മയുടെ സഹകരണത്തിൽ നടത്തിയ PSC and Job Orientation Programme കേളകം സെന്റ് ജോസഫ്സ് പാരീഷ് ഹാളിൽ വച്ച് ജനുവരി 4–ാം തീയതി ഞായറാഴ്ച വി. കുർബാനയോടുകൂടി ആരംഭിച്ചു. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ വി. കുർബാനയ്ക്ക് നേതൃത്വം നൽകി. PSC and Job Orientation Programme മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. കേളകം ഇടവക വികാരി റവ. ഫാ. മനോജ് കറുത്തേടത്ത് അദ്ധ്യക്ഷ പ്രസംഗവും സി. ആൻസി CMC സ്വാഗതവും ഫാ. ലാൽ ജേക്കബ് പൈനുങ്കൽ നന്ദിയും പറഞ്ഞു. സി. ഡെൽഫി CMC ആശംസയർപ്പിച്ചു. സമാപനത്തിൽ ചുങ്കക്കുന്ന് ഫൊറോന വികാരി പെരി. ബഹു. തോമസ് മണക്കുന്നേലച്ചൻ യുവജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. 150 ഓളം യുവജനങ്ങൾ സെമിനാറിൽ പങ്കെടുത്തു. ശ്രീ. സെബാസ്റ്റ്യൻ നരിവാലമുണ്ട ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ചുങ്കക്കുന്ന് ഫൊറോനയിലെ ബഹു. വൈദികരെയും ബഹു. ബിജു തുരുത്തേലച്ചനെയും നന്ദിപൂർവ്വം ഓർക്കുന്നു.

**JMJ Sisters**

Department of Youth ministry യുടെ Jesus, Mary, Joseph സേവനമേഖലകളിലേക്ക് സേവനം ചെയ്യുന്നതിനായി മാനന്തവാടി രൂപതയിലെ CMC, FCC, MSMI, SKD, SH, SCV, SJL, LSJ, SABS എന്നീ സന്യാസ സഭകളിൽ നിന്നായി 25 സിസ്റ്റേഴ്സ് പങ്കെടുത്ത JMJ Sisters Community Meeting ദ്വാരക പാസ്റ്ററൽ സെന്ററിൽ ജനുവരി 15 നു വൈകുന്നേരം 5 മുതൽ 11.30 വരെ നടത്തപ്പെട്ടു.

യൂത്ത് മിനിസ്ട്രിക്കായി സേവനം നൽകാൻ സന്നദ്ധരായ സിസ്റ്റേഴ്സിനെയും അവരുടെ പ്രൊവിൻഷ്യാളമ്മമാരെയും നന്ദിപൂർവ്വം ഓർക്കുന്നു.

ജപമാലയോടുകൂടി മീറ്റിംഗ് ആരംഭിച്ചു. യൂത്ത് മിനിസ്ട്രിയെക്കുറിച്ച് ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ക്ലാസ്സെടുത്തു. തുടർന്ന് യൂത്ത് മിനിസ്ട്രിക്കുവേണ്ടിയുള്ള മധ്യസ്ഥ പ്രാർത്ഥന ശക്തിപ്പെടു

ത്താൻ തീരുമാനിച്ചു. നിത്യാരാധന, ജാഗരണപ്രാർത്ഥന, തിരുമണിക്കൂർ, മറ്റു പ്രാർത്ഥനകൾ എന്നിവയിലൂടെ മധ്യസ്ഥ പ്രാർത്ഥനാ സഹായം ഓരോ സന്യാസ സഭകളോടും അഭ്യർത്ഥിക്കാനുള്ള നിർദ്ദേശം ഉണ്ടായി. തുടർന്ന് ബഹു. സിസ്റ്റേഴ്സ് നേതൃത്വം നൽകിയ ജാഗരണപ്രാർത്ഥനയോടെ മീറ്റിംഗ് അവസാനിച്ചു.

**പങ്കെടുത്തവർ**

സി. മെറീന FCC, സി. ലിസ അലക്സ് SKD, സി. ലിൻ്റ FCC, സി. ലിനറ്റ് തോമസ് MSMI, സി. മെർളിൻ MSMI, സി. വിനീജ ചക്കിമംഗലത്ത് SABS, സി. റ്റെയ്സി ജോസഫ് SH, സി. ലിയ റോസ് SH, സി. ശോഭ LSJ, സി. അനിത ടോം SH, സി. സോന മരിയ CMC, സി. നാൻസി FCC, സി. മരിയ ജെയിംസ് CMC, സി. എമിലിൻ SABS, സി. ലിൻസി SCV, സി. ആൻസി പോൾ SH, സി. നോയൽ മരിയ SABS, സി. പ്രെസി റോസ് CMC, സി. അജയ MSMI, സി. മിനി ഫിലിപ്പ് SJL, സി. മർത്താ തോമസ് SJL, സി. സ്നോബി ആൻസ് CMC, സി. തെരെസ് CMC, സി. ക്രിസ്റ്റീന SH.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
Director, Department of Youth Ministry

# കെ. സി. വൈ. എം.

**20-ാം വാർഷികാഘോഷവും, പ്രവർത്തനവർഷസമാപനവും**

മാനന്തവാടി രൂപത KCYM ന്റെ 20-ാം വാർഷികവും പ്രവർത്തനവർഷസമാപനവും വിപുലമായ പരിപാടികളോടെ 2014 ഡിസംബർ 19, 20 തീയതികളിൽ മേരിമാതാ കോളേജിൽ വച്ചു നടത്തപ്പെട്ടു. 19-ാം തീയതി വൈകുന്നേരം 5 മണിക്ക് 2014, 2015 പ്രവർത്തന വർഷങ്ങളിലെ മേഖലാഭാരവാഹികൾ പങ്കെടുത്ത പ്രതിനിധിസമ്മേളനം Directors's Representative റവ.ഫാ.മനോജ് അമ്പലത്തിങ്കൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് മേഖലാഭാരവാഹികൾക്കു വേണ്ടിയുള്ള Training Programme ശ്രീ.സജിമോൻ പി.റ്റി ചേർത്തല നയിച്ചു. വൈകുന്നേരം 6.30 pm ന് ആരംഭിച്ച Training 20 -ാം തീയതി രാവിലെ 10 മണിക്ക് അവസാനിച്ചു. 60 യുവജനങ്ങൾ Programme - ൽ പങ്കെടുത്തു.

20 -ാം തീയതി രാവിലെ 7.15 ന് മാനന്തവാടി രൂപത വികാരി ജനറാൾ മോൺ.മാത്യു മാടപ്പള്ളിക്കുന്നേൽ ഭാരവാഹികൾക്കായി വി. കുർബാനയർപ്പിച്ചു. 10 മണിക്ക് വിവിധ ഇടവകകളിൽ നിന്നുമുള്ള യുവജനങ്ങൾ പങ്കെടുത്ത യുവജനകൺവെൻഷൻ ആരംഭിച്ചു. മാനന്തവാടി രൂപത കെസിവൈഎമ്മിന്റെ രക്ഷാധികാരി അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവും മാധ്യമപ്രവർത്തന രംഗത്തെ ശ്രേഷ്ഠ പുരസ്കാര ജേതാവും(രംഗനാഥ ഗോയങ്ക മാധ്യമ അവാർഡ്) കാരവൻ മാഗസിന്റെ എക്സിക്യൂട്ടീവ് എഡിറ്ററുമായ വിനോദ് കെ.ജോസും യുവജനങ്ങൾക്കായുള്ള ക്ലാസ്സുകളും ചർച്ചകളും നയിച്ചു. തുടർന്നു നടന്ന പൊതുസമ്മേളനം അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ശ്രീ.സിബിൻ പാലമൂട്ടിൽ സ്വാഗതവും, കെസിവൈഎം രൂപത പ്രസിഡണ്ട് ശ്രീ.ബിബിൻ ചെമ്പക്കര അധ്യക്ഷതയും വഹിച്ചു. രൂപത ഡയറക്ടർ റവ.ഫാ.ലാൽ ജേക്കബ് പൈനുങ്കൽ ആമുഖപ്രഭാഷണം നടത്തി. കെസിവൈ എം സംസ്ഥാന വൈസ് പ്രസിഡണ്ട് ശ്രീ.സജിൻ ജോസ് ചാലിൽ, രൂപത ആനിമേറ്റർ റവ.സി.

ലിൻസ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. ഈ വർഷത്തെ യുവപ്രതിഭാ അവാർഡ് കാരവൻ മാഗസിന്റെ എക്സിക്യൂട്ടീവ് എഡിറ്റർ ശ്രീ.വിനോദ് കെ.ജോസ് അഭിവന്ദ്യ പിതാവിൽ നിന്നും ഏറ്റു വാങ്ങി.

നീണ്ട പതിനേഴു വർഷക്കാലം KCYM പ്രസ്ഥാനത്തിന്റെ സജീവ പ്രവർത്തകനും രൂപത പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, കോർഡിനേറ്റർ, സംസ്ഥാന സിൻഡിക്കേറ്റ്- സെനറ്റ് മെമ്പർ, സംസ്ഥാന ഓഡിറ്റർ എന്നീ നിലകളിലും സ്തുത്യർഹ സേവനം ചെയ്ത ശ്രീ.ബിനോയ് പാനി കുളത്തിന് മെമന്റോ നൽകി ആദരിച്ചു. തുടർന്ന് നടന്ന സമ്മാനദാനച്ച ടങ്ങിൽ 'ലഹരിവിമുക്ത യൗവനം കുടുംബഭദ്രതക്ക്' എന്ന വിഷയത്തെ ആസ്പദമാക്കി കെസിവൈഎം നടത്തിയ Short Film Competition ൽ സമ്മാനാർഹരായിട്ടുള്ളവർക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകി. കുമാരി ശാലു തൈപ്പറമ്പിൽ വാർഷിക പരിപാടിയുടെ ആങ്ക റിംഗ് നടത്തി. സമ്മേളനത്തിന്റെ സമാപനത്തിന് കെസിവൈഎം രൂപത വൈസ് പ്രസിഡണ്ട് കുമാരി ജോസ്ന തൈക്കൂട്ടം പുത്തൻപുര നന്ദി യർപ്പിച്ചു. അഞ്ഞൂറോളം യുവജനങ്ങളും യൂണിറ്റ് ആനിമേറ്റേഴ്സും കൺവെൻഷനിൽ സംബന്ധിച്ചു.

**വാർഷികസെനറ്റും രൂപത ഇലക്ഷനും**

KCYM മാനന്തവാടി രൂപത 20 -ാം വാർഷിക സെനറ്റും ഇലക്ഷനും ജനുവരി 10 ന് ദ്വാരക യു.പി.സ്കൂളിൽ നടന്നു. ദ്വാരക ഇടവക വികാരി റവ.ഫാ.അനിൽ മാത്യു മുഞ്ഞനാട്ട് വാർഷിക സെനറ്റ് ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡണ്ട് ശ്രീ.ബിബിൻ ചെമ്പക്കര അധ്യ ക്ഷത വഹിച്ചു. രൂപത ആനിമേറ്റർ റവ.സി.ലിൻസ വചനപ്രതിഷ്ഠ നടത്തി പ്രാർത്ഥിച്ചു. ശ്രീ.സിബിൻ പാലമൂട്ടിൽ യോഗത്തിന് സ്വാഗതം ആശംസിച്ചു. റവ.ഫാ.ലാൽ ജേക്കബ് പൈനുങ്കൽ ആമുഖപ്രഭാഷണം നടത്തി. ശ്രീ.ബിനോയ് പാനികുളം ആശംസകളർപ്പിച്ചു സംസാരിച്ചു. ഉദ്ഘാടനസമ്മേളനത്തിന് സെക്രട്ടറി ശ്രീ.എബിൻ മുട്ടപ്പള്ളി കൃതജ്ഞത യർപ്പിച്ചു.

ഉദ്ഘാടന സമ്മേളനത്തിനു ശേഷം മേഖലകളുടെ റിപ്പോർട്ടു കൾ അവതരിപ്പിച്ചു. രൂപതവാർഷികറിപ്പോർട്ട് ജനറൽ സെക്രട്ടറി ശ്രീ. സിബിൻ പാലമൂട്ടിലും, വാർഷിക കണക്ക് രൂപത ട്രഷറർ ശ്രീ.വിനു വാണിയപ്പള്ളിയും അവതരിപ്പിച്ചു. തുടർന്ന് സംഘടനാചർച്ചകൾ നടന്നു. Pearl കലാമത്സരങ്ങളെ സംബന്ധിച്ചും നിയമാവലിയിൽ അവശ്യം വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും യോഗം ചർച്ച ചെയ്തു. തുടർന്ന് 2015 വർഷത്തേക്കുള്ള രൂപത ഭാരവാഹികളെ തെരെഞ്ഞെടുത്തു.

റവ.ഫാ.ലാൽ ജേക്കബ് പൈനുങ്കൽ ഇലക്ഷന് നേതൃത്വം നൽകി. 2015 വർഷത്തേക്കുള്ള രൂപത ഭാരവാഹികളായി താഴെ പറയുന്നവർ തെരെഞ്ഞെടുക്കപ്പെട്ടു.

| | | |
|---|---|---|
| പ്രസിഡണ്ട് | - ശ്രീ.സിബിൻ പാലമൂട്ടിൽ | തലഞ്ഞി |
| വൈ.പ്രസിഡണ്ട് | - കുമാരി സൻസി പൊട്ടയിൽ | കല്ലോടി |
| ജന.സെക്രട്ടറി | - ശ്രീ.എബിൻ മുട്ടപ്പള്ളി | തരിയോട് |
| സെക്രട്ടറിമാർ | - കുമാരി ഡെല്ല പുത്തൻകളത്തിൽ | വെള്ളൂന്നി |
| | - ശ്രീ. റ്റോബി കൂട്ടുങ്കൽ | ഒണ്ടയങ്ങാടി |
| ട്രഷറർ | - ശ്രീ.അജീഷ് പുല്ലാട്ടുകുടിയിൽ | വിളമ്പുകണ്ടം |
| കോഡിനേറ്റർ | - ഷാജി അഴകനാൽ | നെടുമ്പാല |

## രൂപത സിൻഡിക്കേറ്റ് അംഗങ്ങൾ

ബത്തേരി - ജിൻസൺ പുളിമൂട്ടിൽ, കല്ലോടി - ലിജോ വർഗീസ്, കൽപ്പറ്റ - ലയന കണിയാംപടിക്കൽ, കൊട്ടിയൂർ - ജിജോ താന്നിവേലിൽ, മാനന്തവാടി - അരുൺ പേഴക്കാട്ടിൽ, മണിമൂളി - ജോത്സന നീലത്തുമുക്കിൽ, നടവയൽ - റിൻസി പുളിക്കത്തൊട്ടി, നിലമ്പൂർ - റെജിൻ കണ്ണേർപുത്തൻവീട്, പയ്യംപള്ളി - മേരിസിയ ഏനാനിക്കൽ, പുൽപ്പള്ളി - ആന്റണി മങ്കടപ്ര, തരിയോട് - തുഷാര പള്ളിക്കാത്തൊട്ടി.

## സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങൾ

ബിബിൻ ചെമ്പക്കര, ലിറ്റി കൊച്ചുപുരയ്ക്കൽ

## സംസ്ഥാന സെനറ്റംഗങ്ങൾ

വിനു വാണിയപ്പിള്ളിൽ, ആന്റണി മങ്കടപ്ര, സൻസി പൊട്ടയിൽ.

## മേഖല പ്രൊമോട്ടേഴ്സ്

ബത്തേരി - ആന്റണി മങ്കടപ്ര, കല്ലോടി -റ്റോബി കൂട്ടുങ്കൽ, കൽപ്പറ്റ - അജീഷ് പുല്ലാട്ടുകുടിയിൽ, കൊട്ടിയൂർ - ലിജോ വാഴേപ്പറമ്പിൽ, മാനന്തവാടി - എബിൻ മുട്ടപ്പള്ളി, മണിമൂളി - വിനു വാണിയപ്പിള്ളി, നടവയൽ - ഷാജി അഴകനാൽ, നിലമ്പൂർ - ബിബിൻ ചെമ്പക്കര, പയ്യംപള്ളി - സൻസി പൊട്ടയിൽ, പുൽപ്പള്ളി - സജിൻ ജോസ് ചാലിൽ, തരിയോട് - അനീറ്റ കുളത്തിങ്കൽ.

## സംയുക്തസിന്റിക്കേറ്റ് - ഉത്തരവാദിത്വക്കൈമാറ്റം

2014 വർഷത്തെയും 2015 വർഷത്തെയും കെസിവൈഎം അംഗങ്ങളുടെ സംയുക്ത സിന്റിക്കേറ്റ് യോഗം ജനുവരി 18 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുകയുണ്ടായി. കെസിവൈഎം രൂപത ഡയറക്ടർ റവ.ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ സാന്നിധ്യത്തിൽ 2015

വർഷത്തിലെ ഭാരവാഹികൾ ഉത്തരവാദിത്വം ഏറ്റെടുത്തു. പുതിയതായി ഭരണസാരഥ്യം ഏറ്റെടുത്തവർക്ക് മുൻവർഷത്തെ സിന്റിക്കേറ്റ് അംഗങ്ങൾ അഭിനന്ദനങ്ങളർപ്പിച്ചു.

## യൂണിറ്റ് ഭാരവാഹികളുടെ ലിസ്റ്റ്

യൂണിറ്റ് ഇലക്ഷൻ നടത്തി ഭാരവാഹികളുടെ ലിസ്റ്റ് തന്ന യൂണിറ്റുകളെ പ്രത്യേകം അഭിനന്ദിക്കുന്നു. ലിസ്റ്റ് ഇനിയും തരാനുള്ള യൂണിറ്റുകൾ എത്രയും പെട്ടെന്ന് രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.

ഭാരവാഹികളുടെ ലിസ്റ്റ് തന്ന യൂണിറ്റുകൾ : മൂലങ്കാവ്, വടക്കനാട്, ബത്തേരി, കടൽമാട്, തോമാട്ടുചാൽ, ചുള്ളിയോട്, കല്ലോടി, പുതുശ്ശേരി, ദ്വാരക, ജൂഡ്സ്മൗണ്ട്, പുതിയിടംകുന്ന്, ചാരിറ്റി, വൈത്തിരി, ചുങ്കക്കുന്ന്, കുറുമ്പാലക്കോട്ട, നടവയൽ, വിളമ്പുകണ്ടം, ഇടയൂർക്കുന്ന്, പടമല, പാതിരിപ്പാടം, കുറുമ്പാല, മഞ്ഞൂറ, വെള്ളൂന്നി.

## നവവൈദികർക്ക് ആശംസകൾ

ഡിസംബർ, ജനുവരി മാസങ്ങളിൽ തിരുപ്പട്ടം സ്വീകരിച്ച നവവൈദികർക്ക് കെസിവൈഎം രൂപത കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

## മേഖല ആനിമേറ്റേഴ്സ് & ഡയറക്ടേഴ്സ് മീറ്റിംഗ്

മേഖലകളിൽ കെസിവൈഎം ന് നേതൃത്വം നൽകുന്ന ബഹു. ഡയറക്ടേഴ്സിന്റെയും ആനിമേറ്റേഴ്സിന്റെയും ഒരു സംഗമം 2015 ജനുവരി 27-ാം  തീയതി ചൊവ്വാഴ്ച വൈകുന്നേരം 5 മണിമുതൽ 10.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്.

## യൂണിറ്റ് വാർത്തകൾ : അമരക്കുനി യൂണിറ്റ്

യുവജനങ്ങൾക്കും മാതാപിതാക്കൾക്കും വേണ്ടിയുള്ള ക്ലാസ്സിൽ യുവജനങ്ങൾ പങ്കെടുത്തു. റവ.ഫാ.തോമസ് കോഴിമല ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ദേവാലയ നിർമാണഫണ്ടുശേഖരണത്തിനായി കൂപ്പൺ അടിച്ചിറക്കി.

## മഞ്ഞൂറ യൂണിറ്റ്

ഇടവകയിലും പുറത്തും ജോലി ചെയ്യുന്നവർക്കായി അർദ്ധദിന സെമിനാർ നടത്തി. ഇടവകാവാർഷിക ധ്യാനത്തിൽ യുവജനങ്ങൾ സംബന്ധിച്ചു. യുവജനങ്ങളുടെ നേതൃത്വത്തിൽ പുൽക്കൂടു നിർമ്മിച്ചു. അൾത്താരശുശ്രൂഷക്കും, വചനവായനക്കും യുവജനങ്ങൾ നേതൃത്വം നൽകി.

## വടക്കനാട് യൂണിറ്റ്

വാർഡുകളിലെ ക്രിസ്തുമസ് ആഘോഷങ്ങൾക്ക് യുവജനങ്ങൾ നേതൃത്വം നൽകി. കെസിവൈഎം അംഗങ്ങളുടെ നേതൃത്വത്തിൽ ദേവാലയത്തിൽ പുൽക്കൂട് നിർമ്മിച്ചു. ക്രിസ്തുമസിനോടനുബന്ധിച്ച് ദേവാലയവും പരിസരവും വൃത്തിയാക്കി. വർഷാവസാനപ്രാർത്ഥനയിലും ആരാധനയിലും പങ്കെടുത്തു.

## പടമല യൂണിറ്റ്

രൂപതവാർഷികത്തിന് യൂണിറ്റിൽ നിന്നും 10 യുവജനങ്ങൾ പങ്കെടുത്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ പുൽക്കൂട് നിർമ്മിക്കുകയും ക്രിസ്തുമസ് ട്രീ ഉണ്ടാക്കുകയും ചെയ്തു. യൂത്തുമിനിസ്ട്രിയുടെ യുവജനസർവേ ഫോം കെസിവൈഎം ഭാരവാഹികൾ ഇടവകയിലെ എല്ലാ ഭവനങ്ങളിലും എത്തിച്ചു കൊടുത്തു.

## മരുത യൂണിറ്റ്

എല്ലാ ഞായറാഴ്ചകളിലും വി.കുർബാനക്കു മുൻപുള്ള ജപമാലക്ക് കെസിവൈഎം അംഗങ്ങൾ നേതൃത്വം നൽകിവരുന്നു. യൂണിറ്റിലെ യുവജനങ്ങൾ ഡയറക്ടർ ഫാ.ടോമി പുത്തൻപുരയ്ക്കലിന്റെ നേതൃത്വത്തിൽ ഗോവക്ക് തീർത്ഥാടനം നടത്തി വി.ഫ്രാൻസീസ് സേവ്യറിന്റെ തിരുശേഷിപ്പ് സന്ദർശിച്ച് അനുഗ്രഹം പ്രാപിച്ചു. ക്രിസ്മസ് കരോൾ, ക്രിസ്മസ് ട്രീ എന്നിവക്ക് കെസിവൈഎം അംഗങ്ങൾ നേതൃത്വം നൽകി.

## നെടുമ്പാല യൂണിറ്റ്

ക്രിസ്മസ് നക്ഷത്രം നിർമിച്ച് പള്ളിയുടെ മുഖവാരത്ത് തൂക്കി. പുൽക്കൂടു നിർമാണം യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ.ജിൽസൺ കോക്കണ്ടത്തിന്റെ നാമഹേതുക തിരുനാളും Ordination day യും സംയുക്തമായി ആഘോഷിച്ചു. വർഷാവസാന പ്രാർത്ഥനകളിലും വി.ബലിയിലും യുവജനങ്ങൾ പങ്കെടുത്തു.

## കരിമാനി യൂണിറ്റ്

പിറവിത്തിരുനാളിനൊരുക്കമായുള്ള നോമ്പുദിനങ്ങളിൽ യുവജനങ്ങൾ ദേവാലയത്തിൽ വന്ന് ദിവ്യബലിയിൽ സംബന്ധിച്ചു. ഇടവകയിൽ നടന്ന വാർഷിക ധ്യാനത്തിൽ യുവജനങ്ങളെല്ലാം പങ്കെടുത്തു. രൂപതവാർഷികാഘോഷങ്ങളിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. രൂപത നടത്തിയ Short Film മത്സരത്തിൽ യൂണിറ്റ് കെസി

വൈഎം അംഗം അമൽ ചൂടിയാങ്കൽ സംവിധാനം ചെയ്ത 'Presence of God ന് രണ്ടാം സ്ഥാനം ലഭിച്ചു. യുവജനങ്ങൾ ചേർന്ന് പുൽക്കൂടു നിർമ്മിച്ചു.

## കൊമ്മയാട് യൂണിറ്റ്

യുവജനങ്ങളുടെ നേതൃത്വത്തിൽ പുൽക്കൂടു നിർമ്മിച്ചു. രുപത കൺവെൻഷനിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. ഫണ്ടു ശേഖരണാർത്ഥം ചായപ്പൊടി വിതരണം നടത്തി. ക്രിസ്തുമസ് ആഘോഷങ്ങൾക്ക് യുവജനങ്ങൾ നേതൃത്വം നൽകി. കെസിവൈഎം അംഗമായ ഒരു യുവാവിന് കൃത്രിമക്കാൽ വയ്ക്കുന്നതിന് 45000 രൂപ ശേഖരിച്ചു നൽകി.

## കുറുമണി യൂണിറ്റ്

വിവാഹജീവിതത്തിലേക്ക് പ്രവേശിച്ച കെസിവൈഎം സിന്റിക്കേറ്റ് അംഗമായ ഷൈനി മോളത്തിന് ആശംസകൾ നേർന്നു. കോട്ടത്തറയിൽ വച്ചു നടന്ന മേഖല വാർഷികത്തിൽ യൂണിറ്റിൽ നിന്നും 15 അംഗങ്ങൾ പങ്കെടുക്കുകയും മത്സരങ്ങളിൽ മൂന്നാം സ്ഥാനം നേടുകയും ചെയ്തു. രൂപത വാർഷികത്തിൽ കുറുമണി യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. ഇടവകയിലെ പുൽക്കൂട് യുവജനങ്ങൾ ചേർന്നു നിർമിച്ചു. ക്രിസ്തുമസ് കരോളിന് യുവജനങ്ങൾ നേതൃത്വം നൽകി. വർഷാവസാന ആരാധനയിലും വി.ബലിയിലും യുവജനങ്ങൾ പങ്കെടുത്ത് പുതുവത്സരാശംസകൾ നേർന്നു.

## വെള്ളൂന്നി യൂണിറ്റ്

മേരിമാതാകോളേജിൽ വച്ചു നടന്ന രൂപതവാർഷികത്തിൽ യൂണിറ്റിൽ നിന്നും 17 പേർ പങ്കെടുത്തു. യൂത്തുമിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന PSC കോച്ചിംഗിന് ഒരുക്കമായുള്ള യുവജന സെമിനാറിനായി ഇടവകയിൽ Campaign നടത്തി. യുവജനങ്ങളുടെ നേതൃത്വത്തിൽ പുൽക്കൂടും ക്രിസ്മസ് ട്രീയും നിർമ്മിച്ചു.

## ചാരിറ്റി യൂണിറ്റ്

45 അടി ഉയരമുള്ള നക്ഷത്രം നിർമ്മിച്ചു തൂക്കി. മേരി മാതാ കോളേജിൽ വച്ചു നടന്ന രൂപതവാർഷികത്തിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. പുൽക്കുടു നിർമ്മാണത്തിൽ യുവജനങ്ങളും സഹകരിച്ചു. ക്രിസ്മസ് ട്രീ ഒരുക്കി. വാർഡുകളിൽ കരോളിന് നേതൃത്വം നൽകി.

## ചുങ്കക്കുന്ന്   യൂണിറ്റ്

സംസ്ഥാനകലോത്സവത്തിൽ  യൂണിറ്റിൽ നിന്നും മൂന്നു പേർ പങ്കെടുത്തു. ലളിത ഗാനത്തിന് ആതിര നമ്പുടാകത്തിന് മൂന്നാംസ്ഥാനവും എ ഗ്രേഡും അനുഗ്രഹക്ക് എ ഗ്രേഡും കവിതാരചനയിൽ അനില നല്ലൂരിന് III - A ഗ്രേഡും ലഭിച്ചു. ക്രിസ്മസ് രാത്രിയിൽ സമ്മാനാർഹരായവരെ ബഹു.മണക്കുന്നേലച്ചന്റെ നേതൃത്വത്തിൽ പ്രത്യേകം  അനുമോദിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. രൂപതാവാർഷികത്തിന് യൂണിറ്റിൽ നിന്നും 20 പേർ പങ്കെടുത്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ പുൽക്കൂട് നിർമ്മിച്ചു. പതിവായി നടത്തുന്ന യുവജനങ്ങളുടെ മാസമീറ്റിംഗിൽ 400 ലധികം പേർ പങ്കെടുത്തു. യൂത്തു മിനിസ്ട്രിയുടെ നേതൃത്വത്തിൽ കേളകത്തു വച്ചു നടന്ന Entrance Coaching–ൽ യൂണിറ്റിൽ നിന്നും 40 പേർ പങ്കെടുത്തു.

## ഒലിവുമല യൂണിറ്റ്

യുവജനങ്ങളുടെ നേതൃത്വത്തിൽ ക്രിസ്മസ് നക്ഷത്രം നിർമ്മിച്ച് തൂക്കി. പള്ളിയും പരിസരവും വൃത്തിയാക്കി. യുവജനസർവേഫോം വീടുകളിലെത്തിച്ചു. കഴുയുന്നത്രയും യുവജനങ്ങൾ നോമ്പിന്റെ ദിവസങ്ങളിൽ ദിവ്യബലിയിൽ സംബന്ധിച്ചു. ക്രിസ്മസ് ട്രീയും പുൽക്കൂടും നിർമ്മിക്കുന്നതിന് യുവജനങ്ങൾ നേതൃത്വം നൽകി.

## പുതിയിടം യൂണിറ്റ്

ഫണ്ടുശേഖരണാർത്ഥം കൂപ്പൺ അടിച്ചിറക്കി. ക്രിസ്മസിനോടനുബന്ധിച്ച് യുവജനങ്ങൾ മനോഹരമായ പുൽക്കൂട് നിർമ്മിച്ചു. രൂപതവാർഷികത്തിൽ യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു.

## ശശിമല യൂണിറ്റ്

മേരിമാതാകോളേജിൽ വച്ചു നടന്ന വാർഷികപരിപാടിയിൽ യൂണിറ്റിൽ നിന്നും 14 പേർ പങ്കെടുത്തു. ക്രിസ്മസിനോടനുബന്ധിച്ച് യുവജനങ്ങൾ ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ച് ജീവകാരുണ്യഫണ്ട് ശേഖരിക്കുകയും ബഹു.ജോസ് കളപ്പുര അച്ചന്റെ നേതൃത്വത്തിൽ നടവയൽ ഒസ്സാനാം ഭവൻ സന്ദർശിച്ച് 6000 രൂപ ക്രിസ്മസ് സമ്മാനമായി  നൽകുകയും ചെയ്തു.

## പുൽപ്പള്ളി യൂണിറ്റ്

ക്രിസ്മസിനൊരുക്കമായി യുവജനങ്ങൾ 25 ദിവസവും നോമ്പെടുക്കുകയും വി.കുർബാനയിൽ പങ്കുകൊള്ളുകയും ചെയ്തു. സുകൃതമഞ്ജരി തയ്യാറാക്കി പുൽക്കൂട്ടിൽ സമർപ്പിച്ചു. നോമ്പിന്റെ തുക 24–ാം

തീയതി പാതിരാക്കുർബാനയിൽ കാഴ്ച സമർപ്പണം നടത്തുകയും തിരുഹൃദയഭവനനിർമ്മാണത്തിനായി നൽകുകയും ചെയ്തു. യൂണിറ്റ് ഡയറക്ടർ ബഹു.ജോണച്ചന്റെ നാമഹേതുകത്തിരുനാൾ ദിനത്തിൽ ആശംസകൾ അർപ്പിച്ചു. ഇടവകയിൽ നിന്നും വിദൂരങ്ങളിൽ പഠിക്കുന്ന യുവജനങ്ങൾക്കുവേണ്ടി 24-ാം തീയതി അർദ്ധദിനസെമിനാർ നടത്തി. ബഹു.ഫാ.ജെയ്സൺ MCBS നേതൃത്വം നൽകി. കുമ്പസാരം, ആരാധന, ക്ലാസ്സ് തുടങ്ങിയവ സെമിനാറിൽ ഉൾപ്പെടുത്തിയിരുന്നു. വർഷാവസാനത്തോടനുബന്ധിച്ച് നടന്ന ജാഗരണപ്രാർത്ഥനയിൽ ഒരു മണിക്കൂർ സമയം യുവജനങ്ങൾ ആരാധനക്ക് നേതൃത്വം നൽകി. രൂപത യുവജനകൺവെൻഷനിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു.

## പുതുശ്ശേരി യൂണിറ്റ്

മേരിമാതാ കോളേജിൽ വച്ചു നടന്ന രൂപതവാർഷികാഘോഷത്തിൽ യൂണിറ്റിൽ നിന്നും 13 പേർ പങ്കെടുത്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ വളരെ മനോഹരമായ പുൽക്കൂട് നിർമ്മിച്ചു.

## മേഖലവാർത്തകൾ

## കൊട്ടിയൂർ മേഖല

മാനന്തവാടി രൂപത കെസിവൈഎം വാർഷികത്തിൽ കൊട്ടിയൂരിനെ പ്രതിനിധീകരിച്ച് 70 പേർ മേഖലയിൽ നിന്നു പങ്കെടുത്തു. സംസ്ഥാന കലാസാഹിത്യമത്സരങ്ങളിൽ ചുങ്കക്കുന്ന്, വെള്ളൂന്നി യൂണിറ്റുകൾ പങ്കെടുത്തു. യൂണിറ്റു തെരെഞ്ഞെടുപ്പുകൾ മിക്ക യൂണിറ്റുകളിലും പൂർത്തിയായി.

**എബിൻ മുട്ടപ്പള്ളി**
രൂപത ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ഡിസംബർ 28 മുതൽ 31 വരെ നടന്ന കോഴ്സിൽ 104 പേരും ജനുവരി 11 മുതൽ 14 വരെ നടന്ന കോഴ്സിൽ 102 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസത്തിലെ കോഴ്സുകൾ**

| | | |
|---|---|---|
| ഫെബ്രുവരി | 8–11 | പാസ്റ്ററൽ സെന്റർ ദ്വാരക |
| മാർച്ച് | 1–4 | പാസ്റ്ററൽ സെന്റർ ദ്വാരക |
| മാർച്ച് | 20–23 | മണിമൂളി |
| മാർച്ച് | 27–30 | പാസ്റ്ററൽ സെന്റർ ദ്വാരക |

**പ്രത്യേക ശ്രദ്ധയ്ക്ക്**

മാർച്ച് 20 മുതൽ 23 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ നടക്കുന്ന കോഴ്സിനെക്കുറിച്ച് മണിമൂളി, നിലമ്പൂർ, നീലഗിരി പ്രദേശങ്ങളിലെ ഇടവകകളിൽ നേരത്തെ തന്നെ വിളിച്ചു പറയുമല്ലോ. ഈ പ്രദേശങ്ങളിൽ നിന്നും കോഴ്സിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്നവരോട് മാർച്ച് 20–23 ന്റെ കോഴ്സിൽ പങ്കെടുക്കാൻ ഓർമ്മിപ്പിക്കണെ.

## കത്തോലിക്കാ മാതൃസംഘടന

ഡിസംബർ 19 –ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് മാതൃസംഘടനയുടെ ശാഖാ ആനിമേറ്റേഴ്സ് സംഗമം നടത്തി. സംസ്ഥാന വനിതാഫോറം സെക്രട്ടറി ശ്രീമതി ലിസ്സി ആലൂക്ക, സംസ്ഥാന ട്രഷറർ ശ്രീമതി ജിജി ജേക്കബ്ബ് എന്നിവർ ക്ലാസുകൾക്കും ചർച്ചകൾക്കും നേതൃത്വം നൽകി. 20 –ാം തിയതി 2014 വർഷത്തിലെ ജനറൽ ബോഡിയും രൂപതാ വാർഷികവും നടത്തപ്പെട്ടു. വനിതാ ഫോറം സംസ്ഥാന ഡയറക്ടർ ബഹു.ജോസഫ് കൊച്ചുപറമ്പിലച്ചൻ ക്ലാസ്സ് എടുത്തു. തുടർന്ന് രൂപതാ പ്രസിഡണ്ട് ശ്രീമതി മോളി കരിമ്പനാ

ക്കുഴിയുടെ അദ്ധ്യക്ഷതയിൽ പൊതുസമ്മേളനം ചേർന്നു. ചുങ്കക്കുന്ന് ശാഖയുടെ ഈശ്വര പ്രാർത്ഥനയ്ക്കുശേഷം രൂപതാ അസി.ഡയറക്ടർ ബഹു. ജോഷി മഞ്ഞക്കുന്നേലച്ചൻ സ്വാഗതം ആശംസിച്ചു. തുടർന്ന് രൂപതാ സെക്രട്ടറി ശ്രീമതി കത്രിക്കുട്ടി മണ്ണൂക്കുളം വാർഷിക റിപ്പോർട്ടും ട്രഷറർ ശ്രീമതി ഏലിയാമ്മ കുന്നത്ത് കണക്കും അവതരിപ്പിച്ചു. ലോഗോസ്ക്വിസ് വിജയികൾക്കും വനിതകളുടെ സാഹിത്യ രചനാ മൽസര വിജയികൾക്കും ബഹു.ജോസഫ് കൊച്ചുപറമ്പിലച്ചൻ സമ്മാന വിതരണം നടത്തി. രൂപതാ കൗൺസിലർ ശ്രീമതി അന്നമ്മ കാവാലം, വനിതാ ഫോറം ഭാരവാഹികൾ എന്നിവർ ആശംസകളർപ്പിച്ചു. മാതൃസംഘടനയുടെ തുടർപ്രവർത്തനങ്ങളെക്കുറിച്ച് രൂപതാ ഡയറക്ടർ ബഹു.മാത്യു പെരിയപ്പുറം അച്ചൻ വിശദീകരിച്ചു. രൂപതാ ആനിമേറ്റർ സി.കൃപ SABS ഏവർക്കും നന്ദിയർപ്പിച്ചു. 15.01.2015 –ന് ബഹുമാനപ്പെട്ട മാത്യു പെരിയപ്പുറം അച്ചന്റെയും ബഹു.ജോഷി മഞ്ഞക്കുന്നേലച്ചന്റെയും നേതൃത്വത്തിൽ രൂപതാ എക്സിക്യൂട്ടിവ് ചേർന്നു. യോഗത്തിൽ 2014 വർഷത്തിലെ പ്രവർത്തനങ്ങളും രൂപതാ വാർഷികവും വിലയിരുത്തി. തുടർന്ന് ടീം ട്രയിനിംഗ്, സമ്മാനകൂപ്പൺ എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു.

### തരിയോട് മേഖല

തരിയോട് മേഖലയുടെ നേതൃത്വത്തിൽ ചെന്നലോട് ഇടവകയിൽ വച്ച് 21.12.2014 –ന് മേഖല പ്രസിഡണ്ട് ശ്രീമതി അന്നമ്മ കാവാലത്തിന്റെ അദ്ധ്യക്ഷതയിൽ കരോൾഗാന മൽസരവും മേഖലാ വാർഷികവും നടത്തി. റവ. ഫാ. ആൻഡ്രൂസ് തെക്കേകണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. സി. ആൻസി ജോസ് സ്വാഗതവും, കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. കുറുമ്പാല, കാവുമന്ദം, ചെന്നലോട് എന്നീ ഇടവകകൾ 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കി. ശ്രീമതി അന്നമ്മ പൊൻതൊട്ടി നന്ദിയർപ്പിച്ചു.

### പയ്യമ്പള്ളി

തണൽ വൃദ്ധസദനം സന്ദർശിച്ച് സാമ്പത്തിക സഹായം നൽകി. ആയുർവേദ ആശുപത്രി സന്ദർശിച്ച് രോഗികൾക്ക് ക്രിസ്തുമസ്സ് സന്ദേശം നൽകി. 12 വീടുകൾ ഉള്ള ആദിവാസി കോളനിയിലെ ഓരോ വീട്ടിലും കേക്കും മിഠായിയും വിതരണം ചെയ്തു. സാധു യുവതികൾക്ക് വിവാഹ സഹായം, ഭവന നിർമ്മാണത്തിന് സാമ്പത്തിക സഹായം എന്നിവ നൽകി.

## പുതിയിടംകുന്ന്

20.12.2015 –ന് രൂപതാ വാർഷിക ജനറൽ ബോഡിയിൽ 5 പേർ പങ്കെടുത്തു. കല്ലോടി മേഖലയിലെ മികച്ച ശാഖാ പ്രവർത്തനങ്ങൾക്കുള്ള ട്രോഫി നേടി. 25.12.2014 –ന് ക്രിസ്തുമസ്സ് ദിനത്തിൽ പങ്കുവയ്ക്കൽ ചൈതന്യത്തിൽ യൂണിറ്റുകളിൽ നിന്നും പൊതിച്ചോർ, കേക്ക് എന്നിവ ശേഖരിച്ച് ആരാലും ശ്രദ്ധിക്കപ്പെടാതെ അലഞ്ഞ് നടക്കുകയും രോഗികളായി കടതിണ്ണകളിൽ കിടക്കുകയും ചെയ്യുന്ന ആകാശപറവകൾക്ക് വിതരണം ചെയ്തു.

## പുതുശ്ശേരിക്കടവ്

7.12.2014 –ന് യോഗം ചേർന്ന് 2015 –ൽ നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്തു. 19 –ന് മേഖലയിൽ നടന്ന കരോൾ ഗാന മൽസരത്തിൽ പങ്കെടുത്തു. 19 –ന് നടന്ന ആനിമേറ്റേഴ്സ് മീറ്റിംങ്ങിലും 20 –ന് നടന്ന എക്സിക്യൂട്ടീവ് മീറ്റിംങ്ങിലും പങ്കെടുത്തു.

## വെള്ളൂന്നി

ഡിസംബർ 6 –ന് അമ്മമാർ പിടിയരി ശേഖരിച്ച് ആനിമേറ്ററുടെ നേതൃത്വത്തിൽ  കുഞ്ഞോം ബാലഭവൻ സന്ദർശിച്ചു. 13 –ന് മരിയഭവനിൽ  ശുശ്രൂഷ ചെയ്തു. ചുങ്കക്കുന്നിൽ നടത്തപ്പെട്ട കരോൾഗാന മൽസരത്തിൽ അമ്മമാർ സംബന്ധിക്കുകയും 3 –ാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. ഇടവകയിലെ എല്ലാ വീടുകളും പരിചയപ്പെടുക എന്ന ഉദ്ദേശ്യത്തോടെ മറ്റു വാർഡുകൾ സന്ദർശിക്കുകയും പ്രായമായവരുടെ വീടുകളിൽ കേക്ക് നൽകി ക്രിസ്തുമസ്സ് ആശംസകൾ നേരുകയും ചെയ്തു.

## മരിയൻ സിംഗിൾസ്

ഡിസംബർ 9 –ന് മരിയൻ സിംഗിൾസ് അംഗങ്ങൾ WSSS–ൽ നടത്തിയ ഏകദിന ശിൽപശാലയിൽ പങ്കെടുത്തു. 2015 ജനുവരി 20 –ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ ബഹു. ഡയറക്ടറച്ചൻമാരുടെയും ആനിമേറ്റർ സിസ്റ്ററിന്റെയും നേതൃത്വത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ക്രിസ്തുമസ് സമ്മാനങ്ങൾ  കൈമാറുകയും ചെയ്തു. അടുത്ത യോഗം ഫെബ്രുവരി 23 –ന്.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
അസോസിയേറ്റ് ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**സോണൽ മീറ്റിംഗ്**

"സൈന്യങ്ങളുടെ കർത്താവേ, അങ്ങയുടെ വാസസ്ഥലം എത്ര മനോഹരം" (സങ്കീ.84:1).

2015 – പുതുവർഷത്തിൽ ആദ്യവെള്ളിയാഴ്ച സോണൽ മീറ്റിംഗിനായി ശുശ്രൂഷകർ ഒരുമിച്ചു ചേർന്നു. 10 മണിക്ക് കുരിശിന്റെ വഴിയോടുകൂടി ശുശ്രൂഷകൾ ആരംഭിച്ചു. ആരാധനയ്ക്കുശേഷം 12 മണിക്ക് ബഹു. സോണി വാഴകാട്ട് അച്ചൻ വി. ബലിയർപ്പിച്ച് വചനസന്ദേശം നൽകി. ശുഭപ്രതീക്ഷകളോടെ, നല്ലമനസ്സോടെ ജീവിതത്തെ സ്വീകരിക്കുന്നതിനെക്കുറിച്ച് അച്ചൻ സംസാരിച്ചു. 1.30 ന് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന്റെ നേതൃത്വത്തിൽ സോണൽ മീറ്റിംഗ് നടന്നു. പുതുവർഷത്തിൽ കൂടുതൽ തീക്ഷ്ണതയോടെ മുന്നേറണമെന്ന് അച്ചൻ പറഞ്ഞു. ശുശ്രൂഷയിലെ പുതിയ മാറ്റങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. ജന്മദിനം ആഘോഷിക്കുന്നവർക്ക് ആശംസകൾ അർപ്പിച്ചു. 3 മണിക്ക് മീറ്റിംഗ് അവസാനിച്ചു.

**ജാഗരണ പ്രാർത്ഥന**

"അവിടുത്തെ ഭയപ്പെടുന്നവർക്ക് രക്ഷ സമീപസ്ഥമാണ്" (സങ്കീ. 85:9). ആദ്യവെള്ളി ജാഗരണപ്രാർത്ഥന 6.30 ന് ജപമാലയോടുകൂടി ആരംഭിച്ചു. 7 മണിക്ക് ബഹു. അഗസ്റ്റിനച്ചൻ വി. ബലിയർപ്പിച്ചു. ഭക്ഷണശേഷം അഗസ്റ്റിനച്ചന്റെ നേതൃത്വത്തിൽ സീയോൻ ശുശ്രൂഷകർ ആരാധന നടത്തി. 12 മണിക്ക് വിശ്രമത്തിനായി പോയി.

**ആദ്യശനി – ഏകദിന കൺവെൻഷൻ**

"ഞാൻ കർത്താവിനെ തേടി അവിടുന്ന് എനിക്ക് ഉത്തരമരുളി" (സങ്കീ. 34:4). ആദ്യശനി സീയോൻ ശുശ്രൂഷകർ 6 മണിക്ക് പ്രാർത്ഥനയോടെ ശുശ്രൂഷകൾ ആരംഭിച്ചു. 9 മണിക്ക് സപ്ര, ജപമാല, സ്തുതി ആരാധന എന്നിവ നടത്തി. സാക്ഷ്യശുശ്രൂഷയ്ക്കുശേഷം 10.30 ന് വചനപ്രഘോഷണം, വി. ബലി എന്നിവ ബഹു. തോമസ് അറയ്ക്കൽ

അച്ചന്റെ നേതൃത്വത്തിൽ നടന്നു. പരിശുദ്ധാത്മാവിനെക്കുറിച്ചും, ആത്മാവിന്റെ പ്രവർത്തികളെക്കുറിച്ചും അച്ചൻ സംസാരിച്ചു. ഒരു വ്യക്തിയായി പരിശുദ്ധാത്മാവിനെ ജീവിതത്തിൽ കൊണ്ടുനടക്കുമ്പോൾ ജീവിതം ശുഭമായി തീരും, പ്രത്യാശനിറഞ്ഞതായി തീരുമെന്ന് അച്ചൻ പറഞ്ഞു. ലഘുഭക്ഷണം, ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നിവ ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന്റെ നേതൃത്വത്തിൽ നടന്നു. 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു.

**രണ്ടാംശനി ദമ്പതീകൂട്ടായ്മ**

10-1-15 ന് 10 മണിക്ക് ജപമാലയോടുകൂടി ദമ്പതീകൂട്ടായ്മയിലെ ശുശ്രൂഷകൾ ആരംഭിച്ചു. ഫാമിലി അപ്പസ്റ്റലേറ്റ്, സെൻട്രൽ കൗൺസിൽ മെമ്പർ ശ്രീ. ഫ്രാൻസീസ് സാർ ക്ലാസ്സ് നയിച്ചു. ബഹു. ജോഷി മഞ്ഞക്കുന്നേൽ അച്ചൻ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. 3 മണിയോടുകൂടി ശുശ്രൂഷകൾ അവസാനിച്ചു.

**രണ്ടാംശനി - പൊതുകൗൺസിലിംഗ് ദിനം**

രണ്ടാം വെള്ളിയാഴ്ച സീയോൻ കൗൺസിലേഴ്സ് എല്ലാവരും പ്രാർത്ഥിച്ച് ഒരുങ്ങി രണ്ടാംശനിയാഴ്ച കൗൺസിലിംഗ് നടത്തി. 120 ഓളം വ്യക്തികൾ കൗൺസിലിംഗിനായി കടന്നു വന്നു.

**രണ്ടാംശനി - യുവജനകൂട്ടായ്മ**

"മക്കളെ ഞാൻ പറയുന്നത് കേൾക്കുവിൻ, ദൈവഭക്തി ഞാൻ നിങ്ങളെ പരിശീലിപ്പിക്കാം (സങ്കീ. 34:11). രണ്ടാം ശനിയാഴ്ച യുവജന കൂട്ടായ്മയ്ക്ക് ഒരുക്കമായി ജീസസ് യൂത്ത് ലീഡേഴ്സ് ജാഗരണ പ്രാർത്ഥന നടത്തി പ്രാർത്ഥിച്ചു. ശനിയാഴ്ച രാവിലെ 9 മണിക്ക് ശുശ്രൂഷകൾ ആരംഭിച്ചു. കുരിശിന്റെ വഴി, സ്തുതി ആരാധനയ്ക്കുശേഷം രൂപതാ സെമിനാരി റെക്ടർ റവ. ഫാ. തോമസ് കച്ചിറയിൽ വചനം പങ്കുവെച്ചു. ജ്ഞാനത്തെക്കുറിച്ചും, ദൈവവചനത്തെക്കുറിച്ചും പ്രബോധനങ്ങൾ പങ്കുവെച്ചു. തുടർന്ന് വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. ഭക്ഷണശേഷം ആരാധന ബഹു. സോണിയച്ചന്റെ നേതൃത്വത്തിൽ നടന്നു. 3.15 ന് ശുശ്രൂഷകൾ സമാപിച്ചു.

**ക്രിസ്റ്റീൻ കൂട്ടായ്മ**

4-1-15 ന് ക്രിസ്റ്റീൻ ടീമംഗങ്ങൾ ജാഗരണ പ്രാർത്ഥന നടത്തി. ഞായർ വൈകുന്നേരം 7 മണി മുതൽ തിങ്കൾ രാവിലെ 5 മണി വരെ ആയിരുന്നു ജാഗരണ പ്രാർത്ഥന.

**തൂവാനീസ കൂട്ടായ്മ**

9-1-15 ന് തൂവാനീസ കൂട്ടായ്മ ശ്രീമതി എൽസി കുളത്തിങ്കലിന്റെ നേതൃത്വത്തിൽ നടന്നു.

**കൗൺസിലേഴ്സ് മിനിസ്ട്രി**

16-1-15 ന് സീയോനിലെ കൗൺസിലേഴ്സ് പ്രാർത്ഥനാദിനമായി ആചരിച്ചു. വലിയ അഭിഷേകം നിറഞ്ഞ ദിനമായിരുന്നു.

**ഇവാഞ്ചലൈസേഷൻ മീറ്റിംഗ്**

സീയോനിലെ ഇവാഞ്ചലൈസേഷൻ ടീമിന്റെ മീറ്റിംഗ് 16/1/15 ന് സീയോനിൽ വെച്ച് നടന്നു.

**മൂന്നാം വെള്ളി - ജാഗണപ്രാർത്ഥന**

16-1-15 മൂന്നാംവെള്ളി ജാഗരണപ്രാർത്ഥന വൈകുന്നേരം 5 മണി മുതൽ ശനി രാവിലെ 5 മണി വരെ നടന്നു.

**ആന്തരിക സൗഖ്യധ്യാനം**

ജനുവരി 18 മുതൽ 22 വരെ സീയോനിൽ വെച്ച് ആന്തരിക സൗഖ്യധ്യാനം നടന്നു. ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ, ബഹു. സോണി വാഴകാട്ട് അച്ചൻ, ശ്രീ. ജോസഫ് വട്ടക്കുന്നേൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**സീയോൻ ഫെബ്രുവരി മാസത്തിൽ**

| | | |
|---|---|---|
| ഫെബ്രുവരി 6 ആദ്യവെള്ളി | - | സോണൽ മീറ്റിംഗ് |
| | - | ജാഗരണ പ്രാർത്ഥന |
| ഫെബ്രുവരി 7 ആദ്യശനി | - | ഏകദിന കൺവെൻഷൻ |
| ഫെബ്രുവരി 14 രണ്ടാംശനി | - | ദമ്പതീകൂട്ടായ്മ |
| | - | യുവജനകൂട്ടായ്മ |
| | - | പൊതുകൗൺസിലിംഗ് ദിനം |
| ഫെബ്രുവരി 20 മൂന്നാം വെള്ളി | - | ജാഗരണ പ്രാർത്ഥന |
| ഫെബ്രുവരി 28 നാലാം ശനി | - | സൗഖ്യദിനം |
| ഫെബ്രുവരി 15-19 | - | ആന്തരിക സൗഖ്യധ്യാനം |

**ഫാ. അഗസ്റ്റിൻ താന്നിയിൽ**

ഡയറക്ടർ, സീയോൻ സി.ആർ.സി.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരി, സഹോദര ങ്ങളേ,

"വിളിക്കുംമുമ്പേ ഞാൻ അവർക്ക് ഉത്തരമരുളും, പ്രാർത്ഥിച്ചു തീരുംമുമ്പേ ഞാൻ അത് കേൾക്കും"

ക്രിസ്തുമസിന്റെയും പുതുവർഷാഗമന ആഘോഷങ്ങളുടെയും തിരക്കുകൾ കഴിഞ്ഞ് തിരുനാളാഘോഷങ്ങളിലേക്ക് പ്രവേശിച്ചിരിക്കുന്ന നാം ആഘോഷങ്ങൾക്കിടയിലും നമ്മുടെ ഉത്തരവാദിത്ത്വങ്ങളിലും, പരസ്നേഹപ്രവർത്തനങ്ങളിലും പൂർവ്വാധികം ഊർജ്ജസ്വലരായിരിക്ക ണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

നമ്മുടെ രക്ഷകന്റെ ദേവാലയ പ്രവേശനത്തിന്റെയും ലോക മാതാവ് ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ട് തന്റെ സാന്നിധ്യവും മാദ്ധ്യസ്ഥവും ലോകത്തിന് വെളിപ്പെടുത്തിയതിന്റെയും ഓർമ്മ ആചരിക്കുന്നതിനോ ടൊപ്പം ഫെബ്രുവരി 16-ാം തീയതി വലിയനോമ്പ് (50 നോമ്പ്) ആരംഭി ക്കുകയുമാണല്ലോ.

നവചൈതന്യത്തോടെ നമ്മെ നിത്യം പരിപാലിക്കണേ എന്നും പരസ്നേഹപ്രവർത്തനങ്ങളിൽ വ്യാപൃതരാകുവാൻ ഊർജ്ജവും ആ ത്മവിശ്വാസവും പകർന്ന് നമ്മുടെ സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥ നായ വി. വിൻസെന്റ് ഡി പോളിന്റെ പ്രവർത്തന ശൈലിക്ക് അനുസൃ തമാകുവാൻ നമ്മെ ശക്തിപ്പെടുത്തണമേ എന്നും പരിശുദ്ധ അമ്മയോട് പ്രാർത്ഥിക്കാം.

**യുവജന മത്സരങ്ങൾ**

2014 ഡിസംബർ മാസം 22-ാം തീയതി സിസിതല യുവജനമ ത്സരങ്ങൾ സംഘടിപ്പിച്ചു. വിവിധ ഏസികളിൽ നിന്നും മത്സരാർത്ഥി കൾ പങ്കെടുത്തു. ഏസിതലത്തിൽ മത്സരങ്ങൾ സംഘടിപ്പിച്ച് മത്സ രാർത്ഥികളെ തിരഞ്ഞെടുത്ത് സിസിതലത്തിൽ പങ്കെടുപ്പിക്കാൻ അയച്ച എല്ലാ ഏസി ഭാരവാഹികളെയും നന്ദിയോടെ ഓർക്കുന്നു.

**സിസി തലത്തിൽ വിവിധ മത്സരങ്ങളിൽ വിജയികളായവർ**

**a) ക്വിസ് മത്സരം**

| | | | |
|---|---|---|---|
| i) ഇസബൽ കാതിയോടിക്കൻ | ജൂനിയർ | I$^{st}$ | വാഴവറ്റ ഏസി |
| ii) ജിഷ ഇ.എസ് | മെമ്പർ | I$^{st}$ | കല്ലോടി ഏസി |
| iii) സിൻസി ഫ്രാൻസീസ് | അംഗമല്ലാത്തവർ | I$^{st}$ | വാഴവറ്റ ഏസി |

**b) പ്രസംഗം**

| | | | |
|---|---|---|---|
| i) നിർമ്മൽ ബെന്നി | ജൂനിയർ | I$^{st}$ | വാഴവറ്റ ഏസി |
| ii) അമൃത എം.ബി | മെമ്പർ | I$^{st}$ | തരിയോട് ഏസി |
| iii) ബിബിൻ ജെയിംസ് | അംഗമല്ലാത്തവർ | I$^{st}$ | കൊട്ടിയൂർ ഏസി |

**c) ഉപന്യാസം**

| | | | |
|---|---|---|---|
| i) നിർമ്മൽ ബെന്നി | ജൂനിയർ | I$^{st}$ | വാഴവറ്റ ഏസി |
| ii) ജിഷ ഇ.എസ് | മെമ്പർ | I$^{st}$ | കല്ലോടി ഏസി |
| iii) ഡിൽന കമനമാലിൽ | അംഗമല്ലാത്തവർ | I$^{st}$ | കല്ലോടി ഏസി |

**d) ഭക്തിഗാനം**

| | | | |
|---|---|---|---|
| i) ആശ മലേക്കുടി | അംഗമല്ലാത്തവർ | I$^{st}$ | കല്ലോടി ഏസി |

വിവിധങ്ങളായ മത്സരാർത്ഥികളെ പ്രത്യേകം അനുമോദിക്കുന്നു.

മത്സരങ്ങൾ സംഘടിപ്പിക്കാൻ മുൻകൈ എടുത്ത യുവജന പ്രതിനിധി ബ്രദർ ജെൻട്രി പോൾ, റിസോഴ്സ് പേഴ്സൺ ബ്രദർ ഷാജി ചന്ദനപറമ്പിൽ, ലേഡി പ്രതിനിധി സി. ഡെയ്സി ജോസ്, മറ്റ് സിസി, ഏസി ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

കേരള റീജൻ യുവജനമത്സരങ്ങളിൽ പങ്കെടുത്ത് പ്രസംഗമത്സരത്തിൽ മൂന്നാം സ്ഥാനത്തിന് അർഹനായ ബിബിൻ ജെയിംസ്, കൊട്ടിയൂർ ഏസിയും മറ്റ് പങ്കെടുത്ത എല്ലാ മത്സരാർത്ഥികളെയും അനുമോദിക്കുന്നതിനോടൊപ്പം കേരള റീജൻ യുവജന മത്സരങ്ങളിൽ പങ്കെടുക്കാൻ മത്സരാർത്ഥികളോടൊപ്പം പോയി സഹകരിച്ച ഭാരവാഹികളെ നന്ദിയോടെ ഓർക്കുന്നു.

**പുതിയ കോൺഫറൻസുകൾ**

1. ചുണ്ടക്കര ഏസിയുടെ കീഴിൽ കുറുമ്പാലക്കോട്ട ദേവാലയത്തിൽ പുതിയ വിൻസെൻഷ്യൻ കോൺഫറൻസ് രൂപീകരിച്ചു.
   – സെന്റ് ജൂഡ് കോൺഫറൻസ്.
2. മാനന്തവാടി ഏസിയുടെ കീഴിൽ കത്തീഡ്രൽ പള്ളിയിൽ പുതിയ വിൻസെൻഷ്യൻ കോൺഫറൻസ് രൂപീകരിച്ചു.
   – സെന്റ് ജോസഫ് കോൺഫറൻസ്

പുതിയ കോൺഫറൻസുകൾ രൂപീകരണത്തിന് നേതൃത്വം നൽകിയ മാനന്തവാടി സിസി ജനറൽ സെക്രട്ടറി ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ ഏസി പ്രസിഡണ്ട്മാർ ബ്രദർ മാത്യു നിരപ്പേൽ, ബ്രദർ ജോസഫ് കിഴക്കേടത്ത് എന്നിവരെയും സഹകരിച്ച് ആത്മീയോപദേഷ്ടാക്കളുടെ ദൗത്യം ഏറ്റെടുത്ത ബഹു. വികാരി അച്ചന്മാരേയും നന്ദിയോടെ ഓർക്കുന്നു.

കോൺഫറൻസുകൾ ഇല്ലാത്ത ദേവാലയങ്ങളിൽ പുതിയ കോൺഫറൻസുകൾ രൂപീകരിച്ച് വിൻസെൻഷ്യൻ പ്രവർത്തനം ഊർജ്ജിതമാക്കുവാൻ എല്ലാ ഏസി പ്രസിഡണ്ട്മാരും ഭാരവാഹികളും മുൻകൈ എടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**ഓസ്സാനാംഭവൻ രാത്രി സേവനം**

**കൽപ്പറ്റ ഏസി**

| | | |
|---|---|---|
| 16-2-2015 | സെന്റ് മേരീസ് (വ) | വൈത്തിരി |
| 17-2-2015 | സെന്റ് മേരീസ് | നെടുമ്പാല |
| 18-2-2015 | സെന്റ് ജൂഡ് | കൽപ്പറ്റ |
| 19-2-2015 | സെന്റ് മേരീസ് (പു) | വൈത്തിരി |
| 20-2-2015 | സെന്റ് മേരീസ് | പുഴമുടി |
| 21-2-2015 | സെന്റ് ക്ലാരറ്റ് ചാരിറ്റി | വൈത്തിരി |
| 22-2-2015 | സെന്റ് മേരീസ് | കൽപ്പറ്റ |
| 23-2-2015 | സെന്റ് ജോസഫ് | റിപ്പൺ |

**കൊട്ടിയൂർ ഏസി**

| | | |
|---|---|---|
| 24-2-2015 | സെന്റ് സെബാസ്റ്റ്യൻ | കൊട്ടിയൂർ |
| 25-2-2015 | സെന്റ് ജോസഫ് | അടയ്ക്കാത്തോട് |
| 26-2-2015 | സെന്റ് അൽഫോൻസ | ചുങ്കക്കുന്ന് |
| 27-2-2015 | സെന്റ് തോമസ് | കൊട്ടിയൂർ |
| 28-2-2015 | സെന്റ് ജൂഡ് | നെല്ലിയോടി |
| 01-3-2015 | സെന്റ് തെരേസ | പാൽചുരം |
| 02-3-2015 | സെന്റ് ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ | പാൽചുരം |
| 03-3-2015 | സെന്റ് ഫ്രാൻസീസ് അസ്സീസി | വെള്ളൂന്നി |
| 04-3-2015 | സെന്റ് അൽഫോൻസ | ഒറ്റപ്ലാവ് |
| 05-3-2015 | സെന്റ് അൽഫോൻസ | നെല്ലിയോടി |
| 06-3-2015 | ഫാത്തിമ മാത | ചുങ്കക്കുന്ന് |

**കുറുമ്പാല ഏസി**

| | | |
|---|---|---|
| 07-3-2015 | സെന്റ് അൽഫോൻസ | പുതുശ്ശേരിക്കടവ് |

| | | |
|---|---|---|
| 08-3-2015 | സെന്റ് സെബാസ്റ്റ്യൻ | കുപ്പാടിത്തറ |
| 09-3-2015 | സെന്റ് മേരീസ് | കുറുമ്പാല |
| 10-3-2015 | സെന്റ് ജോസഫ് | കുറുമ്പാല |
| 11-3-2015 | ക്രിസ്തുരാജ | പുതുശ്ശേരിക്കടവ് |

**മാനന്തവാടി ഏസി**

| | | |
|---|---|---|
| 12-3-2015 | സെന്റ് മേരീസ് | യവനാർകുളം |
| 13-3-2015 | ലിറ്റിൽ ഫ്ളവർ | മുതിരേരി |
| 14-3-2015 | ലിറ്റിൽ ഫ്ളവർ | പുതിയിടം |
| 15-3-2015 | വാ. മദർ തെരേസ | വിമലനഗർ, തവിഞ്ഞാൽ |

**ഓസ്സാനാംഭവൻ സന്ദർശനം**

**ബത്തേരി ഏസി**

| | | |
|---|---|---|
| 18-2-2015 | ഫാത്തിമ മാതാ | കുന്നലാടി |
| 20-2-2015 | സെന്റ് അൽഫോൻസ | ബത്തേരി |
| 22-2-2015 | സെന്റ് അൽഫോൻസ | ചുള്ളിയോട് |
| 24-2-2015 | സെന്റ് ഫ്രാൻസീസ് അസ്സീസി | ചുള്ളിയോട് |
| 26-2-2015 | ഫാത്തിമ മാതാ | കയ്യൂന്നി |
| 28-2-2015 | സെന്റ് ജോസഫ് | വടക്കനാട് |
| 02-3-2015 | സെന്റ് ജോർജ്ജ് | കല്ലുമുക്ക് |
| 04-3-2015 | മേരി മാതാ | മൂലങ്കാവ് |

**ചുണ്ടക്കര ഏസി**

| | | |
|---|---|---|
| 06-3-2015 | സെന്റ് മേരീസ് | ചുണ്ടക്കര |
| 08-3-2015 | സെന്റ് ജോസഫ് | ചുണ്ടക്കര |
| 10-3-2015 | സെന്റ് മേരീസ് | അരിഞ്ചേർമല |
| 12-3-2015 | സെന്റ് ജോർജ്ജ് | ചുള്ളിയാന |
| 14-3-2015 | സെന്റ് അൽഫോൻസ | ചുള്ളിയാന |
| 16-3-2015 | സെന്റ് സെബാസ്റ്റ്യൻ | വിളമ്പുകണ്ടം |

**സിസി യോഗം**

അടുത്ത സിസി യോഗം 2015 ഫെബ്രുവരി 21-ാം തീയതി ശനിയാഴ്ച 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ചേരുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം അറിയിക്കുന്നു.

ഒരിക്കൽകൂടി എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും വലിയ നോമ്പിന്റെ ആശംസകൾ നേർന്നുകൊണ്ട് പ്രാർത്ഥനയോടെ,

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

NPOP, NOP സർട്ടിഫിക്കേഷൻ പുതുക്കൽ ജൈവ കർഷകരുടെ ഉത്പന്നങ്ങൾ ഇന്ത്യ, അമേരിക്ക എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിനാവശ്യമായ റിന്യൂവൽ ഇൻസ്പെക്ഷൻ ശേഷിക്കുന്ന 13 ICS (Internal Control System) കളിലായി 5087 കർഷകരുടെ കൃഷിയിടങ്ങളിൽ പൂർത്തീകരിച്ചു. എക്സ്റ്റേണൽ സർട്ടിഫിക്കേഷൻ ഏജൻസിയായ ലാക്കോൺ സർട്ടിഫിക്കേഷനിൽ നിന്നും ശ്രീ. പ്രവീൺ കുമാർ ഇ. പി, ശ്രീ. സണ്ണി ആന്റണി എന്നിവർ ഇൻസ്പെക്ഷൻ നടത്തി. തിരഞ്ഞെടുക്കുന്ന കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും പോരായ്മകളും ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. കാർഷിക സംസ്കരണ കേന്ദ്രമായ വയനാട് സ്പൈസസ് പ്രൊസ്സസിംഗ് സെന്ററിൽ ഓഡിറ്റ് നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ശ്രീ. ഷാജി ജോസിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ചു. ജനുവരി ആദ്യവാരം ഇൻസ്പെക്ഷൻ ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു.

**കർഷക സെമിനാറുകൾ**

കൃഷിയിലെ നൂതന മാറ്റങ്ങളും, രോഗകീട നിയന്ത്രണങ്ങളെയും ആസ്പദമാക്കിയുള്ള കർഷക സെമിനാറുകൾ കണിയാമ്പറ്റ, അമ്പലവയൽ, പടിഞ്ഞാറത്തറ തുടങ്ങിയ പഞ്ചായത്തുകളിൽ സംഘടിപ്പിച്ചു. ഓരോ സെമിനാറുകളിലും കർഷകരുടെ നല്ല പങ്കാളിത്തം ഉറപ്പുവരുത്താനും അവരുടെ പ്രശ്നങ്ങൾ ചോദിച്ചറിയാനും ശ്രമം നടത്തുന്നു. ഇതിനായി റിസോഴ്സ് പേഴ്സൺ കുമാരി ശില്പ ക്ലാസ്സുകൾ നൽകുന്നു. കർഷക സംഘയോഗം വിവിധയിടങ്ങളിലായി നടന്നു.

**SWS സെക്രട്ടറിമാരുടെ യോഗം**

2014 ഡിസംബർ 10-ാം തീയതി WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് സോഷ്യൽ വെൽഫയർ സൊസൈറ്റി സെക്രട്ടറിമാരുടെ യോഗം നടത്തി. WSSS ജോയിന്റ് ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി

യോഗം ഉദ്ഘാടനം ചെയ്തു. കോർഡിനേറ്റർ കെ.ഒ. ജോയി പ്രവർത്തനങ്ങളെ വിലയിരുത്തി. 2015 വർഷം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കി. ആലീസ് സിസിൽ സ്വാഗതവും, ഷീന ആന്റണി നന്ദിയും രേഖപ്പെടുത്തി.

**Save A Family Plan**

SAFP കുടുംബങ്ങളുടെ ഭവന സന്ദർശനം നടത്തി. കുടുംബങ്ങളിൽ നടത്തിവരുന്ന ജൈവപച്ചക്കറി കൃഷിയുടെ തുടർ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. മാനന്തവാടി, കൽപ്പറ്റ, പുൽപ്പള്ളി മേഖലകളിലെ ആനിമേറ്റർമാരായ ഷൈനി, സോഫി, സുജ എന്നിവർ മത്സരത്തിന്റെ ആദ്യഘട്ടം വിലയിരുത്തി. പുൽപ്പള്ളി, കൽപ്പറ്റ മേഖലകളിലെ മേഖലാ യോഗം 12-12-2014 ന് WSSS ഓഡിറ്റോറിയത്തിൽ വച്ച് സംയുക്തമായി നടത്തുകയുണ്ടായി. പച്ചക്കറി പരിപാലനം, വിവിധയിനം വിത്തുകൾ എന്നിവയെക്കുറിച്ച് WSSS റിസോഴ്സ് പേഴ്സൺ കുമാരി ശില്പ ക്ലാസ്സെടുത്തു. 100 അംഗങ്ങൾ പങ്കെടുത്ത യോഗം WSSS ജോയിന്റ് ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി ഉദ്ഘാടനം ചെയ്തു.

**വോഫ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ ഫെയർ ട്രേഡ് കർഷക സംഘടനയായ വോഫ 2014 ഡിസംബർ മാസത്തിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകി.

**എക്സിക്യൂട്ടീവ് യോഗം**

വോഫയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി 2014 ഡിസംബർ മാസം 22-ാം തീയതി WSSS ഓഡിറ്റോറിയത്തിൽ ചേർന്ന വോഫ എക്സിക്യൂട്ടീവ് യോഗത്തിന്റെ തീരുമാനങ്ങൾ

1. വോഫയിലൂടെ സംഭരിക്കുന്ന ജൈവ കാപ്പിക്ക് പൊതുവിപണിയെക്കാൾ കിലോക്ക് 5 രൂപ അധികവില നൽകാൻ തീരുമാനിച്ചു.
2. വോഫയിലെ കർഷകർ വാരണസി കമ്പോസ്റ്റ് നിർമ്മിക്കുന്നതിനായി സമർപ്പിച്ച 8 അപേക്ഷകൾക്ക് 20,000 രൂപ വീതം ഗ്രാന്റ് നൽകാൻ തീരുമാനിച്ചു.
3. മുൻ തീരുമാന പ്രകാരം ഇടുക്കിയിലേക്കുള്ള പഠനയാത്ര ജനുവരി മാസം 21-ാം തീയതി പോകുന്നതിന് തീരുമാനിച്ചു.
4. കർഷക സംഘം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി മെയ് മാസത്തിൽ സംഘം ഭാരവാഹികളുടെ യോഗം വിളിച്ചു ചേർക്കാൻ തീരുമാനിച്ചു.
5. ഉത്പന്നങ്ങൾ തന്ന കർഷകർക്ക് 12 X 2 അളവിലുള്ള കാപ്പി പറിക്കുന്ന 2 ഷീറ്റ് വീതം സൗജന്യമായി നൽകുവാൻ തീരുമാനിച്ചു.

6. ഉത്പന്നങ്ങൾ തന്ന കർഷകർക്ക് (കാപ്പി, ഇഞ്ചി) കിലോക്ക് ഒരു രൂപ വീതം ബോണസ് നൽകുവാൻ തീരുമാനിച്ചു. പ്രസ്തുത യോഗത്തിൽ വോഫ ചെയർമാൻ അഡ്വ. റവ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ അദ്ധ്യക്ഷനായിരുന്നു. യോഗത്തിന് കോഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ സ്വാഗതവും, സെക്രട്ടറി ശ്രീ. മാത്യു ഉണ്ണിപ്പള്ളി നന്ദിയും പറഞ്ഞു.

**മാർക്കറ്റിംഗ് വിഭാഗം**

ജൈവ കർഷക വൃത്തിയെ പ്രോത്സാഹിപ്പിക്കുകയും ജൈവ-ഫെയർ ട്രേഡ് ഉത്പന്നങ്ങളുടെ വിപണനത്തിന് ഊന്നൽ നൽകി 2004 മുതൽ പ്രവർത്തിക്കുന്ന വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മാർക്കറ്റിംഗ് വിഭാഗം 2014 ഡിസംബർ മാസത്തിൽ 1,74,000,34 രൂപയുടെ ജൈവ-ഫെയർ ട്രേഡ് ഉത്പന്നങ്ങൾ അന്താരാഷ്ട്ര വിപണിയിൽ വിപണനം ചെയ്യുന്നതിന് സാധിച്ചു.

**സമഗ്ര ആദിവാസി വികസന പദ്ധതി**

WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് ആകാശവാണി കോഴിക്കോട് നിലയം WSSS ൽ നബാർഡിന്റെ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന സമഗ്ര നീർത്തട വികസന പദ്ധതി വനിതി സ്വാശ്രയ സംഘ പദ്ധതി, സമഗ്ര ആദിവാസി വികസന പദ്ധതി എന്നിവയെ സംബന്ധിച്ച് റിക്കോർഡിംഗ് നടത്തി. WSSS ഡയറക്ടർ, ടീം അംഗങ്ങൾ, വിവിധ കമ്മിറ്റി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

WSSS ന്റെ കീഴിൽ നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതികളിൽ WSSS രൂപീകരിച്ച് പ്രവർത്തിച്ച് വരുന്ന രണ്ട് സ്വാശ്രയ സംഘങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് വഴി കാർഷിക യന്ത്രോപകരണങ്ങൾ ലഭിക്കുകയുണ്ടായി. ഇതിന്റെ വിതരണ ഉദ്ഘാടനം 2015 ജനുവരി 23-ന് നടക്കും.

**ബയോഗ്യാസ് വികസന പദ്ധതി**

അമ്മാനി, ഒഴക്കോടി, എള്ളുംമന്ദം, പാക്കം, കാട്ടിമൂല, പുതിയിടംകുന്ന് തുടങ്ങിയ സ്ഥലങ്ങളിൽ 8 പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും 6 പ്ലാന്റുകൾ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 2 സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം**

FCTC തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം 2 ഘട്ടങ്ങളായി നടത്തി. ആകെ 44 പേർ പങ്കെടുത്തു. തുടർന്നും പരിശീലന പരിപാടി നടത്തുന്നതാണ്. പഠിക്കുവാൻ താല്പര്യമുള്ള അപേക്ഷകർ WSSS ഓഫീസുമായി ബന്ധപ്പെടുക.

**പൈപ്പ് കമ്പോസ്റ്റ് നിർമ്മാണം (എടവക പഞ്ചായത്ത്)**

എടവക പഞ്ചായത്ത് സുചിത്വമിഷന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന ഉറവിട മാലിന്യ പദ്ധതിയുടെ പൈപ്പ് കമ്പോസ്റ്റ് നിർമ്മാണ പ്രവർത്തികൾ WSSS മുഖേന നടപ്പാക്കിവരുന്നു. ആദ്യഘട്ടമായി 398 യൂണിറ്റുകളുടെ നിർമ്മാണമാണ് നടപ്പാക്കുന്നത്. ഇതിൽ 300 യൂണിറ്റുകളുടെ നിർമ്മാണ ജോലികൾ പൂർത്തിയായി.

**വികാസ് പീഡിയ കേരള**

2014 ആഗസ്റ്റ് 1 ന് പ്രവർത്തനം ആരംഭിച്ച വികാസ് പീഡിയ കേരള പോർട്ടൽ, കഴിഞ്ഞ 5 മാസത്തിനുള്ളിൽ വളരെയധികം പുരോഗതി നേടുകയും, കൂടുതൽ അറിവ് പകർന്നുകൊടുക്കുന്നതിനും ശേഖരിക്കുന്നതിനുമുള്ള വേദിയായി മാറുകയും ചെയ്തു. സമൂഹവികസനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന പോർട്ടൽ വിവിധങ്ങളായ വിഷയങ്ങൾ ഇപ്പോൾ ഉൾചേർത്തുകൊണ്ടിരിക്കുന്നു.

ഗ്രാമീണ ഭാരതത്തെ ശക്തിപ്പെടുത്തുന്നതിന് ഭാരതസർക്കാർ അവലംബിച്ച വിവിധ പദ്ധതികൾ ഈ പോർട്ടലിൽ നൽകിതുടങ്ങിയിട്ടുണ്ട്. ഏറ്റവും പുതിയതായി “ബേട്ടി ബയ്യാനോ, ബേട്ടി പഠാവോ” എന്ന സംരംഭത്തെക്കുറിച്ചുള്ള വസ്തുതകൾ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിൽ ചൈൽഡ് സെക്സ് റേഷ്യ (CSR) യിലുള്ള വ്യത്യാസം വളരെ ക്രമാതീതമായി കുറയുകയും, പെൺകുട്ടികളുടെ ജനനത്തെയും വിദ്യാഭ്യാസത്തെയും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടുന്ന നടപടികൾ എന്തൊക്കെയാണെന്നും ഇവിടെ പ്രതിപാദിക്കുന്നു. 2011 സെൻസെസ് പ്രകാരം 1000 ആൺകുട്ടികൾക്ക് 918 പെൺകുട്ടികളാണ് കണക്ക്. ഇത് CSR ന്റെ ഭയാനകമായ സ്ഥിതി ചൂണ്ടികാണിക്കുന്നു. നദി, ജലം സംരക്ഷണത്തെക്കുറിച്ചുള്ള “ഹമാരെ ജൽ ഹമാരെ ജീവൻ” എന്ന വിഷയം അടുത്ത നാളുകളിൽ പോർട്ടലിൽ ഉൾപ്പെടുത്തും. ഇതുമായി ബന്ധപ്പെട്ട ലേഖനങ്ങൾ ജനങ്ങൾക്കും ഉൾപ്പെടുത്താനാകും.

**കൃഷി**

കൃഷി എന്ന തലക്കെട്ടിൽ ഇപ്പോൾ ജൈവകൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വിള ഉൽപാദനം, കാർഷിക സംരംഭങ്ങൾ, ഉത്തമമാതൃകകൾ, കാർഷിക വിവരങ്ങൾ, അനുബന്ധവെബ്സൈറ്റുകൾ, കൃഷി ചർച്ചായോഗം എന്നീ കാര്യങ്ങളിലുള്ള വിവരങ്ങൾ ലഭ്യമാണ്.

**ആരോഗ്യം**

സ്ത്രീകളുടെ ആരോഗ്യം, പ്രാഥമിക ചികിത്സ, കുട്ടികളുടെ ആരോഗ്യം, നയങ്ങളും പദ്ധതികളും, ആയുഷ്, പോഷകാഹാരം, രോഗങ്ങളും പ്രശ്നങ്ങളും, ശുചിത്വവും ആരോഗ്യവും, മാനസികാരോഗ്യം,

ആരോഗ്യവിവരങ്ങൾ, ആരോഗ്യചർച്ചായോഗം എന്നിവ ഉൾപ്പെടുത്തി യിട്ടുണ്ട്.

**വിദ്യാഭ്യാസം**

കുട്ടികളുടെ അവകാശങ്ങൾ, പ്രാഥമിക വിദ്യാഭ്യാസം, കുട്ടിക ളുടെ വിഭാഗം, അദ്ധ്യാപകരുടെ വിഭാഗം, ഓൺലൈൻ സഹായം, കരി യർ ഗുരു, വെബ് പഠന സഹായി, ഡിജിറ്റൽ പഠന വിഭവങ്ങൾ, വിദ്യാ ഭ്യാസം, ചർച്ചായോഗം, കേരള ചരിത്രം എന്നീ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുന്നു.

**സാമൂഹികക്ഷേമം**

സ്ത്രീകളുടെയും കുട്ടികളുടെയും പുരോഗതി, പിന്നോക്ക വിക സനം, അസംഘടിത വിഭാഗവികസനം, വികലാംഗരുടെ ക്ഷേമം, ന്യൂന പക്ഷ ക്ഷേമം, മുതിർന്ന പൗരന്മാരുടെ ക്ഷേമം, സർക്കാർ ഇതര സന്നദ്ധ മേഖലകൾ, സാമൂഹ്യസുരക്ഷായോഗം, സാധാരണ ചോദ്യങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

**ഊർജ്ജം**

ഊർജ്ജ വസ്തുതകൾ, ഊർജ്ജ കാര്യക്ഷമത, ഊർജ്ജ ഉത്പാ ദനം, സ്ത്രീകളും ഊർജ്ജവും, നയസഹായം ഗ്രാമീണ കണ്ടുപിടു ത്തങ്ങൾ, പരിസ്ഥിതി, ഊർജ്ജഫോറം എന്നിവ ഉൾപ്പെടുത്തിടിയ്യുണ്ട്.

**ഇ-ഭരണം**

ദേശീയ ഇ-ഗവേണൻസ് പദ്ധതി, വിവരാവകാശം, ഓൺലൈൻ, ഇ-ഭരണ സേവനങ്ങൾ, നീതിന്യായസേവനങ്ങൾ, ഇ-ഭരണ ഫോറം എന്നിവ ചർച്ച ചെയ്യുന്നു.

പുതിയ ഇനങ്ങളിൽ വിനോദ സഞ്ചാരകേന്ദ്രങ്ങൾ, ഭക്ഷ്യവിഭവ ങ്ങൾ, ഇന്ത്യ സംസ്ഥാനങ്ങളും തലസ്ഥാനവും, എഞ്ചിനിയറിംങ് പഠ നം, ഏകീകൃതശിശുസംരക്ഷണ പദ്ധതി എന്നിവ ഉൾപ്പെടുത്തിയിരി ക്കുന്നു. അതുപോലെ പോർട്ടലിന്റെ ഹോം പേജിൽ വാർത്തകളും പരി പാടികളും എന്ന തലക്കെട്ടുകളിൽ ആനുകാലിക സംഭവങ്ങൾ ചർച്ച ചെയ്യുന്നു.

**ഡിസംബർ മാസത്തിൽ തിരഞ്ഞെടുത്തിരിക്കുന്ന സന്നദ്ധസേവന ങ്ങൾ**

വികാസ് പീഡിയ മലയാളം പോർട്ടലിൽ കൃഷി വിഭാഗത്തിൽ ജൈവകൃഷിയെക്കുറിച്ചുള്ള അറിവുകൾ നൽകികൊണ്ടിരിക്കുകയും, പോർട്ടലിന്റെ വളർച്ചയ്ക്ക് വേണ്ടുന്ന ഉപദേശങ്ങളും പ്രോത്സാഹന

ങ്ങളും നൽകികൊണ്ടിരിക്കുകയും ചെയ്യുന്ന WSSS ന്റെ ജനറൽ കോഓഡിനേറ്ററും ആഗോളവ്യാപകമായി ജൈവകൃഷി പ്രോത്സാഹ നത്തിന് നേതൃത്വം നൽകുന്നതിനുവേണ്ടി ഇന്റർനാഷണൽ ഫെഡ റേഷൻ ഓഫ് ഓർഗാനിക് അഗ്രികൾച്ചർ മൂവ്മെന്റ് (IFOAM) അംബാ സിഡറുമായ ബഹു. ശ്രീ. പി.എ. ജോസ് തിരഞ്ഞെടുക്കപ്പെട്ടു.

വികാസ് പീഡിയ പോർട്ടലിന്റെ പ്രമോഷനുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിലെ കോളേജുകൾ, ബി.എഡ് സെന്ററുകൾ, ഗവ. ഓഫീ സുകൾ, വിദ്യാഭ്യാസ ഓഫീസുകൾ, സംസ്ഥാന മന്ത്രിമാർ, വിവിധ വകുപ്പുകളിലെ സെക്രട്ടറിമാർ, I.A.S. ഉദ്യോഗസ്ഥർ എന്നിവർക്ക് പോർട്ട ലിനെക്കുറിച്ച് അവബോധം നൽകി.

നാഷണൽ അഗ്രിഫെസ്റ്റ്–2015 നോടനുബന്ധിച്ച് വികാസ്പീഡിയ സ്റ്റാൾ ഇടുകയും ജനങ്ങൾക്ക് വിജ്ഞാന പോർട്ടലിനെക്കുറിച്ച് വിവര ങ്ങൾ നൽകുകയും ചെയ്തു. ബഹു. സംസ്ഥാന മന്ത്രിമാർ, മേലുദ്യോ ഗസ്ഥർ, കൃഷിവകുപ്പ് ഓഫീസുകളിലെ ബന്ധപ്പെട്ട അധികാരികൾ, പോലീസ് ഉദ്യോഗസ്ഥർ, കോളേജ്, സ്കൂൾ കുട്ടികൾ, സ്കൗട്ട്, ഗൈഡ്സ്, കർഷകർ എന്നിവർ വികാസ് പീഡിയ സ്റ്റാൾ സന്ദർശിക്കു കയും ഇതുമായി ബന്ധപ്പെട്ട ലഘുലേഖകൾ, കലണ്ടർ എന്നിവ വിതരണം ചെയ്യുകയും ചെയ്തു.

വികാസ് പീഡിയ പോർട്ടലിൽ ഏവർക്കും വോളണ്ടിയർ, ഉള്ളട ക്കദാതാവ് (Content Cotributor), ഉള്ളടക്ക പരിശോധകൻ (Content Re-viewer) ആയി രജിസ്റ്റർ ചെയ്യാം. അവരുടേതായ നല്ല അനുഭവങ്ങൾ, ലേഖനങ്ങൾ എന്നിവ ഉൾപ്പെടുത്താനാകും. കൂടുതൽ വിവരങ്ങൾക്ക് vikaspediakerala@gmail.com എന്നതിലേക്ക് മെയിലുകൾ അയയ്ക്കാം.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ് (KLM)

അസംഘടിത തൊഴിലാളികളുടെ സംഘട്ടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന സർക്കാരിന്റെ സാമൂഹിക സംഘടനയാണ് കേരള ലേബർ മൂവ്മെന്റ്. ഇതിന്റെ മാനന്തവാടി ഘടകത്തിന്റെ പ്രവർത്തനങ്ങൾ എല്ലാം വളരെ ഭംഗിയായി നടക്കുന്നു.

**ബോധവൽക്കരണ സെമിനാറുകൾ**

KLM സംഘടനയെക്കുറിച്ചും വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചും 05-12-14 ന് അമരക്കുനിയിലും 10-12-14 ന് ബോയ്സ്ടൗണിലും 12-12-14 ന് SAFP കുടുംബങ്ങൾക്കും 27-12-14 ന് അമ്പായത്തോടും ക്ലാസ്സുകൾ നടത്തി. തുടർന്ന് കൂടുതൽ ആളുകൾ സുരക്ഷയിൽ അംഗങ്ങളാകാൻ കടന്നുവന്നു.

**സുരക്ഷ ക്ലിനിക്കുകൾ**

14-12-14 നും 18-12-14 നും മുള്ളൻകൊല്ലിയിലും 27-12-14 ന് അമ്പായത്തോടും സുരക്ഷ ക്ലിനിക്കുകൾ സംഘടിപ്പിച്ചു. ഇതെ തുടർന്ന് 2 പുതിയ ആളുകൾ അംഗത്വം എടുത്തു. 190 പേർ സുരക്ഷ B പുതുക്കി. 4 പേർ സുരക്ഷ A പുതുക്കി, 12 പേർ KCTTF അംഗത്വം പുതുക്കി.

**അംഗത്വം പുതുക്കൽ**

ഇനിയും അംഗത്വം പുതുക്കാത്തവർ എത്രയുംവേഗം തന്നെ അംഗത്വം പുതുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെപറയുന്ന നമ്പറുകളിൽ ബന്ധപ്പെടുമല്ലോ.

Ph: 04935 - 240314, Mob: 9447264935, 9562766224

**ഫാ. ബിജോ കറുകപ്പള്ളി**

ഡയറക്ടർ, KLM

**Tidings Since 25 December 2014**

After the Christmas holidays, the College reopened on 30 December. It celebrated the Christmas and New Year on 1 January 2015. The College Union organized a Greeting Card design Competition and department wise Fashion Show competition, limiting the attire to the traditional Kerala style. Ms. Nayanthara Rajeev, who passed BSc Chemistry in 2014, was adjudged the Dr. KT Varkey Endowment Award winner for the best outgoing student.

The inauguration of the yearlong Vicennial celebration of the College together with the Academic Excellence Day celebration was organized on 12 January 2015. Rev. Fr. Chandy Punakkat welcomed the gathering. Ms P K Jayalaksmi, Honorable Minister for the welfare of the Scheduled Tribes and Youth Affairs, inaugurated the Vicennial celebrations. She opined that Wayanad district doesn't have adequate access to higher education and hence more courses are to be sanctioned in colleges. His Excellency, Mar Jose Porunnedom, Bishop of the Catholic Diocese of Mananthavady, presided over the function. His Excellency reminded the college community that for the years ahead, it should chalk out plans for increasing the employability of the students. The education system should be able to provide the students with a value based education which would make them more tolerant and socially committed, he said. Dr. M K Abdul Khader, Honorable Vice Chancellor of Kannur University, delivered the keynote address. He congratulated the college for its remarkable performance in the last twenty years and offered the support of the University in its future endeavors. Speaking on the occasion, Dr. Saban Kurumthottam,

presented the plan for the vicennial celebration. He urged the entire college community to have concerted efforts to get the college identified under the College with Potential for Excellence (CPE) scheme of the University Grants Commission. Founder Principal Dr. K T Varkey, Mananthavady Grama Panchayat President, Silvy Thomas, Rev. Fr. Sibichan Chelakkappillil, Vicar, St. Martin's Church, Ondayangadi, PTA Vice President P P A Basheer, Teaching Staff Association President Dr. Rajeev Thomas, Nonteaching Staff Association representative George Sebastian, Vicennial Celebration Convenor Dr. Joseph K J and the College Union Chairman spoke to the gathering.

The Yoga Teams of the College, both men and women, became the Kannur University Yoga Champions. The University teams are totally represented by our students. Shyam Babu K B, Sharath, Arun S S, Varna Mary, Ashlin Joshy and Linu Mathew became the individual champions too.

**Dr. Saban Kurumthottam V**
Principal

**റിസൽട്ട് പ്രസിദ്ധീകരിച്ചു**

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി HSA, UPSA, LPSA എന്നീ വിഭാഗങ്ങളിലേക്ക് നിയമനങ്ങൾക്കായി അദ്ധ്യാപകരുടെ പുതിയ പൂൾ ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി നടത്തിയ 3–ാം ഘട്ടമായ എഴുത്ത് പരീക്ഷയുടെ റിസൽറ്റ് ജനുവരി 3–ാം തിയ്യതി ശനിയാഴ്ച രാവിലെ 10.00 മണിക്ക് പ്രസിദ്ധീകരിച്ചു. 4–ാം ഘട്ടമായ കമ്പ്യൂട്ടർ പരിജ്ഞാനം വിലയിരുത്തലിന് യോഗ്യരായവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ. 4–ാം ഘട്ടത്തിലെ കംമ്പ്യൂട്ടർ പരിജ്ഞാനം വിലയിരുത്തലിന്റെ തീയതിയും മറ്റു നിർദ്ദേശങ്ങളും ഓരോരുത്തരെയും വ്യക്തിപരമായി അറിയിക്കുന്നതാണ്.

**HS, HSS പ്രധാനാദ്ധ്യാപക സമ്മേളനം**

2015 ജനുവരി 10 ശനിയാഴ്ച രാവിലെ 10.00 am മുതൽ 1.00 pm വരെ രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ ഹയർസെക്കന്ററിയിലെയും, ഹൈസ്ക്കൂളുകളിലെയും പ്രധാനാദ്ധ്യാപകരുടെ യോഗം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. SSLC, HSS പരീക്ഷകൾക്ക് ഒരുക്കമായി ഓരോ സ്കൂളുകളിലും ഇപ്പോൾ നടത്തിവരുന്ന പഠനക്യാമ്പുകളെക്കുറിച്ചും , പ്രത്യേക പ്രവർത്തനങ്ങളെക്കുറിച്ചും പ്രധാനാധ്യാപകർ പങ്കുവയ്ക്കുകയും, കുട്ടികളുടെ പഠനനിലവാരവും, പഠനാനുബന്ധ പ്രവർത്തനവും വിലയിരുത്തുകയും ചെയ്തു. യോഗത്തിൽ സംബന്ധിച്ച എല്ലാ ഹയർസെക്കന്ററിയിലെയും, ഹൈസ്ക്കൂളുകളിലെയും പ്രധാനാദ്ധ്യാപകർക്കും , സീനിയർ അസിസ്റ്റന്റുമാർക്കും പ്രത്യേകം അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

**റ്റീച്ചേഴ്സ് ഗിൽഡ്**

രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ സ്ക്കൂളുകളിലും റ്റീച്ചേഴ്സ് ഗിൽഡ് രൂപീകരിക്കുകയും

എല്ലാ സ്ക്കൂളുകളിലും പ്രധാനാധ്യാപകരടങ്ങുന്ന 2 പ്രതിനിധികളെ വീതം തെരഞ്ഞെടുക്കുകയും ചെയ്തു.

**KCBC വിദ്യാഭ്യാസ കൺവെൻഷൻ**

KCBC മലബാർ മേഖലാ കൺവെൻഷൻ 2015 ജനുവരി 15 വ്യാഴാഴ്ച രാവിലെ 09.30 മുതൽ ഉച്ചകഴിഞ്ഞ് 03.30 വരെ കോഴിക്കോട് മദർ ഓഫ് ഗോഡ് കത്തീഡ്രൽ പള്ളിയുടെ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവ് അധ്യക്ഷസ്ഥാനം അലങ്കരിക്കുകയും, അഭിവന്ദ്യ വർഗ്ഗീസ് ചക്കാലക്കൽ പിതാവ് ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. ഭാരത കത്തോലിക്ക സഭയുടെ വിദ്യാഭ്യാസ ദർശനത്തെക്കുറിച്ചും, കേന്ദ്രസർക്കാർ കൊണ്ടുവന്നിട്ടുള്ള പുതിയ നിയമങ്ങളെക്കുറിച്ചും, വിദ്യാർത്ഥികളുടെ ഇടയിലുള്ള ലഹരി, സെക്സ്, ക്രിമിനൽ റാക്കറ്റുകളുടെ സ്വാധീനം തടയുന്നത് സംബന്ധിച്ച കാര്യങ്ങളെക്കുറിച്ചും ഉള്ള സെമിനാറും, ചർച്ചകളും നടത്തി. മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് കോർപ്പറേറ്റ് മാനേജർ ഫാ.ജോൺ പൊൻപാറയ്ക്കൽ, ന്യൂമാൻസ് കോളേജ് പ്രിൻസിപ്പൽ ഫാ. ബിജു ഉറുമ്പിൽ, ഡി.പോൾ പബ്ലിക്ക് സ്ക്കൂൾ പ്രിൻസിപ്പൽ ഫാ. ബിജു കോയിക്കാട്ടിൽ, എന്നിവരും രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ ഹയർസെക്കന്ററി, ഹൈസ്ക്കൂൾ പ്രധാനാധ്യാപകരും, റ്റീച്ചേഴ്സ് ഗിൽഡ് പ്രതിനിധികളും പങ്കെടുത്തു.

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

**സെന്റ്. തോമസ് എച്ച്.എസ്, നടവയൽ :**

- ലോക എയ്ഡ്സ് ദിനവും (ഡിസംബർ –1), ഭിന്നശേഷി ദിനവും (ഡിസംബർ – 3) സമുചിതമായി ആചരിക്കുകയും ദിനാചരണസന്ദേശം നൽകുകയും ചെയ്തു.
- വൈത്തരി സബ്ജില്ലാ സംസ്കൃത കലോൽസവത്തിൽ യു.പി വിഭാഗം റണ്ണർഅപ്പ് ആയി.
- പാക്കിസ്ഥാനിലെ പെഷവാറിൽ രക്തസാക്ഷികളായ സ്കൂൾ വിദ്യാർത്ഥികളെ പ്രത്യേകം അനുസ്മരിച്ച് എല്ലാ വിദ്യാർത്ഥികളും സമാധാനത്തിന്റെ വെൺനക്ഷത്രങ്ങൾ പരസ്പരം കൈമാറി.
- ക്രിസ്തുമസ് പുതുവത്സരാഘോഷം ഡിസംബർ 30 ന് നടത്തി.

ഓസാനാംഭവനിലെ സഹോദരങ്ങൾക്ക് പുതുവസ്ത്രവും, ഭക്ഷണവും നൽകി.

- വേനലിനായ് വെളിച്ചം കരുതാം  എന്ന പദ്ധതിയുടെ ഭാഗമായി ഊർജ്ജസംരക്ഷണ ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. അസ്സി. എഞ്ചിനീയർ ശ്രീ.അബ്ദുൾ ഷുക്കൂർ ക്ലാസ്സ് നയിച്ചു.  വിദ്യാർത്ഥികൾ എല്ലാവരും ഊർജ്ജസംരക്ഷണ പ്രതിജ്ഞയെടുത്തു.
- വിദ്യാർത്ഥികൾക്കായി ലഹരിവിരുദ്ധ സിനിമ പ്രദർശനവും, ലഹരിവിരുദ്ധ സെമിനാറും സംഘടിപ്പിച്ചു.
- സ്കൗട്ട് ആന്റ് ഗൈഡ്സ് യൂണിറ്റ് ക്യാമ്പ് ജനുവരി 19,20 തിയ്യതികളിൽ നടത്തി.

**ഫാ. ജോൺ പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ

# അറിയിപ്പുകൾ



**Cosmo Pilgrimage (വിശ്വ തീർത്ഥാടനം) ഒരുക്കുന്ന വിശുദ്ധനാട്, യൂറോപ്പ്, സിങ്കപ്പൂർ, മലേഷ്യ സന്ദർശനം**

മാനന്തവാടി രൂപതാംഗമായ ഫാ. വിൻസെന്റ് പുതുശ്ശേരി 16 വർഷത്തെ അനുഭവ സമ്പത്തുമായി 2015-ൽ ഒരുക്കുന്ന തീർത്ഥയാത്രകളിലേയ്ക്ക് ഏവർക്കും സ്വാഗതം. യേശുവിന്റെ രക്ഷാകരപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ പുണ്യസ്ഥലങ്ങളും സന്ദർശിക്കും. മാതാവിന്റെ മംഗലവാർത്ത സ്ഥലം, തിരുപ്പിറവിയുടെ ദേവാലയം, ഗെദ്സമനി, കാൽവരി, കർത്താവിന്റെ കല്ലറ തുടങ്ങിയ എല്ലാ സ്ഥലങ്ങളിലും തീർത്ഥാടകസംഘം വിശുദ്ധ ബലിയർപ്പിക്കും. തികച്ചും പ്രാർത്ഥനാന്തരീക്ഷത്തിൽ വിശുദ്ധ വചനത്തിന്റെ ചുവടുപിടിച്ചുകൊണ്ട് തീർത്ഥാടകസംഘത്തെ നയിക്കുന്നത് ഏറെ മുൻപരിചയമുള്ള ഫാ. വിൻസെന്റ് പുതുശ്ശേരിയായിരിക്കും.

വിശുദ്ധനാടുകൾ: ഇസ്രായേൽ, ഈജിപ്ത്, ജോർദ്ദാൻ, പലസ്തീൻ - 2015 ഏപ്രിൽ മാസത്തിൽ 10 ദിവസത്തെ പുണ്യയാത്ര.

യൂറോപ്പ്: വിശ്വപ്രസിദ്ധ മരിയൻ തീർത്ഥാടന കേന്ദ്രങ്ങളായ ലൂർദ്ദ്, മെജുഗോറി, പാരിസ് സിറ്റി, റോം, വെനീസ്, പാദുവ, അസ്സീസി, മിലാൻ, പിസ്സ ഉൾപ്പടെ പോർച്ചുഗൽ, ഫ്രാൻസ്, ഓസ്ട്രിയ, സ്വിറ്റ്സർലന്റ്, സ്പെയ്ൻ, ഇറ്റലി, വത്തിക്കാൻ, ക്രൊയേഷ്യ, ബോസ്നിയ-ഹെർസഗോവിന എന്നീ രാജ്യങ്ങൾ. പരിശുദ്ധ പിതാവിനെ സന്ദർശിക്കുവാൻ പ്രത്യേക അവസരം ഒരുക്കുന്നു - 2015 ഒക്ടോബർ (15 ദിവസം.)

അത്യാകർഷകമായ സിംഗപ്പൂർ, മലേഷ്യൻ സന്ദർശനം : ഓഗസ്റ്റ് 2015 (8 ദിവസം)

ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ പുണ്യഭൂമിയുടെ ചരിത്രപശ്ചാത്തലം വിശദീകരിക്കുന്നു. തീർത്ഥാടനത്തിന്റെ വീഡിയോ ചിത്രീകരണം, തീർത്ഥാടനത്തിന്റെ പച്ചപിടിച്ച ഓർമ്മകൾ നിലനിർത്താനും ഉപകരിക്കും. ഇംഗ്ലീഷ്, മലയാളം വിവരണത്തോടൊപ്പം The Land Jesus എന്ന പേരിൽ പ്രകാശനം ചെയ്യുന്ന വിശുദ്ധനാട് തീർത്ഥാടന D.V.D., കോസ്മോ തീർത്ഥാടനത്തിന്റെ മാത്രം പ്രത്യേകതയാണ്. വൈദികരും സന്യസ്തരും അല്മായരും അടങ്ങുന്ന സംഘത്തിന്റെ തീർത്ഥാടനം ഒരു ആത്മീയയാത്രയുടെ അനുഭൂതി പകരും.

ഉടനെ ബന്ധപ്പെടുക:

**ഫാ. വിൻസെന്റ് പുതുശ്ശേരി**, സെന്റ് ആന്റണീസ് ചർച്ച്,
പഴൂർ, ചീരാൽ പി.ഒ., വയനാട് - 673 595
ഫോൺ: 09388431601, 04936-262741
E-mail: vincentpudussery@gmail.com
Website: www.cosmopilgrimage.com

# Pastoral Centre Programme



## February 2015

| | |
|---|---|
| 2-5 | Young Priests' Course |
| 7 | Zion |
| 7 | HDC –Exam |
| 8-11 | Marriage Preparation Course |
| 12 | CML – Regional Directors & Animators Meeting |
| 13-15 | HDC Paper Valuation |
| 15-19 | Zion Retreat |
| 19 | Bible Class |
| 21 | CMA Executive Team Training |
| 22 | HDC Viva |
| 22 | DCC Comprehensive Viva |
| 22 | CML Varshikam |
| 23 | Marian Singles |
| 27 | Lahari Vimuktha Samapana Convention |
| 28 | Meeting of Office Bearers of various associations |

**Fr. Mathew Periappuram**
Director, Pastoral Centre

# Bishop's Programme



***February 2015***

| | | |
|---|---|---|
| *1* | *Sun ..................* | *Bathery : Foundation Stone Laying of the new church* |
| *2* | *Mon Morning....* | *Blessing of Grotto, St. Camillus Seminary* |
| | *Afternoon......* | *Junior Priests' Course* |
| *3* | *Tue 5 Thu .........* | *Junior Priests' Course* |
| *6* | *Fri ..................* | *Out of Station* |
| *7* | *Sat ....................* | *Valavayal: Jubilee of Sisters* |
| *8* | *Sun ..................* | *Kartikulam: Parish Jubilee* |
| *9* | *Mon ................* | *Visitors' Day* |
| *10* | *Tue ..................* | *Nadavayal: Blessing of the Annex, CMC Provincial House* |
| *11* | *Wed .................* | *Valllikett: Blessing of the renovated church* |
| *12* | *Thu .................* | *Pullurampara: Bethania Convention* |
| *13* | *Fri ....................* | *Out of Station* |
| *14* | *Sat Morning.......* | *Pastoral Council* |
| | *Afternoon......* | *Kartikulam, Holy Mass.* |
| *16* | *Mon ................* | *Ash Monday* |
| *17* | *Tue .................* | *Engaged* |
| *18* | *Wed .................* | *Tellichery: Theological Commission Meeting* |
| *20* | *Fri ....................* | *Out of Station* |
| *21* | *Sat ..................* | *Engaged* |

| | | |
|---|---|---|
| *22* | *Sun ..................* | *Pastoral Centre: CML Anniversary* |
| *24* | *Tue .................* | *Thariode: School Anniversary* |
| *25* | *Wed ................* | *Visitors' Day* |
| *27* | *Fri ...................* | *Pastoral Centre: Lahari Vimuktha Varsham Conclusion* |
| *28* | *Sat ...................* | *Pastoral Centre: Meeting of the Office Bearers of Associations* |

***March 2015***

| | | |
|---|---|---|
| *1* | *Sun .................* | *Prasanthagiri: Pastoral Visit* |
| *2* | *Mon .................* | *Kommayad: Blessing of the newly constructed school building* |
| *3* | *Tue 4 Wed .........* | *Kakkanad* |
| *5* | *Thu ..................* | *Priests' Conference* |
| *6* | *Fri ...................* | *Out of Station* |
| *8* | *Sun ..................* | *Peria: Pastoral Visit* |
| *9* | *Mon ................* | *Visitors' Day* |
| *11* | *Wed 12 Thu .......* | *Tellichery: Meeting of the Bishops of the Malabar Region* |
| *13* | *Fri ...................* | *Out of Station* |
| *14* | *Sat ..................* | *Pastoral Centre: Samarpitha Sangamam* |
| *15* | *Sun ..................* | *Panavally: Pastoral Visit* |
| *20* | *Fri 21 Sat .........* | *Out of Station* |
| *22* | *Sun ..................* | *Karimbil: Pastoral Visit* |
| *23* | *Mon .................* | *Visitors' Day* |
| *24* | *Tue ..................* | *Consultors' Meeting* |
| *27* | *Fri ..................* | *Out of Station* |
| *28* | *Sat ..................* | *Thrikaipetta, Blessing of Sunday School* |
| *29* | *Sun .................* | *Cathedral: Palm Sunday* |
| *30* | *Mon .................* | *Minor Semiary, Minor Orders of Major Seminarians* |
| *31* | *Tue ...................* | *Engaged* |